05
ആഗസ്റ്റ് 2024
തിങ്കൾ
1446 മുഹറം 30
1199 കർക്കിടകം 21

ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/

# ഗൾഫ് ചന്ദ്രിക

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika

പേജ് 10
അബുദാബി

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം
Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal



08 വൻമതിലായി ശ്രീജേഷ്; ഹോക്കിയിൽ ഇന്ത്യ സെമിയിൽ




# ഒരുമിച്ചുറങ്ങി അവർ



- തിരിച്ചറിയാത്ത എട്ടു മൃതദേഹങ്ങൾ ഒരുമിച്ചു സംസ്കരിച്ചു
- കൂട്ടസംസ്കാരം നടന്നത് സർവ്വമത പ്രാർത്ഥനയോടെ

**പിറന്ന മണ്ണിൽ അലിഞ്ഞ്...**
ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിൽ തിരിച്ചറിയാത്ത മൃതദേഹങ്ങൾ 2019ലെ പുത്തുമല ദുരന്തം ഉണ്ടായ സ്ഥലത്ത് ഒരുമിച്ചു മറവുചെയ്യുന്നതിനു മുന്നോടിയായി സർവ്വമത പ്രാർത്ഥന നടത്തുന്നു
സി.കെ തൻസീർ

**കെ.എസ് മുസ്തഫ**
മേപ്പാടി

ഒരു നാടാകെ ഇല്ലാതാക്കിയ ഉരുൾപൊട്ടൽ ദുരന്തത്തിൽ മരിച്ച, തിരിച്ചറിയാൻ പോലും കഴിയാതെ പോയ മനുഷ്യർക്ക് ഒരുമിച്ച് അന്ത്യനിദ്രയൊരുക്കി പിറന്ന മണ്ണ്. 2019ൽ ഉരുൾപൊട്ടലുണ്ടായ പുത്തുമലക്ക് സമീപം ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലാണ് 32 കുഴിമാടങ്ങളൊരുക്കിയത്. ഇവിടെ ഇന്നലെ രാത്രിയോടെ എട്ടു പേരെ സർവ്വമത പ്രാർത്ഥനയോടെ സംസ്കരിച്ചു.

ദുരന്തത്തിൽ ബന്ധുക്കൾക്ക് തിരിച്ചറിയാൻ സാധിക്കാത്ത നിരവധി മൃതദേഹങ്ങളാണുള്ളത്. ഇവ പ്രത്യേക മാർഗനിർദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ക്കരിക്കുന്ന നടപടികളാണ് ഇന്നലെ തുടങ്ങിയത്. കാടുമൂടിക്കിടന്ന പ്രദേശം അതിവേഗത്തിലാണ് സന്നദ്ധപ്രവർത്തകർ വെട്ടിത്തെളിച്ച് നേരെയാക്കിയത്. വൈകിട്ട് നാല് മണിയോടെ മൃതദേഹങ്ങൾ മേപ്പാടി കമ്മ്യൂണിറ്റി ഹാളിൽ നിന്നും പുത്തുമലയിലേക്ക് എത്തിക്കുമെന്നായിരുന്നു വിവരം. എന്നാൽ നടപടിക്രമങ്ങൾ വൈകിയതിനാൽ രാത്രി എട്ടരക്ക് ശേഷമാണ് മൃതദേഹങ്ങൾ മേപ്പാടിയിൽ നിന്നും പുത്തുമലയിലേക്ക് കൊണ്ടുപോകാനായത്. അവശേഷിക്കുന്ന കൂടുതൽ മൃതദേഹങ്ങൾ ഇന്ന് സംസ്കരിച്ചേക്കും.

ഉരുൾപൊട്ടലിന്റെ പ്രഭവ കേന്ദ്രമായ പുഞ്ചിരിമട്ടത്ത് മനുഷ്യശരീരങ്ങൾക്കായുള്ള തിരച്ചിൽ അവസാനിപ്പിക്കുന്നു. പ്രദേശത്ത് റോഡുകൾ ശുചീകരിച്ചു. ഇവിടെ സ്കാനർ ഉപയോഗിച്ച് പരിശോധന നടത്തിയെങ്കിലും മൃതദേഹങ്ങളോ ശരീരഭാഗങ്ങളോ കണ്ടെത്താൻ കഴിയാതായതോടെയാണ് രക്ഷാപ്രവർത്തകർ തിരച്ചിൽ നിർത്താനൊരുങ്ങുന്നത്. നോവോടെയാണെങ്കിലും ജീവനറ്റ മനുഷ്യശരീരങ്ങൾക്ക് വേണ്ടിയുള്ള ഇനിയുള്ള തിരച്ചിലുകൾ ഉരുൾപൊട്ടൽ തകർത്തെറിഞ്ഞ ചൂരൽമല, മുണ്ടക്കൈ പ്രദേശങ്ങളെ കേന്ദ്രീകരിച്ചാവും. ഇന്നലെ മുണ്ടക്കൈയിൽ സിഗ്നൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ തിരച്ചിലിലും നിരാശയായിരുന്നു ഫലം. ചൂരൽമല ടൗൺ പ്രദേശത്ത് എട്ട് ഹിറ്റാച്ചികൾ ഉപയോഗിച്ച് തകർന്ന വീടുകളും വലിയ പാറകളും നീക്കി തിരച്ചിൽ നടത്തി.

ഇന്നലെ വൈകിട്ടു വരെ നടത്തിയ തിരച്ചിലിൽ ഈ ഭാഗങ്ങളിൽ നിന്ന് മൃതദേഹങ്ങളൊന്നും കിട്ടിയില്ല. താഴ്ഭാഗങ്ങളായ പരപ്പൻപാറയിൽ നിന്നും നിലമ്പൂരിൽ നിന്നുമായി രണ്ടു മൃതദേഹങ്ങൾ കണ്ടെടുത്തു. നിലമ്പൂരിൽ നിന്നും ഏഴും സൂചിപ്പാറ ഭാഗത്തുനിന്നും ഒന്നും ശരീരഭാഗങ്ങളാണ് ഇന്നലെ ലഭിച്ചത്. വടവഞ്ചാൽ വനമേഖലയായ പരപ്പൻപാറ ഭാഗത്ത് സൂചിപ്പാറയിൽ പാറയുടെ അടിയിൽ നിന്നും വനംവകുപ്പിനാണ് ഇന്നലെ മൃതശരീരം ലഭിച്ചത്. എയർലിഫ്റ്റ് ചെയ്താണ് മൃതദേഹം പുറത്തെത്തിച്ചത്. ഇതോടെ ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 359 ആയി.

മൃതശരീരങ്ങളും ശരീരഭാഗങ്ങളും തിരിച്ചറിയുന്നത്തിന് ശാസ്ത്രീയ പരിശോധനയ്ക്കായി ബന്ധുക്കളുടെ രക്തസാമ്പിൾ ശേഖരണം തുടങ്ങി.

## മുസ്‌ലിംലീഗ് നേതാക്കൾ ഇന്ന് വീണ്ടും വയനാട്ടിൽ

കൽപ്പറ്റ: ഉരുൾപൊട്ടൽ മഹാനാശം വിതച്ച വയനാട് ജില്ലയിലെ ചൂരൽമല, മുണ്ടക്കൈ പ്രദേശങ്ങൾ മുസ്‌ലിംലീഗ് ദേശീയ, സംസ്ഥാന നേതാക്കൾ ഇന്ന് സന്ദർശിക്കും. സംസ്ഥാന പ്രസിഡണ്ട് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ, ദേശീയ പ്രസിഡന്റ് പ്രൊ. ഖാദർ മൊയ്തീൻ, ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി, ട്രഷറർ പി.വി അബ്ദുൽ വഹാബ് എം.പി, സംസ്ഥാന ജനറൽ സെക്രട്ടറി പി.എം.എ സലാം എന്നിവരാണ് ജില്ലയിലെത്തുന്നത്. ദുരിത ബാധിതർ കഴിയുന്ന വിവിധ ക്യാമ്പുകളും നേതാക്കൾ സന്ദർശിക്കും.

## അന്നംമുടക്കി സർക്കാർ; പട്ടിണിയിലായി രക്ഷാപ്രവർത്തകർ

മേപ്പാടി: നൂറുകണക്കിന് പേരുടെ മരണത്തിനും അതിലുമെത്രയോ പേർക്ക് സർവ്വതും നഷ്ടമാവുകയും ചെയ്ത മുണ്ടക്കൈ ഉരുൾപൊട്ടലിൽ തിരച്ചിൽ നടത്തുന്ന രക്ഷാപ്രവർത്തകർക്ക് ഭക്ഷണം ലഭിച്ചില്ലെന്ന് പരാതി. രാവിലെ മുതൽ മുണ്ടക്കൈ, ചൂരൽമല മേഖലയിൽ രക്ഷാ പ്രവർത്തനം നടത്താൻ എത്തിയവരാണ് പട്ടിണിയിലായത്. കഴിഞ്ഞ ദിവസം അർധരാത്രി വരെ കള്ളാടി മസ്ജിദ് മുറ്റത്ത് ദുരന്തഭൂമിയിലെത്തിയ മുഴുവൻ മനുഷ്യർക്കും സൗജന്യമായി ഭക്ഷണം വിതരണം ചെയ്തിരുന്ന നാദാപുരം നരിപ്പറ്റ പഞ്ചായത്ത് യൂത്ത്‌ലീഗ് വൈറ്റ്ഗാർഡ് അംഗങ്ങളോട് ഭക്ഷണവിതരണം നിർത്തി ഒഴിഞ്ഞുപോവാൻ ആവശ്യപ്പെട്ടതിന് പിന്നാലെയായിരുന്നു സംഭവം.

കഴിഞ്ഞ ദിവസംവരെ വൈറ്റ് ഗാർഡും മറ്റും പ്രദേശത്ത് ഭക്ഷണവിതരണം നടത്തിയിരുന്നു. എന്നാൽ ഇന്നലെ മുതൽ ആരും ഭക്ഷണം നൽകേണ്ടതില്ലന്നും ജില്ലാഭരണകൂടം സജ്ജീകരണം ഒരുക്കിയിട്ടുണ്ടെന്നും കലക്ടർ അറിയിക്കുകയായിരുന്നു. പിന്നാലെ പൊലീസ് കള്ളാടി മഖാമിൽ സജ്ജീകരിച്ച യൂത്ത്‌ലീഗ് വൈറ്റ്ഗാർഡിന്റെ ലൈവ് കിച്ചൻ പൂട്ടിച്ചു. നിങ്ങളുടെ ഭക്ഷണം കിട്ടിയില്ലെങ്കിൽ ഒരുചുക്കുമില്ലെന്നായിരുന്നു ഡി.ഐ.ജി തോംസൺ ജോസ് യൂത്ത് ലീഗുകാരോട് പറഞ്ഞത്. മറ്റ് സന്നദ്ധ സംഘടനകൾ എത്തിച്ചിരുന്ന ഭക്ഷണവും പൊലീസ് തടഞ്ഞു. ഇതോടെ രാവിലെ മുതൽ മുണ്ടക്കൈയിലടക്കം തിരച്ചിൽ നടത്തിയവർ പട്ടിണിയിലായി. സർക്കാറോ ജില്ലാ ഭരണകൂടമോ ബദൽ സംവിധാനം ഏർപ്പെടുത്താതിരുന്നതാണ് കാര്യങ്ങൾ വഷളാക്കിയത്. പ്രതിഷേധത്തെതുടർന്ന് 11 മണിക്കാണ് മുണ്ടക്കൈയിൽ പ്രഭാതഭക്ഷണം എത്തിച്ചത്. എന്നാൽ 500 പേർ തിരച്ചിലിൽ പങ്കെടുക്കുമ്പോൾ 100 പേർക്കുള്ള ഭക്ഷണം മാത്രമാണ് എത്തിച്ചത്. ഇതോടെ വീണ്ടും പ്രതിഷേധം കനത്തു. പിന്നീട് ഏറെ വൈകി എത്തിച്ച ബ്രഡും ബിസക്കറ്റുമാവട്ടെ പൂത്ത നിലയിലായിരുന്നു. വിവാദമായതോടെ രക്ഷാപ്രവർത്തനം നടത്തുന്ന ആർക്കും ഭക്ഷണം നൽകുന്നതിന് തടസ്സമില്ലെന്ന് മന്ത്രി മുഹമ്മദ് റിയാസും മന്ത്രി രാജനും നിലപാട് തിരുത്തി. സർക്കാറിന്റേത് ദുരഭിമാനമാണെന്നും ദുരന്തഭൂമിയിൽ രക്ഷാ പ്രവർത്തനം നടത്തുന്നവർക്ക് ഭക്ഷണം എത്തിച്ചു കൊടുക്കൽ ഡിസാസ്റ്റർ റെസ്ക്യൂ മാനേജ്മെന്റിന്റെ ഏറ്റവും വലിയ അജണ്ടകളിൽ ഒന്നാണെന്നും പ്രതിപക്ഷ ഉപനേതാവ് പി.കെ കുഞ്ഞാലിക്കുട്ടി പ്രതികരിച്ചു.

## പാണ്ടിക്കാട് വവ്വാൽ സാമ്പിളിൽ ആന്റിബോഡി സാന്നിധ്യം



മലപ്പുറം: നിപ കേസ് റിപ്പോർട്ട് ചെയ്ത മലപ്പുറത്തെ പാണ്ടിക്കാട് നിന്നെടുത്ത വവ്വാൽ സാമ്പിളിൽ വൈറസിന്റെ ആന്റിബോഡി സാന്നിധ്യം കണ്ടെത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അഞ്ചു കിലോമീറ്റർ ചുറ്റളവിൽ നിന്നെടുത്ത വവ്വാൽ സാമ്പിളുകളിലാണ് ആന്റിബോഡി സാന്നിധ്യം കണ്ടെത്തിയത്. പഴംതീനി വവ്വാലുകളിൽ നിന്നെടുത്ത 27 സാമ്പിളുകളിൽ 6 എണ്ണത്തിലാണ് ആന്റിബോഡി കണ്ടെത്തിയത്. നിപ പ്രോട്ടോകോൾ പ്രകാരം ഇതുവരെ നടത്തിയ പരിശോധനകളിൽ സമ്പർക്കപ്പട്ടികയിലുള്ള എല്ലാവരുടേയും പരിശോധനാഫലങ്ങൾ നെഗറ്റീവാണ്.

## കരമനയാറിൽ കുടുംബത്തിലെ നാലുപേർ മുങ്ങി മരിച്ചു



കരമനയാറ്റിൽ മുങ്ങിമരിച്ച അനിൽകുമാർ, ആനന്ദ്, അമൽ

തിരുവനന്തപുരം: കരമനയാറ്റിൽ ഒരു കുടുംബത്തിലെ നാലുപേർ മുങ്ങി മരിച്ചു. കുളത്തൂർ സ്വദേശി അനിൽകുമാർ(50), മകൻ അമൽ(13), ബന്ധുക്കളായ അദ്വൈത്(22), ആനന്ദ്(25) എന്നിവരാണ് മരിച്ചത്. പറമ്പിൽ വളമിടാനെത്തിയപ്പോഴായിരുന്നു അപകടം. കുളത്തൂർ സ്വദേശികളായ അനിൽ കുമാറും മകൻ അമലും കുറച്ചു നാളുകളായി ആര്യനാട് വാടകക്ക് താമസിക്കുകയായിരുന്നു. ഇവരെ കാണാനാണ് ചേട്ടന്റെ മകൻ അദ്വൈതും സഹോദരിയുടെ മകൻ ആനന്ദും ആര്യനാട് എത്തിയത്. ഉച്ച കഴിഞ്ഞ് ആറിന് സമീപത്തെ പുരയിടത്തിൽ വളം ഇട്ട ശേഷം ഇവർ കരമനയാറ്റിൽ കുളിക്കാൻ ഇറങ്ങി. അനിൽ കുമാറിന്റെ സഹോദരിയുടെ മകൻ ആനന്ദ് വെള്ളത്തിൽ ഇറങ്ങിയപ്പോൾ മുങ്ങിത്താഴുകയായിരുന്നു. ആനന്ദിനെ രക്ഷിക്കാൻ ഇറങ്ങിയ മറ്റുള്ളവരും അപകടത്തിൽപെടുകയായിരുന്നു. ഐജി ഹർഷിത അത്തല്ലൂരിയുടെ ഡ്രൈവറാണ് അനിൽ കുമാർ. എസ്പിയും ഐജിയും ഉൾപ്പെടുന്ന പൊലീസ് സംഘം സംഭവ സ്ഥലത്തെത്തിയിട്ടുണ്ട്. മൃതദേഹം ഇൻക്വസ്റ്റ് നടപടികൾക്ക് ശേഷം മെഡിക്കൽ കോളേജ് ആശുപത്രി മോർച്ചറിയിലേക്ക് മാറ്റും.

**കലാപത്തീയിൽ വീണ്ടും ബംഗ്ലാദേശ്**

## 13 പൊലീസുകാരടക്കം 91 പേർ കൊല്ലപ്പെട്ടു

ധാക്ക: ചെറിയ ഇടവേളക്കു ശേഷം ബംഗ്ലാദേശിൽ വീണ്ടും ഷെയ്ഖ് ഹസീന സർക്കാറിനെതിരെ കലാപത്തീ. പ്രതിഷേധക്കാരും സുരക്ഷാ ഉദ്യോഗസ്ഥരും തെരുവിൽ ഏറ്റമുട്ടിയതിനെതുടർന്ന് വൻ ആൾനാശം. 13 പൊലീസുകാരടക്കം 91 പേരാണ് ഇന്നലെ കൊല്ലപ്പെട്ടത്. ഡസനിലധികം പേർക്ക് പരിക്കേറ്റു. പ്രധാനമന്ത്രിയുടെ രാജി ആവശ്യപ്പെട്ട് തെരുവിലിറങ്ങിയ ആയിരക്കണക്കിന് പ്രതിഷേധക്കാരെ പിരിച്ചുവിടാൻ പൊലീസ് ടിയർ ഗ്യാസും ഗ്രനേഡും പ്രയോഗിച്ചു. തലസ്ഥാനമായ ധാക്ക, വടക്കു കിഴക്കൻ ജില്ലകളായ ബോഗുര, രംഗ്പൂർ, പടിഞ്ഞാറൻ മേഖലയിൽ മഗുര, കിഴക്കൻ മേഖലയിൽ കോമില്ല, തെക്കൻ മേഖലയിൽ ബരിസാൽ, ഫെനി എന്നിവിടങ്ങളെല്ലാം യുദ്ധക്കളമായി മാറി. കലാപം മൂർച്ചിച്ചതോടെ ഇന്ത്യക്കാരോട് ബംഗ്ലാദേശ് വിടാൻ കേന്ദ്ര വിദേശകാര്യ മന്ത്രാലയം അഭ്യർത്ഥിച്ചു. അടിയന്തര സഹായത്തിന് ഹൈക്കമ്മീഷണറേറ്റിൽ ടോൾ ഫ്രീ സേവനവും ഏർപ്പെടുത്തി.



ബംഗ്ലാദേശ് തലസ്ഥാനമായ ധാക്കയിൽ കലാപക്കാർ തീയിട്ട വ്യാപാര സ്ഥാപനത്തിനു സമീപത്തു നിന്ന് ഓടി രക്ഷപ്പെടാൻ ശ്രമിക്കുന്നവർ

## ജനവാസ കേന്ദ്രത്തിലെത്തിയ കാട്ടാനകൾ കൃഷിനാശം വരുത്തി

കരുവാരകുണ്ട്: പട്ടാപകൽ കൽക്കുണ്ട് ആർത്തലക്കുന്ന് നഗറിലും പരിസരത്തും തമ്പടിച്ച കാട്ടാന കൂട്ടം വൻ കൃഷി നാശവും വീടുകൾ തകർക്കുകയും ചെയ്തു. ഞായറാഴ്ച വൈകുന്നേരം കൃഷി യിടത്തിലെത്തിയ കാട്ടാനകളാണ് കൃഷി നാശം വരുത്തിയത്. തങ്കമ്മയുടെ വീടിന്റെ ഒരു ഭാഗവും ബാത്ത് റൂമും കൃഷിയിടത്തിലെ വാഴകൾ ഒന്നാകെയും നാശം വരുത്തി. കാളി മുത്തുവിന്റെ വീടിനു സമീപം നിന്ന തെങ്ങ് ഒടിച്ച് വീടിന്റെ മുറ്റത്തേക്ക് തള്ളി. തെങ്ങ് വീടിനോട് ചാരിയാണ് നിലംപൊത്തിയത്. പറമ്പത്ത് നാണിയുടെ കമുങ്ങുകൾ ചവിട്ടിമെതിച്ച് ഭക്ഷണമാക്കി.

പ്രദേശത്തു ണ്ടായിരുന്നവരെ പ്രതികൂല കാലാവസ്ഥയെ തുടർന്ന് ടൗണിൽ പ്രവർത്തിക്കുന്ന ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റി പാർപ്പിച്ചിരുന്നു. ഞായറാഴ്ച ഉച്ചക്കു ശേഷം ക്യാമ്പിൽ നിന്നും വീടുകളിലെത്തിയപ്പോൾ കാട്ടാനകൾ വീടുകൾക്കു പരിസരത്തു തന്നെ നിലയുറപ്പിച്ചിരുന്നതായി ആർത്തല നിവാസികൾ പറഞ്ഞു. ഏറെ നേരത്തെ പരിശ്രമത്തിനൊടുവിലാണ് ഇവയെ കാടുകയറ്റിയത്. ആർത്തലക്കുന്നിൽ ജനവാസം ഇല്ലാതായതോടെ അവിടം കാട്ടാനകളുടെ വിഹാരകേന്ദ്രമായി മാറുകയായിരുന്നു.



ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ആഗസ്റ്റ് 05 തിങ്കൾ
ഗൾഫ് ചന്ദ്രിക

## വയനാട് ദുരന്തത്തിൽ അനാഥരായ കുട്ടികളെ അഹല്യ ഗ്രൂപ്പ് ദത്തെടുക്കും

അബുദാബി: വയനാട് മഹാ ദുരന്തത്തിൽ അകപ്പെട്ട് അനാഥരായ എല്ലാ കുട്ടികളെയും ദത്തെടുക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ച് അബുദാബി ആസ്ഥാനമായ അഹല്യ മെഡിക്കൽ ഗ്രൂപ്പ്. മാതാപിതാക്കളെ നഷ്ടപ്പെട്ട കുട്ടികളെ ഏറ്റെടുത്ത് എല്ലാവിധ സൗകര്യങ്ങളോടുകൂടി വളർത്തുമെന്നും അവർക്കു വേണ്ട വിദ്യാഭ്യാസം അവർ ആഗ്രഹിക്കുന്ന തലം വരെ നൽകുമെന്നും അഹല്യ മെഡിക്കൽ ഗ്രൂപ്പ് അറിയിച്ചു. അഹല്യ മെഡിക്കൽ ഗ്രൂപ്പിന്റെ പാലക്കാട് കാമ്പസിൽ പ്രവർത്തിച്ചു വരുന്ന അഹല്യ ചിൽഡ്രൻസ് വില്ലേജിലേക്കാണ് കുട്ടികളെ ദത്തെടുക്കാൻ തീരുമാനിച്ചിരിക്കുന്നത്. ഇതിനുവേണ്ടിയുള്ള നിയമപരമായ അനുവാദത്തിനായി കേരള സർക്കാരുമായും വയനാട് ജില്ലാ ഭരണകൂടവുമായും അഹല്യ മെഡിക്കൽ ഗ്രൂപ്പ് ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. അഹല്യ ചിൽഡ്രൻസ് വില്ലേജുമായി ബന്ധപ്പെടുവാൻ: എം.എസ് ശരത്: +91 9544000122.



### കറൻസി മൂല്യം

| | |
|---|---|
| 1 യു.എ.ഇ ദിർഹം | 22.81 ₹ |
| 1 ഒമാനി റിയാൽ | 217.80 ₹ |
| 1 സൗദി റിയാൽ | 22.31 ₹ |
| 1 ഖത്തർ റിയാൽ | 23.18 ₹ |
| 1 കുവൈത്ത് ദിനാർ | 277.12 ₹ |
| 1 ബഹ്റൈൻ ദിനാർ | 224.40 ₹ |




### സ്വർണവില

(ഗ്രാമിന്-ദിർഹം)

| | |
|---|---|
| 24 കാരറ്റ് | 296.00 |
| 22 കാരറ്റ് | 274.00 |
| 21 കാരറ്റ് | 265.25 |
| 18 കാരറ്റ് | 227.25 |

ഗൾഫ് വാർത്തകൾ




### വിമാനക്കൊള്ളക്ക് പിന്നാലെ വൈകിപ്പറക്കുന്നു

# പ്രവാസികളെ വട്ടംകറക്കി വിമാനക്കമ്പനികൾ

ഗഫൂർ ബേക്കൽ
ഷാർജ

യാത്രക്കാരെ ദുരിതത്തിലാക്കി ഗൾഫ് സെക്റ്ററിലെ വിമാനങ്ങളുടെ വൈകി പറക്കൽ തുടരുന്നു. ഇന്നലെ രാവിലെ മംഗലാപുരം വിമാനത്താവളത്തിൽ നിന്നും പുറപ്പെടേണ്ടിയിരുന്ന എയർ ഇന്ത്യ എക്സ്പ്രസ് വിമാനം അനിശ്ചിതമായി വൈകിയത് മംഗലാപുരം വിമാനത്താവളത്തിൽ ബഹളത്തിന് കാരണമായി. ശനിയാഴ്ച രാത്രിയിലെ നെടുമ്പാശേരി ദുബൈ വിമാനം റദ്ദാക്കിയത് നെടുമ്പാശേരി വിമാനത്താവളത്തിൽ രംഗം വഷളാക്കി. യാത്രക്കാരെ ശാന്തരാക്കാൻ പോലീസ് ഇടപെടേണ്ടി വന്നു. മംഗലാപുരത്ത് നിന്നും ഇന്നലെ രാവിലെ 9:10നാണ് ദുബൈയിലേക്കുള്ള കത 383 വിമാനം പറന്നുയരേണ്ടിയിരുന്നത്. യാത്രക്ക് തയ്യാറായി പുലർച്ചെയോടെ മുഴുവൻ യാത്രക്കാരും എയർപോർട്ടിലുമെത്തി. ബോർഡിങ് പാസ് കൈപറ്റി, എമിഗ്രേഷൻ നടപടികൾ പൂർത്തിയാക്കുന്ന സമയത്തും വിമാനം വൈകുന്നത് സംബന്ധിച്ച യാതൊരു സൂചനയും നൽകിയിരുന്നില്ല. എന്നാൽ പാസ്പോർട്ട് പരിശോധനയൊക്കെ കഴിഞ്ഞ് വിമാനത്തിൽ കയറാനായി കാത്തിരിക്കുന്നതിനിടെയാണ് വിമാനം വൈകുന്ന വിവരം സ്ക്രീനിൽ തെളിഞ്ഞത്. 9:10ന് പകരം 9:20ന്. അൽപ്പം കഴിഞ്ഞപ്പോൾ ടൈക്കോഫ് 10 മണിക്കാണ് എന്നായി. പിന്നീട് 10:45ന് പുറപ്പെടുമെന്നും തിരുവനന്തപുരത്തേക്ക് പോയി അവിടെ നിന്നും മറ്റൊരു വിമാനത്തിൽ ദുബൈയിലേക്ക് കൊണ്ട് പോകുമെന്ന് അറിയിച്ച് ജീവനക്കാരനെത്തി. അതോടെ യാത്രക്കാർ ക്ഷുഭിതരായി. ദുബൈയിലേക്കുള്ള വിമാനത്തിൽ അല്ലാതെ ഞങ്ങൾ കയറില്ല എന്ന് യാത്രക്കാർ ഒറ്റക്കെട്ടായി തറപ്പിച്ചു പറഞ്ഞു. രംഗം ബഹളമയമായതോടെ എയർപോർട്ടിലെ ഉന്നത ഉദ്യാഗസ്ഥൻ പ്രശ്നം പരിഹരിക്കാൻ നേരിട്ടെത്തി യാത്രക്കാരുമായി സംസാരിച്ചു. വിമാനത്തിന് യന്ത്ര തകരാറാണെന്നും രണ്ട് മണിക്ക് മുംബൈയിൽ നിന്നുമെത്തുന്ന വിമാനത്തിൽ യന്ത്രഭാഗം കൊണ്ട് വരുമെന്നും അരമണിക്കൂറിനകം റിപ്പയറിങ് ജോലി തീർക്കാൻ പറ്റുമെന്നും അത് കഴിഞ്ഞ ഉടനെ ദുബൈയിലേക്ക് നേരിട്ടുള്ള വിമാനത്തിൽ തന്നെ പുറപ്പെടാമെന്നും അദ്ദേഹം ഉറപ്പു നൽകി. അവസാനം വൈകുന്നേരം അഞ്ച് മണിയോടടുത്താണ് വിമാനം എയർപോർട്ട് വിട്ടത്.

സ്ത്രീകളും കുട്ടികളുമടക്കമുള്ള യാത്രക്കാർ ഏതാണ്ട് എട്ടര മണിക്കൂറിലധികമാണ് എയർപോർട്ടിൽ കുടുങ്ങിക്കിടന്നത്. കൃത്യ സമയത്ത് എത്താൻ പുലർച്ചെ തന്നെ വീട്ടിൽ നിന്നും പുറപ്പെട്ടവരായിരുന്നു മിക്കവരും. വീൽ ചെയറിലെത്തിയ രോഗിയും അമ്മയും കൈകുഞ്ഞും യാത്രക്കാരുടെ കൂട്ടത്തിലുണ്ടായിരുന്നു. എമിഗ്രേഷൻ നടപടികൾ കഴിഞ്ഞതിനാൽ ഈ സമയമത്രയും ഏയർപോർട്ടിനകത്ത് തന്നെ കഴിച്ച് കൂട്ടേണ്ട അവസ്ഥയായി. നേരാംവണ്ണം ഭക്ഷണമോ വെള്ളമോ കിട്ടാത്തത് കാരണമുള്ള പ്രയാസങ്ങൾ വേറെ. കൊച്ചി ദുബൈ സ്പൈസ് ജെറ്റ് വിമാനം പുറപ്പെടുന്നതിലെ അനിശ്ചിതത്വം സംബന്ധിച്ച് ഒരു അറിയിപ്പും യാത്രക്കാർക്ക് നൽകിയിരുന്നില്ല. ശനിയാഴ്ച രാത്രി 11:30 ആണ് പുറപ്പെടുന്ന സമയം. യാത്രക്കാർ വിമാനത്താവളത്തിലെത്തിയ ശേഷമാണ് വിമാനം വൈകുമെന്ന അറിയിപ്പ് നൽകിയത്. സമയം മാറ്റിയും വീണ്ടും പുനർ നിശ്ചയിച്ചുമുള്ള അറിയിപ്പുകൾ വന്നു കൊണ്ടേയിരുന്നു. വാക്കു തർക്കങ്ങൾക്കും ബഹളങ്ങൾക്കുമിടെ ഇന്നലെ രാവിലെ 7:30ന് വിമാനം യാത്ര റദ്ദാക്കി എന്ന് അറിയിച്ചു. ഇവിടെയും യന്ത്ര തകരാർ തന്നെയാണ് കാരണം പറഞ്ഞത്. വിമാനം റദ്ദാക്കിയതോടെ ബഹളം കയ്യാങ്കളിയായി മാറി. ഇതോടെ പോലീസ് ഇടപെടുകയായിരുന്നു. ഇത്തരത്തിൽ എയർ ഇന്ത്യ എക്സ്പ്രസ്, സ്പൈസ് ജെറ്റ് ഉൾപ്പെടെയുള്ള ഇന്ത്യൻ വിമാനങ്ങളുടെ റദ്ദ് ചെയ്യലും വൈകി പറക്കലും ഗൾഫ് പ്രവാസികൾക്ക് തെല്ലൊന്നുമല്ല പ്രയാസം സൃഷ്ടിക്കുന്നത്. ഈ വിഷയം ലോക്സഭയിലും രാജ്യ സഭയിലും കേരളത്തിൽ നിന്നുള്ള എം.പിമാർ ഉന്നയിക്കുകയും ചർച്ചയാവുകയും ചെയ്തിട്ടും ഒരു മാറ്റവും പ്രകടമാവുന്നില്ല.

### ടിക്കറ്റെടുക്കുമ്പോൾ സീറ്റില്ല, വിമാനത്തിലെത്തിയാൽ ആളില്ല

**വേഗത്തിൽ ടിക്കറ്റെടുക്കാൻ പ്രേരിപ്പിക്കുന്നത് സൈറ്റിൽ 'സീറ്റ് ഫുൾ' എന്ന ഡിമാന്റ് കാണിച്ച്**

ഷാർജ: ടിക്കറ്റ് തിരയുമ്പോൾ സൈറ്റിൽ തെളിയുന്നതും ട്രാവൽ ഏജൻസി ഓഫീസിൽ നിന്ന് നൽകുന്നതും ഇനി ആകെ രണ്ട് സീറ്റ് മാത്രം ബാക്കി എന്ന വിവരം. പക്ഷേ വിമാനത്തിൽ കയറാനെത്തിയത് ആകെ നൂറിനടുത്ത് യാത്രക്കാർ മാത്രവും. നിരവധി ഒഴിഞ്ഞ സീറ്റുകളുമായാണ് വൈകുന്നേരം IX 383 വിമാനം മംഗലാപുരത്ത് നിന്നും പറന്നുയർന്നത് എന്നും യാത്രക്കാർ പറഞ്ഞു. ഇത്തരത്തിൽ കൃത്രിമമായി സീറ്റ് ക്ഷാമം പറഞ്ഞ് ടിക്കറ്റ് ചാർജ് വൻതോതിൽ ഉയർത്തുകയാണ് വിമാന കമ്പനി അധികൃതർ ചെയ്യുന്നത്. ഒരാഴ്ച മുമ്പ് ടിക്കറ്റിന് ശ്രമിച്ചവർക്ക് പോലും 'ബാക്കി രണ്ട് സീറ്റ് മാത്രേ ഉള്ളൂ, പെട്ടെന്ന് തന്നെ ടിക്കറ്റ് എടുത്തോളൂ' എന്ന മറുപടിയാണ് ട്രാവൽ ഏജൻസി ഓഫീസിൽ നിന്നും യാത്രക്കാർക്ക് ലഭിച്ചത്. അതേസമയം, സീറ്റുകൾ നിറക്കാൻ ഒരേ റൂട്ടിൽ രണ്ട് സമയങ്ങളിലായി പറക്കുന്ന രണ്ട് വിമാനങ്ങളിലെ യാത്രക്കാരെ ഒറ്റ വിമാനത്തിൽ തിരുകി കയറ്റാൻ നടത്തുന്ന തന്ത്രമാണ് അടിക്കടിയുണ്ടാവുന്ന 'യന്ത്രത്തകരാറ്' കാരണം പറച്ചിലെന്നും പരക്കെ ആക്ഷേപം ഉയർന്നിട്ടുണ്ട്. സീറ്റുകൾ ഒഴിച്ചിട്ട് രണ്ട് വിമാനങ്ങൾ പറത്തുന്നതിന് പകരം ഇരു വിമാനങ്ങളിലെയും യാത്രക്കാരെ ഒന്നിച്ച് ഒറ്റ വിമാനത്തിൽ അയക്കുന്നതിലൂടെ ലഭിക്കുന്ന ലാഭത്തിലാണ് വിമാന കമ്പനികളുടെ കണ്ണ്. ഇതുമൂലം സമയ നഷ്ടത്തിന് പുറമെ പലവിധ മാനസിക സമ്മർദത്തിലാവുകയും ചെയ്യുന്നത് വൻതുക നൽകി ടിക്കറ്റെടുത്ത് കാലേകൂട്ടി എയർപോർട്ടിലെത്തുന്ന യാത്രക്കാരും.

## ആകാശത്ത് വർണ വിസ്മയക്കാഴ്ച യുഎഇയിൽ ഉൽക്കവർഷം 12ന്

ഷാർജ: ആകാശത്ത് വർണവിസ്മയക്കാഴ്ചയൊരുക്കി ഈ മാസം 12 ന് യുഎഇയിൽ ഉൽക്കവർഷം ദൃശ്യമാകും. വർഷം തോറും പെയ്തിറങ്ങുന്ന പെഴ്സീയിഡ്സ് ഉൽക്കകൾ 12ന് അർധരാത്രി മുതൽ പുലർച്ചെ 3 വരെ ചന്ദ്രവെളിച്ചമില്ലാത്ത ആകാശത്ത് കൂടുതൽ ശോഭയോടെ ദൃശ്യമാകും. ഈ പ്രതിഭാസത്തിൽ മണിക്കൂറിൽ 50 മുതൽ 100 ഉൽക്കകൾ വരെയാണ് ആകാശത്ത് മിന്നിമറയുക. വർഷത്തിലെ ദീർഘവും വ്യക്തവുമായ ഉൽക്ക വർഷമാണ് ഇത്തവണ ആകാശത്ത് തെളിയുക. ജൂലൈ പകുതി മുതൽ ആഗസ്റ്റ് അവസാനം വരെ ഉൽക്കാവർഷം സജീവമാണെങ്കിലു 12ന് രാത്രിയിലും പിറ്റേന്ന് രാവിലെയുമാണ് അത് ഏറ്റവും തീവ്രമാകുന്നത്. ഭൂമിയിൽ എല്ലായിടത്തും ഉൽക്കവർഷം ദൃശ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഉൽക്ക വർഷം കാണാൻ വിപുലമായ സൗകര്യം ഒരുക്കിയതായി ഷാർജ മെലീഹ അർക്കിയോളജിക്കൽ സെന്റർ അറിയിച്ചു. ഷാർജ മെലീഹ ക്യാംപ് സൈറ്റിൽ വൈകുന്നേരം വൈകുന്നേരം 7 മണി മുതൽ പുലർച്ചെ വരെ ഉൽക്കവർഷം കാണാൻ സൗകര്യമൊരുക്കും. മരുഭൂമിയുടെ നടുവിൽ ഏറ്റവും അനുയോജ്യമായ പ്രദേശമാണ് ആകാശ പഠനത്തിനായി തയ്യാറാക്കുന്നത്. സന്ദർശകർക്ക് ദൂരദർശിനിയിലൂടെ ഉൽക്ക വർഷം കാണുന്നതിനുള്ള സംവിധാനവും ഇവിടെ ഒരുക്കും.



## പൊതുമാപ്പ് അപേക്ഷകൾ പരിശോധിക്കാൻ എഐ

FEDERAL AUTHORITY FOR IDENTITY, CITIZENSHIP, CUSTOMS & PORT SECURITY

ദുബൈ: യുഎഇയിൽ പുതുതായി പ്രഖ്യാപിച്ചിട്ടുള്ള പൊതുമാപ്പിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിക്കാൻ നിർമിത ബുദ്ധി ഉപയോഗിക്കുമെന്ന് ഐസിപി അറിയിച്ചു. അപേക്ഷകൾ തരം തിരിക്കുന്നതിനും നിയമ ലംഘനം അനുസരിച്ചു വേർതിരിക്കുന്നതിനുമാണ് എഐ സഹായം ഉപയോഗിക്കുക. ഉദ്യോഗസ്ഥ, ഭരണനിർവഹണ രംഗത്തെ കാലതാമസം ഒഴിവാക്കാനും പൊതുമാപ്പ് നടപടികൾ ലളിതമാക്കാനും എഐ സാങ്കേതിക സഹായം പ്രയോജനപ്പെടുമെന്നു ഐസിപി ആക്ടിങ് ഡയറക്ടർ മേജർ ജനറൽ സുഹൈൽ ജുമാ അൽ ഖൈലി പറഞ്ഞു. സെപ്റ്റംബർ 1 മുതലാണ് പൊതുമാപ്പ്. വിസ കാലാവധി കഴിഞ്ഞിട്ടും യുഎഇയിൽ തുടരുന്നവർക്ക് പിഴയോ മറ്റു നിയമനടപടിയോ ഇല്ലാതെ വിസയിലേക്ക് മാറാനോ രാജ്യം വിടാനോ അനുമതി നൽകുന്നതാണ് പൊതുമാപ്പ്. ഇതിനായി രണ്ട് മാസത്തെ ഇളവാണ് അനുവദിച്ചിരിക്കുന്നത്.

## മാധ്യമ പ്രവർത്തകർ സംരക്ഷിക്കപ്പെടണമെന്ന് അറബ് ജേണലിസ്റ്റ് ഫെഡറേഷൻ

റഷീദ് പയന്തോങ്ങ്
കുവൈത്ത് സിറ്റി

റിപ്പോർട്ട് ചെയ്യപ്പെടുന്ന വാർത്തകളുടെ യാഥാർത്ഥ്യത്തെ നിശബ്ദമാക്കാനും മറയ്ക്കാനുമുള്ള ശ്രമങ്ങളിൽ നിന്ന് ഫലസ്തീൻ, ലെബനൻ, സുഡാൻ എന്നിവിടങ്ങളിലെ മാധ്യമപ്രവർത്തകരെ സംരക്ഷിക്കണമെന്ന് അറബ് ജേണലിസ്റ്റ് ഫെഡറേഷൻ (എഫ്എജെ) അന്താരാഷ്ട്ര സമൂഹത്തോട് ആവശ്യപ്പെട്ടു. ഫലസ്തീനിലെ മാധ്യമപ്രവർത്തകർക്കെതിരായ നഗ്നമായ ആക്രമണങ്ങളെ എഫ്എജെ അപലപിച്ചു, ഇസ്രായേൽ അധിനിവേശ ഭരണകൂടത്തിന്റെ ക്രൂരതകൾക്ക് സാക്ഷ്യം വഹിക്കുന്ന ഈ മാധ്യമപ്രവർത്തകർ ഇസ്രായേൽ സേനയുടെയും കുടിയേറ്റക്കാരുടെയും ലക്ഷ്യങ്ങളായി മാറിയെന്നും സത്യാന്വേഷണത്തിൽ പലപ്പോഴും ഗുരുതരമായ അപകടസാധ്യതകൾ നേരിടുന്നുണ്ടെന്നും പ്രസ്താവനയിൽ പറഞ്ഞു. സ്ഥിതിവിവരക്കണക്കുകൾക്കപ്പുറം രക്തരൂക്ഷിതമായ ദുരന്തങ്ങളും ഹൃദയം തകർക്കുന്ന മനുഷ്യകഥകൾ പങ്കുവെച്ചുകൊണ്ട് ഫലസ്തീൻ ജനതയുടെ, പ്രത്യേകിച്ച് പത്രപ്രവർത്തകരുടെ ദുരവസ്ഥ ഉയർത്തിക്കാട്ടാൻ അറബ് മാധ്യമ സ്ഥാപനങ്ങളോട് ഫെഡറേഷൻ അഭ്യർത്ഥിച്ചു. ഇസ്രായേൽ സേനയിൽ നിന്ന് തങ്ങൾക്കും കുടുംബങ്ങൾക്കും ദിവസേനയുള്ള ഭീഷണികളും അപകടങ്ങളും അവഗണിച്ച് ജോലി തുടരുന്ന ഫലസ്തീൻ പത്രപ്രവർത്തകരുടെ ധീരതയെയും നിശ്ചയദാർഢ്യത്തെയും എഫ്എജെ അഭിനന്ദിച്ചു. തെക്കൻ ലെബനനിലെ മാധ്യമപ്രവർത്തകർ അഭിമുഖീകരിക്കുന്ന അപകടകരമായ സാഹചര്യങ്ങൾ പ്രസ്താവന എടുത്തുകാട്ടുന്നു, ഇസ്രായേൽ അധിനിവേശ ശക്തികൾ അന്തർദേശീയ രാഷ്ട്രീയ സങ്കീർണതകൾക്കിടയിൽ മാധ്യമങ്ങളെ കൂടുതലായി ലക്ഷ്യമിടുന്നു.

വളരെ കഠിനവും മനുഷ്യത്വരഹിതവുമായ സാഹചര്യങ്ങളിൽ പ്രവർത്തിക്കുന്ന സുഡാനീസ് പത്രപ്രവർത്തകർക്ക് ഫെഡറേഷൻ പൂർണ പിന്തുണയും ഐക്യദാർഢ്യവും അറിയിച്ചു. മോഷണവും തട്ടിക്കൊണ്ടുപോകലും ഉൾപ്പെടെ നൂറുകണക്കിന് സുഡാനീസ് മാധ്യമപ്രവർത്തകർക്ക് നേരെയുണ്ടായ ആക്രമണത്തെ അപലപിച്ച പ്രസ്താവന 12 മാധ്യമപ്രവർത്തകർ അവരുടെ തൊഴിൽ കാരണം നേരിട്ട് ടാർഗെറ്റുചെയ്യപ്പെട്ടുവെന്ന് ചൂണ്ടിക്കാട്ടി. സുഡാനിലെ നിരവധി മാധ്യമ ഓഫീസുകൾ നശിപ്പിച്ചതായി എഫ്എജെ റിപ്പോർട്ട് ചെയ്തിരുന്നു. ഏകദേശം 1000 സുഡാനീസ് പത്രപ്രവർത്തകർ നിലവിൽ തൊഴിലില്ലാത്തവരാണെന്നും അവർ രാജ്യത്തെ സജീവ പത്രപ്രവർത്തകരുടെ പകുതിയോളം പേരെ പ്രതിനിധീകരിക്കുന്നവരാണെന്നും പ്രസ്താവന വ്യക്തമാക്കി.

## വിനോദ സഞ്ചാരികൾ ഭയപ്പെടേണ്ട നിങ്ങൾക്കൊപ്പം പൊലീസ് കണ്ണുണ്ട്




ദുബൈ: വിനോദ സഞ്ചാരികൾക്ക് ഒട്ടും ഭയം വേണ്ട. നിങ്ങൾക്കൊപ്പം ദുബൈ പൊലീസ് സുരക്ഷാകണ്ണുകൾ ഒരുക്കുന്നു. വിനോദസഞ്ചാരികൾക്ക് സുരക്ഷയൊരുക്കാൻ പുതിയ സംവിധാനം ആരംഭിച്ചിരിക്കുകയാണ് ദുബൈ പൊലീസ്. സഞ്ചാരികൾക്ക് ഏതെങ്കിലും വിധത്തിലുള്ള പരാതികളുണ്ടെങ്കിൽ ടൂറിസ്റ്റ് പൊലീസുമായി നേരിട്ടു ബന്ധപ്പെടാനുള്ള സൗകര്യമാണ് ദുബൈ പൊലീസ് തയ്യാറാക്കിയിരിക്കുന്നത്.

901 എന്ന നമ്പരിൽ വിളിച്ചോ പൊലീസിന്റെ ഡിജിറ്റ് ആപ് ഉപയോഗിച്ചോ ടൂറിസ്റ്റ് പൊലീസുമായി ബന്ധപ്പെടാം. വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികൾ മോശം പെരുമാറ്റം നേരിടുകയോ, മോഷണം പോലുള്ള കുറ്റകൃത്യങ്ങളിൽ ഇരയാകുകയോ ചെയ്താൽ ഉടൻ അധികൃതരെ അറിയിക്കാനാണ് നിർദേശം. ദുബൈയിലെത്തുന്ന വിനോദസഞ്ചാരികളുടെ സുരക്ഷ കൂടുതൽ ശക്തമാക്കിയിരിക്കുകയാണ് പൊലീസ്. എമിറേറ്റിലെത്തുന്നവർ വിലപിടിപ്പുള്ള വസ്തുക്കൾ സൂക്ഷിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കേന്ദ്രങ്ങളിൽ മാത്രമേ നൽകാവൂ എന്നും മറ്റാരെയെങ്കിലുമോ അനധികൃത സ്ഥലങ്ങളിലോ ഏൽപ്പിക്കരുതെന്നും പൊലീസ് അറിയിച്ചു. അതോടൊപ്പം ഏതു തരം ചൂഷണം നേരിട്ടാലും ടൂറിസം പൊലീസുമായി നേരിട്ട് ബന്ധപ്പെടാനും നിർദേശമുണ്ട്.

## അയൽരാജ്യങ്ങളെ അക്രമിക്കാൻ ഇടമനുവദിക്കില്ലെന്ന് കുവൈത്ത് ആഭ്യന്തര മന്ത്രാലയം

കുവൈത്ത് സിറ്റി: അയൽ രാജ്യങ്ങൾക്കെതിരായ ആക്രമണത്തിനുള്ള ലോഞ്ച്പാഡായി കുവൈത്ത് മാറില്ലെന്ന് പ്രതിരോധ മന്ത്രാലയ വക്താവ് കേണൽ ഹമദ് അൽസഖർ വ്യാഴാഴ്ച പറഞ്ഞു. അയൽക്കാർക്കും സഖ്യകക്ഷികൾക്കുമെതിരായ സൈനിക പ്രവർത്തനങ്ങൾ നടത്താൻ രാജ്യത്തിന്റെ ഭൂമിയോ വ്യോമാതിർത്തിയോ ഉപയോഗിക്കാൻ കുവൈറ്റ് അധികൃതർ അനുവദിക്കില്ലെന്ന് അദ്ദേഹം സൈനിക പ്രസ്താവനയിൽ പറഞ്ഞു.അല്ലാത്തതായി ആരോപിക്കുന്ന റിപ്പോർട്ടുകളുടെ ആധികാരികത അദ്ദേഹം നിഷേധിച്ചു.

### വയനാട്ടിൽ വീടുകൾ നഷ്ടപ്പെട്ടവർക്ക്

## താൽകാലിക താമസമൊരുക്കാൻ പദ്ധതിയുമായി പ്രവാസി കൂട്ടായ്മ



പ്രവാസി കൂട്ടായ്മ ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ

ദുബൈ: പ്രവാസികളുടെ പിന്തുണയോടെ വയനാട് ദുരിതബാധിതർക്ക് താൽകാലികമായി താമസിക്കാൻ വീടുകൾ നൽകാനുള്ള പദ്ധതിയൊരുക്കി പ്രവാസി കൂട്ടായ്മ. ദുബൈയിലുള്ള പ്രവാസികളുടെ കൂട്ടായ്മയാണ് സപ്പോർട്ട് വയനാട് ഡോട്ട് കോം എന്ന ആപ്പിലൂടെ ഈ സംരംഭം ഒരുക്കിയിരിക്കുന്നത്. ഭവനരഹിതർക്ക് സ്ഥിരം വീടുകൾ പണിയുന്നത് വരെയുള്ള കാലയളവിൽ താൽകാലികമായി താമസമൊരുക്കുകയാണ് ലക്ഷ്യമെന്ന് ഇവർ വ്യക്തമാക്കി. പ്രവാസികളുടെ നിരവധി വീടുകൾ നാട്ടിൽ ഒഴിഞ്ഞുകിടക്കുന്നുണ്ട്.

നിലവിൽ വീടില്ലാതെ ബുദ്ധിമുട്ടുന്നവർക്ക് താൽകാലികമായി താമസമൊരുക്കാൻ പ്രവാസികളും നാട്ടിലുള്ളവരും തയ്യാറായ സാഹചര്യത്തിലാണ് കേരള സർക്കാരിന്റെ മേൽനോട്ടത്തോടെ ഈ പദ്ധതി ആവിഷ്കരിക്കുന്നതെന്ന് മുനീർ അൽ വഫാ, എ.എസ് ദീപു, ഫൈസൽ മുഹമ്മദ്, അമൽഗീരീഷ് എന്നിവർ ദുബൈയിൽ അറിയിച്ചു. നാട്ടിൽ ഒഴിഞ്ഞ് കിടക്കുന്ന വീടുകൾ, ഫ്ളാറ്റുകൾ, ഹോട്ടലുകൾ, കാർട്ടേസുകൾ എന്നിവ ഉപയോഗിച്ച് താൽക്കാലിക താമസ സൗകര്യങ്ങൾ നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഒരു തരത്തിലുമുള്ള സംഭാവനകളും ശേഖരിക്കുന്നില്ല. പകരം, എല്ലാം നഷ്ടപ്പെട്ടവർക്കായി ഉപയോഗിക്കാൻ അവരുടെ പ്രോപ്പർട്ടികളും താമസസ്ഥലങ്ങളും താൽകാലികമായി നൽകാൻ തയ്യാറുള്ള വ്യക്തികളുടെ പിന്തുണയിലൂടെയാണ് ഈ പദ്ധതി നടപ്പാക്കുക. ആപ്പിലൂടെ ശേഖരിക്കുന്ന ഡാറ്റ സംസ്ഥാന സർക്കാരിന് കൈമാറും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയായിരിക്കും സർക്കാർ ആവശ്യക്കാർക്ക് വീടുകൾ കൈമാറുക.

വീട് ഏറ്റെടുക്കുന്നുതും കൈമാറുന്നതും താമസക്കാരെ എത്തിക്കുന്നതും രേഖാമൂലമുള്ള നടപടികളെല്ലാം ചെയ്യുന്നത് സർക്കാർ സംവിധാനത്തിലൂടെ മാത്രമായിരിക്കും. വീടുകൾ നൽകാൻ തയാറായവരുടെ ഡാറ്റ ശേഖരിച്ച് സർക്കാരിന് കൈമാറുക മാത്രമായിരിക്കും ഈ കൂട്ടായ്മ ചെയ്യുന്നതെന്നും അവർ വ്യക്തമാക്കി. വീട് ഏത് ജില്ലയിലാണെന്നും എത്രപേർക്ക് താമസിക്കാൻ കഴിയുമെന്നും എത്ര കാലം വരെ വീട് നൽകാൻ കഴിയുമെന്നുമുള്ള വിവരങ്ങൾ ഈ ആപ്പിലൂടെ രേഖപ്പെടുത്താൻ കഴിയും. ശേഖരിക്കുന്ന വിവരങ്ങളുടെ സ്വകാര്യതയും സുരക്ഷയും ഉറപ്പുവരുത്തിയിട്ടുണ്ടെന്നും സർക്കാർ ഏജൻസിക്ക് മാത്രമേ ഇതിലെ വിവരങ്ങൾ കൈമാറുകയുള്ളുവെന്നും കൂട്ടായ്മ വ്യക്തമാക്കി. നാട്ടിലുള്ള എൻ.ജി.ഒകളും സന്നദ്ധ സംഘടനകളും ഈ പദ്ധതിക്ക് പിന്തുണ അറിയിച്ചിട്ടുണ്ട്. ഇവിടെ താമസത്തിനെത്തുന്നവർക്കുള്ള മെഡിക്കൽ സേവനങ്ങൾ പ്രവാസി കൂട്ടായ്മ ഒരുക്കും. ഭക്ഷണവും മറ്റു സൗകര്യങ്ങളുമൊരുക്കാൻ നാട്ടിലുള്ള നിരവധി സംഘടനകൾ തയ്യാറാണെന്നും അറിയിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ പങ്കാളികളാവാൻ തയ്യാറുള്ള പ്രവാസികൾക്കും നാട്ടിലുള്ളവർക്കും support wayanad.com എന്ന ആപ്പ് ഉപയോഗിച്ച് വിവരങ്ങൾ നൽകാൻ കഴിയും.

## ആത്മബലം പകർന്ന് കെഎംസിസി നേതാക്കൾ



കുവൈത്ത് കെഎംസിസി ഭാരവാഹികൾ വയനാട് സന്ദർശിക്കുന്നു

കുവൈത്ത് സിറ്റി: ജീവിതം മുന്നോട്ടു കൊണ്ടുപോകാനുള്ള ആത്മബലം പകർന്ന് നൽകി കെഎംസിസി സന്ദർശക സംഘം. മനുഷ്യമനസാക്ഷിയെ പിടിച്ചുലച്ച ദുരന്തക്കാഴ്ച്ചകൾ. മലവെള്ളപ്പാച്ചിലിൽ സർവം നഷ്ടമായ ഒരു ഗ്രാമം. തകർന്നടിഞ്ഞ ദുരിതഭൂമികയിൽ നിന്നും മാറി താൽക്കാലിക കേന്ദ്രങ്ങളിൽ കഴിയുന്ന മുണ്ടക്കൈ ഗ്രാമവാസികളുടെ ഭീതിയും ഞെട്ടലും ഇപ്പോഴും വിട്ടൊഴിഞ്ഞിട്ടില്ല. കുടുംബാംഗങ്ങൾ നഷ്ടപെട്ട ഹതഭാഗ്യർ,ഗുരുതര പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന അവരുടെ ഉറ്റവരും ഉടയവരുമായ ഒട്ടേറെ പേർ... ദുരിതബാധിതരുടെ വേദനക്കൊപ്പം നിന്ന് കുവൈത്ത് കെഎംസിസി നേതാക്കൾ അവരെ സന്ദർശിച്ചു.

മനുഷ്യ മനസാക്ഷിയെ ഞെട്ടിച്ച മേപ്പാടി മുണ്ടകൈ ദുരന്ത മുഖത്ത് ആദ്യ ഘട്ടത്തിൽ തന്നെ കുവൈത്ത് കെഎംസിസി പ്രവർത്തകർ സജീവമായിരുന്നു. സാധ്യമായ ഇടപെടലുകൾ നടത്തി ദുരന്ത ഭൂമിയിൽ കർമനിരതരായി. രണ്ട് വീടുകളിലായി താമസിച്ചിരുന്ന കെഎംസിസി പ്രവർത്തകൻ സാഹിറിന്റെ ഉമ്മയും സഹോദരിയും ഭാര്യാ പിതാവും മാതാവും ഉൾപ്പടെയുള്ള കുടുംബത്തിലെ 16 അംഗങ്ങളെയാണ് മലവെള്ളം കൊണ്ടുപോയത്. പ്രിയപ്പെട്ടവർ പിരിഞ്ഞ മനോ വേദന സാഹിറിനെ തളർത്തിയപ്പോഴും രക്ഷാ-സേവന പ്രവർത്തനങ്ങളിൽ അദ്ദേഹം സജീവമായി നിലകൊണ്ടു.

കെഎംസിസി പ്രവർത്തകൻ പി.പി സുബൈറിന്റെ പതിനാലുകാരനായ മകൻ ഷുഹൈബിന് ദുരന്തത്തിൽ ജീവൻ നഷ്ടമായത് വിങ്ങുന്ന നോവാണ്. മറ്റൊരു പ്രവർത്തകൻ ലത്തീഫിന്റെ വീട് ദുരന്തത്തിൽ ഒലിച്ച് പോയി. കുവൈത്ത് കെഎംസിസി സംസ്ഥാന ഓർഗനൈസിങ് സെക്രട്ടറി സിറാജ് എരഞ്ഞിക്കൽ,സെക്രട്ടറി ഫാസിൽ കൊല്ലം,പി.വി ഇബ്രാഹിം എന്നിവർ ആശുപത്രിയിലും ക്യാമ്പിലും കഴിയുന്നവരെ സന്ദർശിച്ചു.

## ‘ഞങ്ങളുടെ രക്തം ഒന്നാണ്’

ജറൂസലം: ഗസ്സയിൽ ഇസ്രാഈൽ സേനയുടെ ആക്രമണത്തിൽ പരിക്കേറ്റ പതിനായിരങ്ങൾക്കുവേണ്ടി രക്തദാന കാമ്പയിനുമായി ഫലസ്തീൻ ആരോഗ്യ മന്ത്രാലയം. ഞങ്ങളുടെ രക്തം ഒന്നാണ് എന്നാണ് കാമ്പയിൻ പ്രമേയം. വെസ്റ്റ്ബാങ്കിലെ മുഴുവൻ ആശുപത്രികളിലും രക്തദാനത്തിന് സൗകര്യമൊരുക്കിയിട്ടുണ്ട്. ആശുപത്രികളിൽ എത്താൻ അസൗകര്യമുള്ളവർക്ക് മൊബൈൽ ബ്ലഡ് ബാങ്ക് വാഹനവും സജ്ജമാണെന്ന് ഫലസ്തീൻ ആരോഗ്യ മന്ത്രി മാജിദ് അബു റംദാൻ പറഞ്ഞു. രക്തദാന കാമ്പയിനിലൂടെ ലഭിക്കുന്ന രക്തം പിന്നീട് ഗസ്സയിലേക്ക് അയക്കും. ഒക്ടോബർ ഏഴിന് തുടങ്ങിയ ഇസ്രാഈൽ ആക്രമണത്തിൽ ഒരു ലക്ഷത്തോളം പേർക്കാണ് ഗസ്സയിൽ പരിക്കേറ്റിരിക്കുന്നത്.

## വയനാട് പ്രകൃതി ദുരന്തം ; കളക്ഷൻ സെന്റർ തുറന്നു

ആനക്കയം: വയനാട്ടിലെ പ്രകൃതി ദുരന്തത്തിൽപെട്ട ആളുകളേയും, കുടുംബങ്ങളേയും സഹായിക്കുന്നതിനു വേണ്ടി, ആനക്കയം മണ്ഡലം കോൺഗ്രസ് കമ്മിറ്റി പന്തല്ലൂരിൽ കളക്ഷൻ സെന്റർ തുറന്നു. മണ്ഡലം കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് അഡ്വ. ടി. അബ്ബാസ് അധ്യക്ഷനായി. മലപ്പുറം ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ്, കെ.വി ഇസ്ഹാഖ്, ഉദ്ഘാടനം ചെയ്തു. കളക്ഷൻ സെന്ററിലേക്ക് മുജീബ് പന്തല്ലൂരിന്റെ നേതൃത്വത്തിൽ അലോപ്പതി മരുന്നുകൾ നൽകി. മുൻ മണ്ഡലം കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് സലീം ഹാജി, ആനക്കയം ഗ്രാമ പഞ്ചായത്ത് വാർഡ് മെമ്പർ ജോജോ മാത്യു, എം. മനാഫ്, ഐ.പി അയ്യപ്പൻ, സി.എം സഹീർ, മുജീബ് പന്തല്ലൂർ, യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് അഖിൽ എബ്രഹാം, യൂത്ത് കോൺഗ്രസ് മണ്ഡലം വൈസ് പ്രസിഡന്റ് കെ.കെ സാബിക്, കെ.കെ ഫൈസൽ, എ.ടി രാജൻ, വി.കെ ശ്രീധരൻ മാസ്റ്റർ, വി.എസ് ആന്റണി, വിജയകൃഷ്ണൻ കുമ്മാളി, ഷാജി മറൂകാട്ട്, സജീന്ദ്ര പ്രസാദ്, പി. യഹ്‌യ ഷഫീഖ് ഇല്ലിക്കൽ, ജിതേഷ് പന്തല്ലൂർ, പി.ടി സാദിഖ് അലി, സജിൻ രാജ് പന്തല്ലൂർ പ്രസംഗിച്ചു.



### ഒഴിഞ്ഞുപോകാൻ വീണ്ടും ഉത്തരവ്

# സ്കൂളുകളും തമ്പുകളും തകർത്ത് കൂട്ടക്കുരുതി

ഗസ്സ: വംശഹത്യ തുടരുന്ന ഗസ്സയിൽ രണ്ട് സ്കൂളുകളും അഭയാർത്ഥി തമ്പുകളും ബോംബിട്ട് തകർത്ത് ഇസ്രാഈൽ. അൽ നസ്ർ, ഹസൻ സലാമ ആശുപത്രികൾക്കുനേരെയുണ്ടായ ഇസ്രാഈൽ ആക്രമണത്തിൽ 25 പേർ കൊല്ലപ്പെടുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തു. കൊല്ലപ്പെട്ടവരിലും പരിക്കേറ്റവരിലും 80 ശതമാനത്തോളം പേർ കുട്ടികളാണെന്ന് ഫലസ്തീൻ സിവിൽ ഡിഫൻസ് വക്താവ് മഹ്മൂദ് ബാസിൽ അറിയിച്ചു. ഇതിനകം 39,583 പേർ കൊല്ലപ്പെടുകയും 91,398 പേർക്ക് പരിക്കേൽക്കുകയും ചെയ്ത ഇസ്രാഈൽ ആക്രമണങ്ങളിൽ ഓരോ ദിവസവും മരണ നിരക്ക് ഉയരുകയാണ്. ദെയ്റുൽ ബലാഹിൽ അൽ അഖ്സ ആശുപത്രിക്കു സമീപം അഭയാർത്ഥികൾ താമസിച്ചിരുന്ന തമ്പുകൾക്കുനേരെയുണ്ടായ വ്യോമാക്രണത്തിൽ 18 പേർ കൊല്ലപ്പെട്ടു.

ഹമാസിന്റെ അൽ ഫുർഖാൻ ബറ്റാലിയനെ ലക്ഷ്യമിട്ടാണ് സ്കൂളുകൾ ആക്രമിച്ചതെന്ന് ഇസ്രാഈൽ സേന അവകാശപ്പെടുന്നു. സാധാരണക്കാരെ ലക്ഷ്യമിട്ട് ആക്രമണം ശക്തമാക്കിയ ഇസ്രാഈൽ സേന ഖാൻ യൂനിസിലെ കൂടുതൽ പ്രദേശങ്ങളിൽനിന്ന് ഒഴിഞ്ഞുപോകാൻ ഉത്തരവിട്ടു. ഖാൻ യൂനിസിലെ തെക്കും തെക്കുകിഴക്കും പ്രദേശങ്ങളിൽ തങ്ങുന്നത് അങ്ങേയറ്റം അപകടകരമാണെന്ന് ഇസ്രാഈൽ മുന്നറിയിപ്പിൽ പറയുന്നു. ഇതോടെ ഗസ്സയിൽ സുരക്ഷിതമായി ഒരിടം പോലുമില്ല . എവിടേക്ക് പോകുമെന്ന് അറിയാതെ ആളുകൾ പരിഭ്രാന്തിയിലാണെന്ന് അൽജസീറ റിപ്പോർട്ട് ചെയ്തു.

ഒഴിഞ്ഞുപോകാനുള്ള ഇസ്രാഈൽ ഉത്തരവുകൾ ഗസ്സയിലെ 86 ശമതാനം ആളുകളെയും ബാധിച്ചതായി യു.എൻ പറയുന്നു. സുരക്ഷിതമായി കണക്കാക്കപ്പെട്ടിരുന്ന സ്ഥലങ്ങളിൽ പോലും ഇസ്രാഈൽ ആക്രമണം തുടരുകയാണ്.

അതേസമയം ഗസ്സ-ഈജിപ്ത് അതിർത്തിയിൽ മൂന്ന് മീറ്റർ ഉയരമുള്ള ഭൂഗർഭ തുരങ്കം കണ്ടെത്തിയതായി ഇസ്രാഈൽ സേന അറിയിച്ചു. ഹമാസ് ഉപയോഗിച്ചിരുന്ന തുരങ്കം തകർക്കുന്നതിനുമുമ്പ് എഞ്ചിനീയർമാരുടെ പ്രത്യേക സംഘം പഠിക്കുമെന്നും സൈന്യം പറഞ്ഞു.

ഫലസ്തീൻ ജനതയേയും നേതാക്കളെയും കൊലപ്പെടുത്തുന്നതിന് മറുപടിയായി ഇസ്രാഈലിലെ ഗാൻ യാവ്നെ, അഷ്ദോദ് നഗരങ്ങൾ ലക്ഷ്യമിട്ട് റോക്കറ്റാക്രമണം നടത്തിയതായി ഹമാസിന്റെ സായുധ വിഭാഗമായ ഖസാം ബ്രിഗേഡ്സ് അവകാശപ്പെട്ടു.

തെക്കൻ ഗസ്സയിൽനിന്നുള്ള അഞ്ച് റോക്കറ്റുകൾ സൈനിക റഡാറുകളുടെ ശ്രദ്ധയിൽ പെട്ടതായി ഇസ്രാഈൽ സേന പറയുന്നു.

ഒരു റോക്കറ്റ് അഷ്കലോണിന് സമീപം വീണെങ്കിലും ആളപായമൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.



ഗസ്സയിലെ ദെയ്റുൽ ബലാഹിൽ അൽ അഖ്സ ആശുപത്രിക്കു സമീപം ഇസ്രാഈൽ ബോംബിട്ടു തകർത്ത അഭയാർത്ഥി തമ്പുകൾ കത്തിക്കരിഞ്ഞ നിലയിൽ

## ടെൽഅവീലിൽ രണ്ടുപേർ കുത്തേറ്റ് മരിച്ചു

ടെൽഅവീവ്: ഇസ്രാഈൽ തലസ്ഥാനമായ ടെൽഅവീവിൽ രണ്ട് പേർ കുത്തേറ്റു മരിച്ചു. രണ്ടുപേർക്ക് പരിക്കേറ്റു. അക്രമിയെന്ന് സംശയിക്കുന്ന ഫലസ്തീനിയെ ഇസ്രാഈൽ പൊലീസ് വെടിവെച്ചു കൊന്നു. എഴുപതും എൺപതും പ്രായമുള്ള ഒരു സ്ത്രീയും പുരുഷനുമാണ് കൊല്ലപ്പെട്ടത്. ഗസ്സ കൂട്ടക്കുരുതിയുടെ പശ്ചാത്തലത്തിൽ ഇസ്രാഈൽ ആക്രമണങ്ങൾ വർദ്ധിച്ചിട്ടുണ്ട്.

വെസ്റ്റ്ബാങ്കിൽനിന്നുള്ള ആളാണ് അക്രമിയെന്ന് ഇസ്രാഈൽ പറയുന്നു. സംഭവത്തിന്റെ വിശദാംശങ്ങൾ ഇസ്രാഈൽ സേന പുറത്തുവിട്ടിട്ടില്ല.

## വയനാടിന് സഹായ ഹസ്തവുമായി അധ്യാപക വിദ്യാർഥി കൂട്ടായ്മകൾ

കോഴിക്കോട്: വയനാട് ജില്ലയിലെ ദുരന്തബാധിതർക്കായി കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന മോഡൽ എഡ്യൂക്കേഷണൽ, ചാരിറ്റബിൾ ആന്റ് കൾച്ചറൽ സൊസൈറ്റിയും സൊസൈറ്റിക്ക് കീഴിൽ പ്രവർത്തിക്കുന്ന വനിതാ സൗഹൃദ മോണ്ടിസോറി അധ്യാപക പരിശീലന കേന്ദ്രം കേരള ടീച്ചേഴ്സ് ട്രെയിനിങ് സെന്ററും, അദ്ധ്യാപകരും, വിദ്യാർത്ഥിനികളും, പൂർവ്വ വിദ്യാർത്ഥികളും,സുഹൃത്തുക്കളും ചേർന്ന് ആരംഭിച്ച ക്യാമ്പയിന്റെ ഭാഗമായി സമാഹരിച്ച അവശ്യസാധനങ്ങളുമായി ആദ്യ വാഹനം കൽപറ്റ സെന്റ് ജോസഫ് കോൺവന്റ് സ്കൂളിൽ പ്രവർത്തിക്കുന്ന കളക്ഷൻ സെന്ററിൽ എത്തിച്ചു.

ആഗസ്റ്റ് ഒന്നാം തിയ്യതി വൈകിട്ട് സമൂഹമാധ്യമങ്ങൾ വഴി ആരംഭിച്ച ക്യാമ്പയിന്റെ ഭാഗമായി ആഗസ്റ്റ് രണ്ടിനു കോഴിക്കോട് ചാലപ്പുറത്ത് പ്രവർത്തിക്കുന്ന കേരള ടീച്ചേഴ്സ് ട്രെയിനിങ് സെന്റർ ഹെഡ് ഓഫിസിൽ കളക്ഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു. വസ്ത്രങ്ങൾ, സ്റ്റീൽ പാത്രങ്ങൾ, സ്റ്റീൽ ഗ്ലാസുകൾ, ശുചീകരണ ഉപകരണങ്ങൾ, കിടക്കകൾ, തലയിണകൾ, ധാന്യങ്ങൾ, അരി, മസാലപൊടികൾ, മാനസിക പിരിമുറുക്കം അനുഭവിക്കുന്ന കുട്ടികളുടെ ഉല്ലാസത്തിനായി പുസ്തകങ്ങൾ, ഛായപെൻസിലുകൾ, കളിപ്പാട്ടങ്ങൾ, പഠന സാമഗ്രികൾ, സാനിറ്ററി പാഡ് ഉൾപ്പെടെ ഉള്ളവയാണ് എത്തിച്ചു നൽകിയത്.

കേരള ടീച്ചേഴ്സ് ട്രെയിനിങ് സെന്റർ വിദ്യാർത്ഥിനികൾ പ്രതിദിനം ഓരോ രൂപ വീതം ശേഖരിച്ച് സ്ഥാപനത്തിന്റെ വാർഷിക ആഘോഷ നാളിൽ ആകെ തുക സ്നേഹ സാന്ത്വനമായി അർഹതപെട്ടവരെ കണ്ടെത്തി കൈമാറുന്ന ഹിമം പദ്ധതിയിൽ നിന്നും ഇത്തവണ സമാഹരിക്കുന്ന പണം വയനാട്ടിലെ ദുരന്ത ബാധിത പ്രദേശത്തെ ഏറ്റവും അർഹരായ വിദ്യാർത്ഥികളുടെ പഠനത്തിനായി മാറ്റി വെക്കുമെന്ന് കേരള ടീച്ചേഴ്സ് ട്രെയിനിങ് സെന്റർ കോഴ്സ് ഡയരക്ടർ ശ്യാമള പി, കോഴ്സ് കോർഡിനേറ്റർ അനീഷ പി പി എന്നിവർ അറിയിച്ചു.

ചെറിയ കുട്ടികൾക്ക് മാനസിക ഉല്ലാസം ഉറപ്പ് വരുത്തുക, മാനസിക പിരിമുറുക്കം കുറക്കുക എന്ന ഉദ്ദേശത്തോടെ കേരള ടീച്ചേഴ്സ് ട്രെയിനിങ് സെന്റർ അദ്ധ്യാപക-വിദ്യാർത്ഥി കൂട്ടായ്മ വിവിധ ക്യാമ്പുകളായോ, ചെറു ഉല്ലാസ പരിപാടികളായോ പ്രവർത്തിക്കാൻ താൽപ്പര്യപ്പെടുന്നെന്ന കാര്യം രേഖാമൂലം ബന്ധപ്പെട്ട അധികൃതരെ അറിയിക്കുന്നതിനും പദ്ധതി തയ്യാറാക്കുന്നതിനും നട പടി സ്വീകരിക്കുമെന്ന് സൊസൈറ്റി സെക്രട്ടറി അറിയിച്ചു.

## സാഹിത്യോത്സവ് വരവേൽക്കാൻ വിപുലമായ ഒരുക്കങ്ങൾ

മഞ്ചേരി: ഈ മാസം 26 മുതൽ മഞ്ചേരിയിൽ നടക്കുന്ന കേരള സാഹിത്യോത്സവിനെ സ്വീകരിക്കാൻ ഒരുങ്ങി സ്വാഗത സംഘം. വിവിധ ഉപസമിതികളിലായി സാഹിത്യോത്സവ് സംഘാടനം, സംവിധാനം, സ്വീകരണം, പ്രചാരണം എന്നിവ കേന്ദ്രീകരിച്ച് വിപുല പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. പ്രവർത്തനങ്ങൾ വിശകലനം ചെയ്യുന്നതിന് വേണ്ടി സമ്പൂർണ സ്വാഗത സംഘം കൺവൻഷൻ പാപ്പിനിപ്പാറ ഹികമിയ്യ ഓഡിറ്റോറിയത്തിൽ നടന്നു. സ്വാഗത സംഘം ജന. കൺവീനർ പി.എം മുസ്തഫ കോഡൂർ അധ്യക്ഷനായി. ഭാരവാഹികളായ കെ സൈനുദ്ദീൻ സഖാഫി, എം ദുൽഫുഖാറലി സഖാഫി, ടി അബ്ദുന്നാസിർ, ഡോ. മീറലി, പി.പി മുജീബുറഹ്മാൻ, കെ തജ്മൽ ഹുസൈൻ, കെ.പി മുഹമ്മദ് യൂസുഫ്, എൻ.വി ഹൈദർ, യു.ടി.എം ശമീർ, സി.കെ എം ശാഫി സഖാഫി പങ്കെടുത്തു



വായാനാടിന്റെ കണ്ണീരൊപ്പാൻ അബുദാബി കെഎംസിസി വിളിച്ചു ചേർത്ത യോഗത്തിൽ വയനാട് ജില്ലാ കെഎംസിസി പ്രസിഡന്റ് നിഷാദ് മേപ്പാടി ദുരന്ത ഭൂമികയിലെ നേർക്കാഴ്ചകൾ വിശദീകരിക്കുന്നു

## വിവാഹ വേദിയിൽ ദുരന്ത ബാധിതർക്ക് സഹായം

തിരുവള്ളൂർ : വിവാഹ വേദിയിൽ വയനാട് ദുരന്തബാധിതർക്കായുള്ള ഫണ്ടിലേക്ക് സംഭാവന നൽകി നവദമ്പതികൾ. ലണ്ടൻ കെ എം സി സി ചെയർമാൻ മേമുണ്ട ചാലിൽ അബ്ദുൽകരീം മാസ്റ്ററുടെ മകൾ ഷഹാനയും പൂനൂർ പരേതനായ കക്കാട്ടുമ്മൽ അലിയുടെ മകനായ ഡോ : അസ്ഹദ് അലി അബ്ദുള്ളയും തമ്മിലുള്ള വിവാഹ ചടങ്ങാണ് നന്മയുടെ വേദിയായത്. സഹായം പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ ഏറ്റുവാങ്ങി. ഉള്ളിയേരി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ജില്ലാ മുസ്ലിംലീഗ് ജന. സെക്രട്ടറി ടിടി ഇസ്മായിൽ, സെക്രട്ടരിസിപിഎ അസീസ്, ബഹറയിൻ കെ. എം. സി.സി. സംസ്ഥാന സിക്രട്ടരി ശംസുദ്ദീൻ വെള്ളിക്കുളങ്ങര, ബാലുശ്ശേരി മണ്ഡലം മുസ്ലിം ലീഗ് പ്രസിഡണ്ട് സാജിദ് കോറോത്ത്, വില്യാപ്പള്ളി പഞ്ചായത്ത്, മുസ്ലിം ലീഗ് പ്രസിഡണ്ട് അഡ്വ: പിടി ഇല്യാസ്, ഷെരീഫ് മേമുണ്ട , എം.കെ. ഇബ്രാഹിം ഹാജി,മജീദ് മച്ചിൽ എന്നിവർ സന്നിഹിതരായിരുന്നു.



വയനാട് ദുരന്ത ബാധിതർക്കുള്ള സഹായം ലണ്ടൻ കെ. എം. സി സി ചെയർമാൻ അബ്ദുൽ കരിം പാണക്കാട് സാദിഖലി ശിഹാബ് തങ്ങളെ ഏൽപിക്കുന്നു

## വയനാട് ദുരന്തം: ലയൺസ് ക്ലബ്ബ് ഇന്റർനാഷണൽ 5 കോടി രൂപ നൽകും

കോഴിക്കോട് : വയനാട്ടിലെ ദുരിത ബാധിതർക്കായി നടപ്പിലാക്കുന്ന പുനരധിവാസ പദ്ധതിയ്ക്ക് ലയൺസ് ക്ലബ്ബ് ഇന്റർ നാഷണൽ കേരള മൾട്ടിപ്പിൾ ഡിസ്ട്രിക്റ്റ് 318 5 കോടി നൽകാൻ തീരുമാനിച്ചു.സംസ്ഥാന സർക്കാറുമായി കൈകോർത്താണ് പുനരധിവാസ - സന്നദ്ധ പ്രവർത്തനങ്ങൾക്കായി തുക ചിലവഴിക്കുകയെന്ന് ലയൺസ് 318 ഇ ഡിസ്ട്രിക്ട് ഗവർണർ കെ വി രാമചന്ദ്രനും മൾട്ടിപ്പിൾ കൗൺസിൽചെയർമാൻ ബി അജയകുമാറും പത്രകുറിപ്പിലൂടെ അറിയിച്ചു. നാടിന്റ നാനാഭാഗങ്ങളിൽ നിന്നും സഹായ പ്രവാഹം തുടങ്ങി കഴിഞ്ഞു.




ദുബൈ കെഎംസി.സി മുൻ പാലക്കാട് ജില്ലാ പ്രസിഡന്റ് ഫൈസൽ തുറക്കൽ ഒരു ലക്ഷം രൂപ സംഭാവന നൽകി പാലക്കാട് ജില്ലാ കെഎംസിസി മുസ്ലിംലീഗ് ‘ഫോർ വയനാട്’ കാമ്പയിൻ ഉദ്ഘാടനം ചെയ്യുന്നു

### മലപ്പുറം ജില്ലാ റാസൽഖൈമ കെഎംസിസി

## പൂക്കോയ തങ്ങൾ അനുസ്മരണവും പ്രാർത്ഥനാ സദസും

റാസൽ ഖൈമ: കെഎംസിസി മലപ്പുറം ജില്ലാ കമ്മിറ്റി പാണക്കാട് പൂക്കോയ തങ്ങൾ അനുസ്മരണ സദസും വയനാട് ദുരന്തത്തിൽ മരണപ്പെട്ടവർക്കും പരിക്കേറ്റവർക്കുമുള്ള പ്രാർത്ഥനാ സദസും സംഘടിപ്പിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി സയ്യിദ് റാഷിദ് തങ്ങൾ ആമുഖ പ്രഭാഷണം നടത്തി, അബ്ദുല്ലക്കുട്ടി മൗലവി പള്ളിക്കര പ്രാർത്ഥനക്ക് നേതൃത്വം നൽകി. പാണക്കാട് പൂക്കോയ തങ്ങൾ അനുസ്മരണം സംസ്ഥാന പ്രസിഡന്റ് റസാഖ് ചെനക്കൽ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് ജാഫർ മണ്ണിങ്ങൽ അധ്യക്ഷനായി. ഉപദേശക സമിതി അംഗം ടി.എം ബഷീർ കുഞ്ഞു പൂക്കോയ തങ്ങൾ അനുസ്മരണ പ്രഭാഷണം നടത്തി.

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ ദുഃഖം രേഖപ്പെടുത്തി കെഎംസിസി ഉപദേശക സമിതി ചെയർമാൻ സി.വി അബ്ദുറഹ്മാൻ,വയനാട് ജില്ലാ ജനറൽ സെക്രട്ടറി യു.കെ മുഹമ്മദ് അഷറഫ് സംസാരിച്ചു. വൈറ്റ് ഗാർഡിന്റെ ഭക്ഷണശാല അധികാരികൾ അടച്ചു പൂട്ടാൻ നിർദ്ദേശിച്ചതിൽ യോഗം കടുത്ത പ്രതിഷേധം രേഖപ്പെടുത്തി. സംസ്ഥാന നേതാക്കളായ നാസർ പൊൻമുണ്ടം, വെട്ടം അബ്ദുൽ കരീം,അസീസ് കൂടല്ലൂർ, മൂസ കുനിയിൽ, ഹസൈനാർ കോഴിച്ചെന, ഹുസൈൻ ബദർ പള്ളി, ജില്ലാ നേതാക്കളായ സി.വി റസാഖ്, സലാം വെട്ടിച്ചിറ, ഷൗക്കത്ത് പൊട്ടച്ചോല,ഷാഫി പറമ്പൂർ നേതൃത്വം നൽകി. ജില്ലാ ജനറൽ സെക്രട്ടറി നിസാർ ചെറവല്ലൂർ സ്വാഗതവും സെക്രട്ടറി ഷാഫി വാളക്കുളവും നന്ദിയും പറഞ്ഞു.



റാസൽ ഖൈമ കെഎംസിസി മലപ്പുറം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച പാണക്കാട് പൂക്കോയ തങ്ങൾ അനുസ്മരണ സദസ്സ്

## ഏറ്റുമുട്ടി ഹിസ്ബുല്ലയും ഇസ്രാഈലും

ബെയ്റൂത്ത്: ലബനാനിൽ ആക്രമണം ശക്തമാക്കിയ ഇസ്രാഈൽ സേന തയ്ബ നഗരത്തിലെ വൈദ്യുതോൽപാദന കേന്ദ്രം ബോംബിട്ട് തകർത്തു. ലബനീസ് അതിർത്തിക്കു സമീപം ഇസ്രാഈലിന്റെ ബിർ കത് റിഷ സൈനിക ഔട്ട്പോസ്റ്റിനു നേരെ ഹിസ്ബുല്ല ഷെല്ലാക്രമണം നടത്തി. ആക്രമണത്തിൽ നാശനഷ്ടമോ ആളപായമോ റിപ്പോർട്ട് ചെയ്തിട്ടില്ല. ഗസ്സയിൽ ഇസ്രാഈൽ ഫലസ്തീനികളെ കൂട്ടക്കൊല ചെയ്തു തുടങ്ങിയതു മുതലാണ് ഇസ്രാഈൽ സേനയും ഹിസ്ബുല്ല പോരാളികളും ഏറ്റുമുട്ടി തുടങ്ങിയത്.

ഹമാസ് നേതാവ് ഇസ്മാഈൽ ഹനിയ്യയുടെ കൊലപാതകത്തിന് ഇസ്രാഈലിനെ ശിക്ഷിക്കുമെന്ന ഇറാന്റെ ഭീഷണി കണക്കിലെടുത്ത് വിദേശ രാജ്യങ്ങളെല്ലാം തങ്ങളുടെ പൗരന്മാരെ ലബനാനിൽനിന്ന് തിരികെ കൊണ്ടുപകാനുള്ള ശ്രമത്തിലാണ്. ലബനാനിലേക്ക് സന്ദർശനത്തിനു പോയ ടൂറിസ്റ്റുകളോട് എത്രയും വേഗം നാട്ടിലേക്ക് മടങ്ങാൻ ഇറ്റലി ആവശ്യപ്പെട്ടു. ഇവരെ മടക്കിക്കൊണ്ടുവരാൻ പ്രത്യേക വിമാനങ്ങൾ അയച്ചിട്ടുണ്ട്. പശ്ചിമേഷ്യയിൽ എത് നിമിഷവും വലിയൊരു യുദ്ധം പൊട്ടിപ്പുറപ്പെട്ടേക്കുമെന്നതുകൊണ്ട് ഇറാനിൽനിന്നും ലബനാനിൽനിന്നും മടങ്ങാൻ ഫ്രാൻസും പൗരന്മാർക്ക് നിർദ്ദേശംനൽകി.

## യു.എസ് ഡ്രോൺ വെടിവെച്ചിട്ട് ഹൂഥികൾ

സൻആ: യമനിൽ സആദ പ്രവിശ്യയിൽ അമേരിക്കയുടെ എംക്യു-9 ഡ്രോൺ വെടിവെച്ചു വീഴ്ത്തിയതായി ഹൂതി പോരാളികൾ. യമനിലെ സാമ്പത്തിക ജീവനാടിയായി അറിയപ്പെടുന്ന ഹുദൈദ തുറമുഖം ഇസ്രാഈൽ ആക്രമിച്ചതിനുശേഷം ആദ്യമായാണ് ഹൂഥികൾ ഇത്തരമൊരു അവകാശവാദവുമായി രംഗത്തെത്തുന്നത്. ഹമാസ് നേതാവ് ഇസ്രാഈൽ ഹനിയ്യയും ഹിസ്ബുല്ല കമാൻഡറും കൊല്ലപ്പെട്ടതിനെ തുടർന്നുള്ള സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ലബനാനിലുള്ള തങ്ങളുടെ പൗരന്മാരോട് എത്രയും വേഗം നാട്ടിലേക്ക് മടങ്ങാൻ യു.എസ് ആവശ്യപ്പെട്ടു. സംഘർഷങ്ങൾ കുറയ്ക്കാനാണ് പശ്ചിമേഷ്യയയിലേക്ക് യുദ്ധക്കപ്പലുകളും പോർവിമാനങ്ങളും അയച്ചതെന്ന് വൈറ്റ്ഹൗസ് ദേശീയ സുരക്ഷാ കൗൺസിൽ ഉപദേഷ്ടാവ് ജോനാഥൻ ഫൈനർ പറഞ്ഞു. യു.എസ് നീക്കത്തിനെതിരെ വിമർശനമുയർന്നിട്ടുണ്ട്.

## നെതന്യാഹുവിനോട് കയർത്ത് ബൈഡൻ

വാഷിങ്ടൺ: ഗസ്സയിൽ ഹമാസിന്റെ കസ്റ്റഡിയിലുള്ള ബന്ദികളുമായി ബന്ധപ്പെട്ട് ഇസ്രാഈൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു തന്നോട് പറഞ്ഞതെല്ലാം കളവാണെ ന്ന് യു.എസ് പ്രസിഡന്റ് ജോ ബൈഡന് ബോധ്യമായതായി അമേരിക്കൻ ഭരണകൂടത്തിലെ ഒരു ഉന്നത ഉദ്യോഗസ്ഥൻ.

കഴിഞ്ഞ 10 മാസത്തിനിടെ ബൈഡനും നെതന്യാഹുവും നടത്തിയ ഫോൺ സംഭാഷങ്ങളിലൊന്ന് സംഘർഷം നിറഞ്ഞതായിരുന്നു.

തന്നെ വേട്ടയാടുന്നത് നിർത്തൂ എന്ന് ബൈഡൻ നെതന്യാഹുവിനോട് പറഞ്ഞതായി ഉദ്യോഗസ്ഥൻ വെളിപ്പെടുത്തി. ഗസ്സയിലെ ആക്രമണവുമായി ബന്ധപ്പെട്ട് ഇസ്രാഈലിന് ബൈഡൻ സർവ്വ പിന്തുണയും നൽകുന്നുണ്ടെങ്കിലും നെത്യാഹു യുദ്ധം നീട്ടിക്കൊണ്ടുപോകുകയാണെന്ന് യു.എസ് ഭരണകൂടത്തിനകത്ത് പൊതുവെ അഭിപ്രായമുയർന്നിട്ടുണ്ട്. തെഹ്റാനിലെയും ബെയ്റൂത്തിലെയും കൊലപാതകങ്ങൾക്ക് ഇറാൻ പകരം ചോദിക്കാൻ തയാറെടുക്കുമ്പോൾ ഇസ്രാഈലിന് അമേരിക്ക സംരക്ഷണമൊരുക്കി രംഗത്തുണ്ടെങ്കിലും സംഘർഷം വ്യാപിക്കുന്നതിനെ യു.എസ് അനുകൂലിക്കുന്നില്ലെന്ന് ഉദ്യോഗസ്ഥൻ പറഞ്ഞു.




സൗദി അറേബ്യയിലെ കമീസ് മുശൈത് എസ്.ഐ.സി സെന്റർ കമ്മിറ്റി സംഘടിപ്പിച്ച പാണ ക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ, സയ്യിദ് ഉമർ ബാഫഖി തങ്ങൾ അനുസ്മരണ സംഗമം ഡോ ഖാസിമുൽ ഖാസിമി ഉദ്ഘാടനം ചെയ്യുന്നു.

## ശിഹാബ് തങ്ങൾ, മാനവ സൗഹൃദത്തിന്റ അംബാസഡർ

റിയാദ് : പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ മാനവ സൗഹദത്തിന്റെ അംബാസഡറും സയ്യിദ് ഉമർ ബാഫഖിതങ്ങ സംശുദ്ധ രാഷ്ട്രീയത്തിന്റെ കറ പുരളാത്ത മഹനീയ മാതൃകയും ആയിരുന്നു വെന്നു ’ഡോ : ഖാസിമുൽ ഖാസിമി. സൗദി അറേബ്യയിലെ കമീസ് മുശൈത് എസ്.ഐ. സി സെന്റർ കമ്മിറ്റി സംഘടിപ്പിച്ച പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ, സയ്യിദ് ഉമർ ബാഫഖി തങ്ങൾ അനുസ്മരണ സംഗമം ഉൽഘാടനം ചെയ്യുകയായിരുന്നു ഖാസിമിൽ ഖാസിമി. യോഗത്തിൽ മജീദ് അൽഹലീസ് അദ്ധ്യക്ഷനായി. ബഷീർ മൂന്നിയൂർ, കെ.സി സിദ്ധിഖ്, അബ്ദുസ്സലാം വാഫി, മുഹമ്മദ് ബാവ ശരീഫ്, ശിഹാബ്. അബ്ദുസ്സലാം’ ഇല്ല്യാസ്, മൊയ്തുട്ടി, നൗഷാദ് . ഹുസൈൻ എന്നിവ അംശസകൾ നേർന്നു. ഉമർ ചെന്നാര സ്വാഗതവും സാദിഖ് ഫൈസാനന്ദിയും പറഞ്ഞു.

അല്ലാഹുവോടുള്ള ബാധ്യത ഉറപ്പിച്ചതിന് ശേഷം ലംഘിക്കുകയും, കൂട്ടിയിണക്കപ്പെടാൻ അല്ലാഹു കൽപിച്ചതിനെ (ബന്ധങ്ങളെ) അറുത്തുകളയുകയും, ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും ചെയ്യുന്നവരാരോ അവർക്കാണ് ശാപം. അവർക്കാണ് ചീത്ത ഭവനം.

( വിശുദ്ധ ഖുർആൻ: 13: 25 )



ഗൾഫ് ചന്ദ്രിക
1446 മുഹറം 30 • 1199 കർക്കിടകം 21

## പുകയുന്ന പശ്ചിമേഷ്യ

അന്താരാഷ്ട്ര സമൂഹം കാഴ്ചക്കാരായി അധ:പതിച്ചിരിക്കെ പശ്ചിമേഷ്യയിലുടനീളം പറന്നുനടന്ന് തീകൊളുത്തുകയാണ് ഇസ്രാഈൽ. ഗസ്സയിലെ വംശഹത്യയിൽ തുടങ്ങി വെസ്റ്റ്ബാങ്കും ലബനാനും ഇറാനും സിറിയയും യമനും കത്തിത്തുടങ്ങിയിരിക്കുന്നു. മേഖലയെ ഒന്നടങ്കം വിഴുങ്ങി അധിനിവേശം കൂടുതൽ വിസ്തൃതമാക്കാനുള്ള ഗൂഢപദ്ധതിയാണ് സയണിസ്റ്റുകൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കാലങ്ങളായി മനസ്സിൽ താലോലിക്കുന്ന ഗ്രേറ്റർ ഇസ്രാഈൽ എന്ന സ്വപ്നത്തിന്റെ സാക്ഷാകാരത്തിലാണ് അവരുടെ കണ്ണ്. സയണിസ്റ്റുകളുടെ ഗ്രേറ്റർ ഇസ്രാഈൽ ഫലസ്തീനിൽ മാത്രം ഒതുങ്ങന്നില്ല. കൈയെത്തും ദൂരത്തുള്ള പ്രദേശമായതുകൊണ്ട് അവരെ കടന്നാക്രമിക്കുന്നുവെന്ന് മാത്രം. ഇന്നത്തെ ലെബനാൻ, ജോർദാൻ, സിറിയ, ഇറാഖ്, സഊദി അറേബ്യ തുടങ്ങിയ രാജ്യങ്ങളും സിനായ് പ്രദേശവും സ്വന്തം കാൽകീഴിൽ കൊണ്ടുവരണമെന്ന് ഇസ്രാഈൽ ആഗ്രഹിക്കുന്നുണ്ട്. ജൂത രാഷ്ട്രത്തിന്റെ വികസനം ദേശീയ ലക്ഷ്യവും മൂല്യവുമായി 2018ൽ ഇസ്രാഈൽ പാർലമെന്റ് പാസാക്കിയ അടിസ്ഥാന പ്രമാണത്തിൽ എടുത്തുപറയുന്നു. പശ്ചിമേഷ്യയിൽ ഇസ്രാഈലിന്റെ ഇടപെടലുകളൊക്കും ഗ്രേറ്റർ ഇസ്രാഈലിനെ മുന്നിൽ കണ്ടുകൊണ്ടാണ്. അതിന് അമേരിക്കയുടെ പിന്തുണയും സംരക്ഷണവും അവർക്കുണ്ട്.

അധിനിവേശത്തിനെതിരെ പോരാട്ടത്തിന്റെ കോട്ട കെട്ടിയതിന്റെ പേരിലാണ് ഫലസ്തീനികളെ ഭീകരരായി ചിത്രീകരിച്ച് കൊന്നുതള്ളുന്നത്. സത്യത്തിൽ ഹമാസ് എന്നത് ഒരു പ്രസ്ഥാനമല്ല. സ്വന്തം നാടിനെ വിഴുങ്ങാനെത്തിയ അധിനിവേശ സർപ്പത്തെ തുരത്തിയോടിക്കാൻ ഒരു ജനത നടത്തുന്ന പോരാട്ടത്തിന്റെ പേരാണത്. ഇസ്മാഈൽ ഹനിയ്യ ഉൾപ്പെടെ സമുന്നതരായ നേതാക്കൾ കൊല്ലപ്പെട്ടിട്ടും ഇസ്രാഈൽ പട്ടാളത്തിന്റെ തോക്കുകൾക്കു മുന്നിലും പോർവിമാനങ്ങൾക്കു കീഴെയും ഫലസ്തീനികൾ വീര്യം ചോർന്നുപോകാതെ പിടിച്ചു നിൽക്കുന്നതും അതുകൊണ്ടാണ്. യുദ്ധവും രക്തചൊരിച്ചിലും വ്യാപിപ്പിക്കാനാണ് ഇസ്രാഈൽ ആഗ്രഹിക്കുന്നത്. ഗസ്സയിൽ മാത്രമായി അത് ചുരുങ്ങിപ്പോകുന്നത് അവർ ഇഷ്ടപ്പെടുന്നില്ല. പരമാവധി വിസ്തൃതിയിൽ സംഘർഷത്തിന്റെ തീ ആളിക്കത്തിക്കാനാണ് ഇസ്രാഈൽ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഖത്തറിൽ പ്രവാസ ജീവിതം നയിക്കുന്ന ഇസ്രാഈൽ ഹനിയ്യയെ ഇറാനിൽ വന്ന് കൊലപ്പെടുത്തിയതിലൂടെ പശ്ചിമേഷ്യയെ യുദ്ധത്തിലേക്ക് തള്ളിവീഴ്ത്താനാനുള്ള നീക്കങ്ങൾ എളുപ്പമാകുമെന്ന് അവർ കണക്കുകൂട്ടുന്നുണ്ട്. സയണിസ്റ്റ് തന്ത്രങ്ങൾ കണ്ടറിഞ്ഞ് ഗൾഫ് രാഷ്ട്രങ്ങൾ ഐക്യപ്പെടുകയും ഏകോപിത പ്രതിരോധ സംവിധാനങ്ങൾ ഒരുക്കുകയും ചെയ്തില്ലെങ്കിൽ പ്രത്യാഘാതം ഭീകരമായിരിക്കും.

ഹനിയ്യയുടെ കൊലപാതകത്തിന് പ്രതികാരം ചെയ്യുമെന്ന് ഇറാൻ പ്രഖ്യാപിച്ചതുമുതൽ ഇസ്രാഈലും അമേരിക്കയും യുദ്ധത്തിനുള്ള സന്നാഹങ്ങൾ ആരംഭിച്ചിരിക്കുന്നു. പടക്കപ്പലുകളും പോർവിമാനങ്ങളും അയച്ചുകൊടുത്ത് സംഘർഷത്തിൽ ഇടപെടാൻ യു.എസ് അസാധാരണ ആവേശം കാണിക്കുന്നുണ്ട്. ഗസ്സയിൽ കുട്ടികളും സ്ത്രീകളമടക്കം പതിനായിരങ്ങളെ ഇസ്രാഈൽ കൊന്നുതള്ളുമ്പോൾ കണ്ട ഭാവം നടിക്കാതെ മിണ്ടാതിരിക്കുന്ന അമേരിക്കക്ക് സ്വന്തം അരുമയെ തൊടുമ്പോൾ വേദനിക്കുക സ്വാഭാവികം. മാത്രമല്ല, പശ്ചിമേഷ്യയിൽ യുദ്ധം കത്തിയാളുമ്പോൾ തുറന്നുകിട്ടുന്ന ആയുധ കച്ചവടത്തിലാണ് യു.എസിന്റെ കണ്ണ്. അമേരിക്കയെ ഉപയോഗിച്ച് ഇറാനെ പൊടിക്കണമെന്നൊരു ആഗ്രഹം ഇസ്രാഈൽ ഏറെക്കാലമായി കൊണ്ടുനടക്കുന്നുണ്ട്.

ഗസ്സയിലെ വംശഹത്യയിലുൾപ്പെടെ നേരിട്ടല്ലെങ്കിലും സജീവമായി ഇടപെടുന്ന ഇറാൻ ഇസ്രാഈലിനുണ്ടാക്കുന്ന തലവേദന ചെറുതല്ല. ലബനാനിലെ ഹിസ്ബുല്ലക്കും യമനിലെ ഹൂഥികൾക്കും എവിടെനിന്നാണ് ഊർജം ലഭിക്കുന്നതെന്ന് സണിസ്റ്റുകൾക്ക് നല്ലപോലെ അറിയാം. ഇറാനെ നിർവീര്യമാക്കുന്നതോടെ അത്തരം സായുധസംഘങ്ങൾ അടങ്ങുമെന്ന് ഇസ്രാഈൽ പ്രതീക്ഷിക്കുന്നു. എന്തിനേറെ ഹമാസിന് റോക്കറ്റ് സാങ്കേതികവിദ്യയും മറ്റ് സൈനിക സഹായങ്ങളും ലഭിക്കുന്നത് തെഹ്റാനിൽ നിന്നാണ്. ഹനിയ്യ നേതൃസ്ഥാനത്തേക്ക് എത്തിയതിനു ശേഷമാണ് ഹമാസിനുമേൽ ഇറാന്റെ സ്വാധീനം വർദ്ധിച്ചത്. അദ്ദേഹത്തെ ഇല്ലാതാക്കുന്നതിലൂടെ ഹമാസ് ദുർബലമാകുമെന്ന് ഇസ്രാഈൽ ചിന്തിക്കുന്നതും അതുകൊണ്ടാണ്. പക്ഷേ, നേതാക്കളെയും സാധാരണക്കാരെയും കൊന്നൊടുക്കിയതുകൊണ്ട് മാത്രം ഫലസ്തീൻ പോരാട്ടം കെട്ടടങ്ങില്ലെന്ന് അധികം വൈകാതെ ഇസ്രാഈലിന് ബോധ്യമാകും. ചതിക്കുറികളും ചോരച്ചാലുകളും വിമോചന പ്രസ്ഥാനങ്ങൾക്ക് വീര്യം പകരുക മാത്രമാണ് ചെയ്തിട്ടുള്ളത്.

### അടിക്കുറിപ്പ്

യൂത്ത് ലീഗിന്റെ ഊട്ടുപുര പൂട്ടിച്ചതിലൂടെ ദുരന്ത ഭൂമിയിൽ സർക്കാർ എന്ത് മഹത്തായ തീരുമാനമാണ് നടപ്പിലാക്കിയതെന്ന് മനസ്സിലാകുന്നില്ല. ഹൈ ജീൻ ആയ ഭക്ഷണം അല്ലെന്ന് പറഞ്ഞാണ് പൂട്ടിച്ചത്. എന്നാൽ ഇന്നലെ നൽകിയ ഭക്ഷണത്തിന് മൂന്ന് ദിവസത്തെയെങ്കിലും പഴക്കം ഉണ്ടെന്നാണ് കേട്ടത്. അപ്പൊ എന്താണ് ന്യായം. ദുരന്ത ഭൂമിയിൽ സർവ്വം സമർപ്പിച്ച് മടങ്ങുമ്പോ ആരും ഒരു കയ്യടിപോലും പ്രതീക്ഷിക്കുന്നില്ല. പക്ഷെ, നന്ദികേട് കാണിക്കുന്നത് ഒരു കുറ്റം തന്നെയാണ്. ഒരുമിച്ച് നിന്ന് ഒരു ദുരന്തത്തെ നേരിടുമ്പോൾ ഇങ്ങനെ സംസാരിക്കേണ്ടി വരുന്നതും നിർഭാഗ്യകരമാണ്.

പി.കെ കുഞ്ഞാലിക്കുട്ടി

### ചരിത്രത്തിൽ ഇന്ന്

1940 രണ്ടാം ലോകമഹായുദ്ധം: ലാത്വിയ സോവിയറ്റ് യൂണിയന്റെ ഭാഗമായി.
1949 ഇക്വഡോറിലുണ്ടായ ഭൂകമ്പത്തിൽ അമ്പതു പട്ടണങ്ങൾ തകരുകയും 6000ത്തിലധികം ആളുകൾ മരിക്കുകയും ചെയ്തു.
1962 നെൽസൺ മണ്ടേല ജയിലിലടക്കപ്പെട്ടു. ഈ ജയിൽ വാസം 1990 വരെ തുടർന്നു.
1963 അമേരിക്ക, ബ്രിട്ടൺ, സോവിയറ്റ് യൂണിയൻ എന്നീ രാജ്യങ്ങൾ അണുവായുധപരീക്ഷണങ്ങൾ നിർത്തിവക്കുന്നതിനുള്ള ഒരു കരാറിൽ ഒപ്പു വച്ചു.

# ഉയിർ ഉരുളെടുക്കുമ്പോൾ



**പി. ഇസ്മായിൽ**

വയനാട്ടിലെ ചൂരൽമല, മുണ്ടകൈ, അട്ടമല, മേഖലകളിൽ നടന്ന സമാനതകളില്ലാത്ത ഉരുൾപൊട്ടലിനെ തുടർന്നുള്ള കരളലയിപ്പിക്കുന്ന കാഴ്ചകൾ കണ്ട് കേരളം വിറങ്ങലിച്ചു നിൽക്കുകയാണ്. 50 വർഷത്തിനിടയിൽ സംസ്ഥാനത്തുണ്ടായ ഉരുൾപൊട്ടലിൽ 295 പേരാണ് മരിച്ചതെങ്കിൽ വയനാട്ടിൽ ഒറ്റ രാത്രിയിൽ മാത്രം 500 ൽ പരം മനുഷ്യരെയാണ് മണ്ണെടുത്തത്. അറുപതോളം കുട്ടികളടക്കം 369 പേരുടെ മരണമാണ് ഇതിനകം റിപോർട്ട് ചെയ്യപ്പെട്ടത്. അവരിൽ പലരുടെയും മൃതദേഹങ്ങൾ തിരിച്ചറിയാൻ പോലും കഴിയാത്തതിനാൽ സർവ്വമത പ്രാർത്ഥനകളോടെയാണ് അന്തിമകർമ്മങ്ങൾ നിർവഹിക്കുന്നത്. മരണത്തിന് സമാനമായ അവസ്ഥയിൽ കാണാതായവരുടെ എണ്ണം 200 ൽ കൂടുതലാണ്.

**50 വർഷത്തിനിടയിൽ സംസ്ഥാനത്തുണ്ടായ ഉരുൾപൊട്ടലിൽ 295 പേരാണ് മരിച്ചതെങ്കിൽ വയനാട്ടിൽ ഒറ്റ രാത്രിയിൽ മാത്രം 500 ൽ പരം മനുഷ്യരെയാണ് മണ്ണെടുത്തത്. അറുപതോളം കുട്ടികളടക്കം 369 പേരുടെ മരണമാണ് ഇതിനകം റിപോർട്ട് ചെയ്യപ്പെട്ടത്. അവരിൽ പലരുടെയും മൃതദേഹങ്ങൾ തിരിച്ചറിയാൻ പോലും കഴിയാത്തതിനാൽ സർവ്വമത പ്രാർത്ഥനകളോടെയാണ് അന്തിമകർമ്മങ്ങൾ നിർവഹിക്കുന്നത്. മരണത്തിന് സമാനമായ അവസ്ഥയിൽ കാണാതായവരുടെ എണ്ണം 200 ൽ കൂടുതലാണ്.**

വീടിന്റെയും കെട്ടിടത്തിന്റെയും കൃഷിയുടെയും ജീവനോപാധികളുടെയും നഷ്ട കണക്കെടുപ്പിൽ അയ്യായിരത്തോളം പേർ ദുരന്തത്തിന്റെ ഇരകളായി തീർന്നിരിക്കുകയാണ്.

കാലാവസ്ഥ വ്യതിയാനത്തെ തുടർന്നുള്ള തീവ്രമഴയാണ് ഉരുൾപൊട്ടലിൽ കലാശിച്ചത്. 48 മണിക്കൂറിനുള്ളിൽ 572 മില്ലി മീറ്ററോളം തുടർച്ചയായി പെയ്തിറങ്ങിയ മഴയെ തുടർന്നാണ് മണിക്കൂറുകളുടെ വിത്യാസത്തിൽ രണ്ടിടങ്ങളിലായി വയനാട്ടിൽ ഉരുൾപൊട്ടിയത്. വനനശീകരണം, ഭൂമികയ്യേറ്റം, പരിസ്ഥിതിക്ക് ഇണങ്ങാത്ത കൃഷി രീതികൾ, കാലാവസ്ഥയിലും മഴയുടെ സ്വഭാവത്തിലും തോതിലും വന്ന മാറ്റങ്ങളും അനധികൃത ക്വാറികളുടെ പ്രവർത്തനങ്ങളുമാണ് സംസ്ഥാനത്തെ ഉരുൾപൊട്ടലിന്റെയും മണ്ണിടിച്ചിലിന്റെയും പ്രധാന കാരണം. ജലാംശം സംഭരിക്കാനുള്ള മണ്ണിന്റെ ശേഷികുറവ് വനത്തിനുള്ളിൽ പോലും ഉരുൾപൊട്ടൽ ക്ഷണിച്ചു വരുത്തും.

ഇന്ത്യയിൽ കൂടുതൽ ഉരുൾപൊട്ടലിനു സാധ്യതയുള്ള 30 ജില്ലകളിൽ പത്തെണ്ണവും കേരളത്തിലാണ്. അതിൽ വയനാട് പത്താം സ്ഥാനത്താണ്. 5607 ച . കി മി പ്രദേശത്ത് ഉരുൾപൊട്ടലിനുള്ള സാധ്യതകളുണ്ടെന്ന് വിവിധ പഠനങ്ങൾ റിപോർട്ട് ചെയ്തത് ഗൗരവതരമാണ്. ഗ്രാമങ്ങൾ തന്നെ അപ്രത്യക്ഷമാവുകയും വാസയോഗ്യമല്ലാത്ത തരത്തിൽ ഭൂമിയുടെ സ്വഭാവം മാറുകയും ചെയ്യുന്ന രീതിയിൽ വെള്ളവും ജലവും പാറയും ഒഴുകിവരുന്ന അതി തീവ്രമായ ഉരുൾപൊട്ടലുകളാണ് ആണ്ടുതോറും നടമാടുന്നത്. ദുരന്ത ഭൂമിയിൽ മരുന്നും ഭക്ഷണവും വസ്ത്രവും എത്തിച്ചു കൊടുത്തും വീടുകൾ നിർമിച്ചും കേരളം അതിജീവന മാതൃകകൾ തീർക്കുമ്പോൾ തന്നെ മലകളിടിഞ്ഞെത്തുന്ന മഹാദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാനും കഴിയേണ്ടതുണ്ട്.

പ്രകൃതി വിഭവങ്ങൾ നീതിപൂർവ്വകമായി വിനിയോഗിക്കുന്നതിലും വീതിച്ചെടുക്കുന്നതിലും അടുത്ത തലമുറക്കായി കാത്തു സൂക്ഷിക്കുന്നതിലും നമുക്ക് മുമ്പ് ജീവിച്ചവർ അതീവ ജാഗ്രത പുലർത്തിയിരുന്നു. അങ്ങിനെയുള്ള കരുതലിന്റെ ഗുണഫലമായിട്ടാണ് ഇന്ന് ഭൂമുഖത്ത് വസിക്കുന്നവർക്കെല്ലാം തന്നെ ശുദ്ധവായുവും ശുദ്ധജലവും നല്ല ആവാസ വ്യവസ്ഥിതിയും ലഭിക്കാനിടയായത്. പ്രകൃതിയോട് ഇണങ്ങിയും ആദരിച്ചും പരിപാലിച്ചും കഴിഞ്ഞിരുന്ന അവസ്ഥയിൽ നിന്നും ഭൂമിയിലെ എല്ലാ വസ്തുക്കളും തനിക്ക് കൊള്ളയടിക്കാനുള്ളതാണെന്നും താൻ മാത്രമാണ് ഭൂമിയുടെ അവകാശിയെന്നുമുള്ള ചിന്തയിലേക്കാണ് മനുഷ്യർ വഴി മാറി നടക്കുന്നത്.

പ്രളയം, ചുഴലികാറ്റ്, കൊടുങ്കാറ്റ്, ഉരുൾപൊട്ടൽ, കാട്ടുതീ, വരൾച്ച, ഭൂചലനം തുടങ്ങിയ പ്രകൃതിദുരന്തങ്ങളെല്ലാം നമ്മുടെ നാട്ടിലെത്തിയത് മേൽ പരാമർശിച്ച ദുഷ്ടചിന്തയുടെ ഫലമായിട്ടാണ്. ഇന്നിപ്പോൾ പ്രകൃതി വിഭവങ്ങൾ ചൂഷണം ചെയ്യുന്നത് ആവശ്യങ്ങളേക്കാളുപരി ആഡംബരങ്ങൾക്ക് വേണ്ടിയാണ്. വൻകിട കെട്ടിട സമുച്ചയങ്ങളും ഫാക്ടറികളും റിസോർട്ടുകളും നിർമിക്കുന്നതിന് വേണ്ടിയാണ് ഖനനങ്ങളിധകവും നടക്കുന്നത്. ചതുപ്പുനിലങ്ങളും വയലുകളും നികത്തി കൊണ്ടാണ് ആകാശം മുട്ടെയുള്ള അംബരചുംബികൾ തലയുയർത്തി നിൽക്കുന്നത്. അവിടം നികത്താനാവശ്യമായ മണ്ണിനു വേണ്ടിയാണ് കുന്നുകളായ കുന്നുകളും മലകളുമെല്ലാം നിരപ്പാക്കുന്നത്. കോർപ്പറേറ്റ് കമ്പനികളുടെയും ധനാഢ്യരുടെയും ലാഭ കൊയ്ത്തിനു വേണ്ടി നടത്തുന്ന ഇത്തരം കയ്യേറ്റങ്ങളുടെ ദുരന്തഫലം ഇന്നത്തെ തലമുറയിൽ മാത്രം അവസാനിക്കുന്നതല്ല.

ജീവജാലങ്ങളൊന്നുമില്ലാതെ മനുഷ്യർക്ക് മാത്രമായി ഭൂമിയിൽ സുഖവാസം സാധ്യമാവില്ലന്ന കാര്യം ഇനിയെങ്കിലും നമ്മൾ തിരിച്ചറിയണം. കുന്നുകൾക്കും മലകൾക്കും നേരെ ലാഭേഛയോടെയുള്ള നോട്ടങ്ങൾക്ക് പകരം അവയെല്ലാം കോടിക്കണക്കിന് ലിറ്റർ വെള്ളം സംഭരിച്ചു വെക്കുന്ന ജല കൂടങ്ങളായി കാണാൻ പരിശീലിക്കണം. വെള്ളപ്പൊക്കം തടഞ്ഞു നിർത്തുന്ന നെൽവയലേലകളും തണ്ണീർതടങ്ങളും മണ്ണിട്ട് നികത്തുന്ന സമീപനം ദുരന്തം വിളിച്ചു വരുത്തുന്നതാണെന്ന കാര്യം ഓരോരുത്തർക്കും സ്വയം ബോധ്യപ്പെടണം. മലമുകളിലെ മരങ്ങൾ മുറിച്ചു മാറ്റപ്പെടുമ്പോൾ ആദ്യം അത് മണ്ണൊലിപ്പിലും ഏറ്റവുമവസാനം ഉരുൾപൊട്ടലിലും കലാശിക്കും. മണ്ണുമാന്തിയന്ത്രങ്ങളും കോടാലി കൈകളുമായി മലമടക്കുകളിലേക്ക് എഴുന്നള്ളുന്ന പ്രകൃതി ഘാതകർക്ക് മുന്നിൽ ഒറ്റപ്പെട്ടവരുടെ ദീനരോദനങ്ങൾക്കു പകരം അരുതെന്നു ഉറക്കെ പറയാൻ ആൾകൂട്ടങ്ങൾ ഉണ്ടാവണം.

വികസിത രാഷ്ട്രങ്ങളിൽ പ്രകൃതിദുരന്തമുണ്ടാവുമ്പോൾ ഇവിടത്തെ അപേക്ഷിച്ച് നാശനഷ്ടങ്ങൾ തുലോം കുറവാണ്. അപകട സാധ്യതയുള്ള ഇടങ്ങളിൽ കെട്ടിട നിർമാണത്തിന് ഭരണ കൂടങ്ങൾ അനുമതി നിഷേധിച്ചും ദുരന്തനിവാരണ സാക്ഷരത നടപ്പിലാക്കിയുമാണ് അവർ അതിനെ അതിജയിക്കുന്നത്. പെട്ടിമുടിയിലും കവളപ്പാറയിലും പുത്തുമലയിലും ഉരുൾപൊട്ടിയതിൽ നിന്നും മുൻകരുതലിന്റെ പാഠങ്ങൾ ഒന്നും തന്നെ നാം പഠിച്ചിട്ടില്ല എന്നാണ് ഇപ്പോൾ ചൂരൽമലയും മുണ്ടകൈയ്യും പഠിപ്പിക്കുന്നത്. മഞ്ഞ, ചുവപ്പ്, ഓറഞ്ച് എന്നി മുന്നറിയിപ്പുകൾ നൽകുന്ന സംവിധാനം മാത്രമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മാറിയ അവസ്ഥക്ക് ഇനിയെങ്കിലും മാറ്റം കൊണ്ട് വരാൻ സർക്കാരിന് കഴിയേണ്ടതുണ്ട്.പ്രദേശിക തലത്തിൽ മഴ പ്രവചനങ്ങളും ഉരുൾപൊട്ടലിന്റെ സാധ്യത മാപ്പിങ്ങും തയ്യാറാക്കാനും മഴമേഘ ശാസ്ത്രജ്ഞർ ഉൾപ്പെടെയുള്ള വിദഗ്ദ്ധരെ ദുരന്ത നിവാരണ സമിതിയിൽ ഉൾപ്പെടുത്താനും ആവശ്യമായ ഉപകരണങ്ങൾ ഉറപ്പ് വരുത്താനും സംസ്ഥാന ഭരണ കൂടത്തിനു കഴിയേണ്ടതുണ്ട്.




# വൈറ്റ്ഗാർഡ്: സന്നദ്ധ സേവന വഴിയിലെ വിസ്മയം



**ഗഫൂർ കോൽക്കളത്തിൽ**

ദുരന്തമുഖത്ത് ജീവൻപണയം വെച്ച് രക്ഷാ പ്രവർത്തനം നടത്തുന്ന മുസ്‌ലിം യൂത്ത് ലീഗ് വൈറ്റ് ഗാർഡ് കേരളം നെഞ്ചേറ്റിയ സന്നദ്ധ സേനയാണ്. സഹജീവികളെ ചേർത്ത് പിടിക്കാൻ കരുണയും കരുതലും കൈമുതലാക്കി ആത്മസമർപ്പണത്തോടെ ദുരിത മേഖലയിൽ നിറസാന്നിദ്ധ്യമായ വൈറ്റ് ഗാർഡിനെ മലയാള മനസ്സ് ഏറ്റെടുത്ത പ്രധാന സന്നദ്ധ സംഘമാണ്. വയനാട് ദുരന്തമുഖത്ത് നിറഞ്ഞു നിൽക്കുന്ന വൈറ്റ് ഗാർഡിനെ ഇന്നു കേരളം ചർച്ച ചെയ്യുമ്പോൾ ചിലകേന്ദ്രങ്ങളിൽ അസ്വസ്തതയുണ്ടാകുന്നതും അജ്ഞത പ്രചരിപ്പിക്കുന്നതും ഈ സന്നദ്ധ സംഘ



ത്തെ കുറച്ചു അറിവില്ലായ്മ കൊണ്ടല്ല. വൈറ്റ് ഗാർഡിലൂടെ മുസ്‌ലിം ലീഗ് നടത്തുന്ന സേവനത്തെ ഉൾക്കൊള്ളാനുള്ള മനസ്സില്ലാത്തതാണ് കാരണം.

2018 ന്റെ തുടക്കത്തിലാണ് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങളുടെയും പി.കെ ഫിറോസിന്റെയും നേതൃത്വത്തിൽ വൈറ്റ് ഗാർഡ് സേനക്ക് തുടക്കം കുറിക്കുന്നത്. തുടർന്ന് ആഗസ്റ്റിൽ ഉണ്ടായ പ്രളയത്തോടെ ഈ സന്നദ്ധ സേവക സംഘത്തിന്റെ കർമശേഷിയും അനിവാര്യതയും മലയാള മണ്ണ് മനസ്സിലാക്കി. കേരളത്തെ, വിശിഷ്യാ തെക്കൻ ദേശത്തെ വിഴുങ്ങിയ പ്രളയകാലം മലയാളികളാരും മറന്നിട്ടില്ല. സ്വന്തമായ യൂണിഫോം പോലും വൈറ്റ് ഗാർഡിനു ഇല്ലാതിരുന്ന അന്ന് നിരായുധരായി സന്നദ്ധ പ്രവർത്തന ഗോധയിൽ സമാനതകളില്ലാത്ത സേവനം ചെയ്യുമ്പോൾ ഈ സംഘത്തിന്റെ ഐഡെന്റിറ്റി അവരുടെ മനസ്സിനകത്തെ വിശ്വാസവും ആദർശവും മാത്രമായിരുന്നു.

പ്രളയാനന്തര കേരളത്തെ തിരുച്ചു കൊണ്ട് വന്നതിൽ വൈറ്റ് ഗാർഡ് അംഗങ്ങളുടെയും വിയർപ്പിന്റെ ഗന്ധം ശ്വസിക്കാനാകും. 2018 നവംബർ 24ന് കാസർകോട് നിന്നും സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങളുടെ നായകത്വത്തിൽ പ്രയാണം ആരംഭിച്ച യുവജനയാത്രയുടെ ഭാഗമായി വൈറ്റ് ഗാർഡിന് യൂണിഫോമും ലോഗോയും തയാറായി. ഡിസംബർ 24 ന് തിരുവനന്തപുരം നഗരത്തെ വലയം ചെയ്ത പരേഡിന് ശേഷം ചന്ദ്രശേഖർ നായർ സ്റ്റേഡിയത്തിൽ വെച്ച് ആദരണീയനായ പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ വൈറ്റ് ഗാർഡ് എന്ന സന്നദ്ധ സംഘത്തെ ഔദ്യോഗികമായി കൈരളിക്ക് സമർപ്പിച്ചു. പിന്നീടിങ്ങോട്ട് സാന്ത്വന, രക്ഷാ പ്രവർത്തനങ്ങളിൽ സമാനതകളില്ലാത്ത സേവനങ്ങളുമായി വൈറ്റ് ഗാർഡ് സംസ്ഥാനത്തെ പ്രധാന സന്നദ്ധ സംഘമായി മാറി.

2019 ലെ പ്രളയ ദുരിത മേഖലയിലും വൈറ്റ് ഗാർഡ് ശ്രദ്ധനേടി. കോവിഡ് കാലത്തെ വൈറ്റ് ഗാർഡ് സേവനം കേരളീയരുടെ പ്രാർത്ഥനയുടെ ഭാഗമായി. ഉറ്റവരും ഉടയവരും പോലും സമീപിക്കാൻ ഭയപ്പെട്ട കോവിഡ് ബാധിതർക്ക് ഭക്ഷണപ്പൊതിയും മരുന്നും എത്തിച്ചു നൽകുവാൻ വൈറ്റ് ഗാർഡ് മടിച്ചില്ല. ഒരു ദുരന്തമായി മരിച്ചു വീഴുന്ന മനുഷ്യ സഹോദരങ്ങളെ കുളിപ്പിക്കുകയും സംസ്കരിക്കുകയും മറമാടുകയും ചെയ്തവരിൽ മുൻപന്തിയിൽ ഈ സന്നദ്ധ സംഘമായിരുന്നു. രാപകൽ ഭേദമില്ലാതെ പള്ളിക്കാട്ടിൽ ഖബർ കുഴിക്കാനും മയ്യിത്ത് ഖബറടക്കം ചെയ്യാനും കേരളീയർ ആശ്രയിച്ചത് വൈറ്റ് ഗാർഡിനെയായിരുന്നു. സഹോദര സമുദായത്തിൽ മരണപ്പെട്ടവരുടെ മൃതദേഹങ്ങളും സംസ്കരിക്കാൻ വൈറ്റ് ഗാർഡ് തന്നെയായിരുന്നു. നിപയുൾപ്പെടെ പകർച്ചവ്യാധി മരണങ്ങൾ സംഭവിച്ചിടങ്ങളിലും മരണാനന്തര ചടങ്ങുകൾ നിർവ്വഹിക്കാൻ ഒരു ഭയാശങ്കയുമില്ലാതെ യൂത്ത് ലീഗിന്റ ഈ ചുണകുട്ടികൾ മുൻപിലുണ്ടായിരുന്നതും കേരളം മറന്നിട്ടില്ല. എന്തിനുമേതിനും കൈകൂലിയും പാരിദോഷികവും സാർവത്രികമായ കാലത്ത് ഒരു ചില്ലി കാശ് ചോദിച്ചോ, ഒരു ചായ ചോദിച്ചോ ചെയ്ത സേവനത്തിന്റെ പേരിൽ ഒരു ആരോപണവും ഇന്നാളുവരെ വൈറ്റ് ഗാർഡിന്റെ പേരിൽ ഉണ്ടായിട്ടില്ല. കൃത്യമായ പരിശീലനവും അച്ചടക്കവും അർപ്പണമനോഭാവവും ശിലിച്ചിവരാണ് ഈ സംഘമെന്ന് ചിലരെ ഈ സമയം ഓർമപ്പെടുത്തേണ്ടിവരുന്നു. സംസ്ഥാന തലത്തിലും ജില്ലാ, മണ്ഡലം തലങ്ങളിലും പ്രത്യേകം പരിശീലനങ്ങൾ വൈറ്റ് ഗാർഡിനു നൽകിവരുന്നുണ്ട്.

ദുരന്ത വിവരമറിഞ്ഞ് തുണിക്കടയിൽ പോയി മഞ്ഞ ടീഷർട്ട് വാങ്ങി പ്രിന്റ് ചെയ്തു കൈയടി വാങ്ങാനെത്തിയവരാണെന്ന് വിടുവായിത്തം പറയുന്ന സംഘിയും സമാനമായ രീതിയിൽ അഭിപ്രായം പറയുന്ന സഖാക്കളും തമ്മിലുള്ള വ്യത്യാസം കൊടിയുടെ നിറത്തിൽ മാത്രമാണ്. നിത്യതൊഴിൽ എടുത്ത് കുടുംബം പോറ്റുന്ന യൂത്ത് ലീഗിന്റെ ഉശിരുള്ള ചുണക്കുട്ടികളാണ് വൈറ്റ് ഗാർഡ്. തൊഴിലും കൂലിയും ഒഴിവാക്കി ദുരിത മേഖലയിൽ രക്ഷാ പ്രവർത്തന രംഗത്ത് ചടുലതയോടെ പ്രവർത്തിക്കുന്ന വൈറ്റ് ഗാർഡിന്റെ സേവനം മലയാളിയുടെ മനസ്സിലാണുള്ളത്. കുബുദ്ധി കൊണ്ടും ദുരാരോപണം കൊണ്ടും സേവന രംഗത്തു നിന്ന് വൈറ്റ് ഗാർഡിനെയും മുസ്‌ലിം ലീഗിനെയും പിന്തിരിപ്പിക്കാൻ കഴിയുമെന്ന് ആരും വ്യാമോഹം വെക്കേണ്ടതില്ല. ഇത് ഞങ്ങളുടെ വിശ്വാസവും ആദർശവുമാണ്.

കണ്ണുനീർ വീഴുന്നിടത്തും വാവിട്ടു കരയുന്നിടത്തും സമാശ്വാസത്തിന്റെ തെളിനീരുമായി എത്തുന്ന പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങളുടെ നിഴലിൽ സേവന സന്നദ്ധരായി യൂത്ത് ലീഗും വൈറ്റ് ഗാർഡും ഉണ്ടാകും. പാണക്കാട്ടെ വലിയ തങ്ങളുടെ അനുഗ്രഹ ആശീർവാദവും യൂത്ത് ലീഗ് സംസ്ഥാന അദ്ധ്യക്ഷൻ പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങളുടെ ലാളനയും വാൽസല്യവും കൃത്യമായ ഉപദേശവമാണ് വൈറ്റ് ഗാർഡിനെ നയിക്കുന്നത്. യൂത്ത്ലീഗ് ജന.സെക്രട്ടറി പി.കെ ഫിറോസിന്റെ കണിശവും ചടുലവുമായ നിർദ്ദേശവും നിയന്ത്രണവും സംസ്ഥാന കോർഡിനേറ്റർ ഫൈസൽ ബാഫഖി തങ്ങളുടെ നിരന്തരമായ മേൽനോട്ടവും കേരളത്തിൽ പതിനായിരത്തോളം വരുന്ന വൈറ്റ് ഗാർഡ് സേനാംഗങ്ങളെ സന്നദ്ധ സേവന രംഗത്ത് കർമ നിരതമാക്കുന്നത്.

വയനാട് ദുരന്ത മുഖത്ത് കഴിഞ്ഞ അഞ്ചു ദിവസമായി യൂത്ത് ലീഗ് ട്രഷറർ പി. ഇസ്മായിൽ, കോർഡിനേറ്റർ ഫൈസൽ ബാഫഖി തങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ ഭാവാഹികൾ ക്യാമ്പ് ചെയ്താണ് നൂറുക്കണക്കിന് വൈറ്റ് ഗാർഡിനെ കോർഡിനേറ്റ് ചെയ്യുന്നത്. ഉരുൾ പൊട്ടിയ ചൂരൽ മലയിലും മുണ്ടക്കൈയിലും മാത്രമല്ല ചാലിയാറിലും പോത്തുക്കല്ലിലും തുടങ്ങി എല്ലാ സ്ഥലത്തും തിരിച്ചിൽ നടത്താനും മറ്റും വൈറ്റ് ഗാർഡുണ്ട്. ആശുപത്രികളിൽ, ദുരിതാശ്വാസ ക്യാമ്പുകളിൽ, പള്ളി ഖബർ സ്ഥാനികളിൽ, ആംബുലൻസുകളിൽ, ഭക്ഷണ പാചക ശാലകളിൽ എല്ലാം കണ്ണിൽ എണ്ണയൊഴിച്ച് സഹജീവികളെ ചേർത്തു നിർത്താൻ അവരുണ്ട്. നരിപ്പറ്റയിലെ വൈറ്റ് ഗാർഡിന്റെ ഊട്ടുഇരയിൽ ഒരു ദിനം പതിനായരം പേർക്കാണ് വെച്ചുവിളമ്പിയത്. ഇവിടെ നിന്നും പാർസൽ ആയി ദുരന്തമേഖലയിലെ മനുഷ്യർക്ക് വിശപ്പടക്കാൻ കൊണ്ട് പോകുന്ന ഭക്ഷണ പ്പൊതിയിൽ എവിടെയും യൂത്ത് ലീഗിന്റെയോ, വൈറ്റ് ഗാർഡിന്റെയോ സ്റ്റിക്കറോ ലോഗോയോ ഇല്ല. വൈറ്റ്ഗാർഡിന്റെ മുന്നിൽ ജാതിയുടെയും മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും വേലിക്കെട്ടുകളില്ല. സഹനം, സമർപ്പണം അതു മാത്രമണവരുടെ മുഖമുദ്ര. ഭരണകൂടമായാലും വിദ്വേഷ രാഷ്ട്രീയക്കാരായാലും കാണിക്കുന്ന അസഹിഷ്ണുതയും കുതന്ത്രങ്ങളും മലയാള മനസ്സ് തിരിച്ചറിയും.

**2018 നവംബർ 24ന് കാസർകോട് നിന്നും സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങളുടെ നായകത്വത്തിൽ പ്രയാണം ആരംഭിച്ച യുവജനയാത്രയുടെ ഭാഗമായി വൈറ്റ് ഗാർഡിന് യൂണിഫോമും ലോഗോയും തയാറായി. ഡിസംബർ 24 ന് തിരുവനന്തപുരം നഗരത്തെ വലയം ചെയ്ത പരേഡിന് ശേഷം ചന്ദ്രശേഖർ നായർ സ്റ്റേഡിയത്തിൽ വെച്ച് ആദരണീയനായ പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ വൈറ്റ് ഗാർഡ് എന്ന സന്നദ്ധ സംഘത്തെ ഔദ്യോഗികമായി കൈരളിക്ക് സമർപ്പിച്ചു. പിന്നീടിങ്ങോട്ട് സാന്ത്വനരക്ഷാ പ്രവർത്തനങ്ങളിൽ സമാനതകളില്ലാത്ത സേവനങ്ങളുമായി വൈറ്റ് ഗാർഡ് സംസ്ഥാനത്തെ പ്രധാന സന്നദ്ധ സംഘമായി മാറി.**

(യൂത്ത് ലീഗ് സംസ്ഥാന സെക്രട്ടറിയാണ് ലേഖകൻ)

RNI Reg No. KERMAL/2009/30266. Vol No.16. Issue No. 114 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikkode at Chandrika Press, Bypass road, Malappuram - 676 509.
Editor-Kamal Varadoor ( responsible for selection of news under PRB Act). Phone: 0483-2735901, 2735902, 2733283, Email-chandrikanews@gmail.com, chandrikaadmlp@gmail.com



## ജനങ്ങളെ നിരാശപ്പെടുത്തരുത്

ന്യൂഡൽഹി: പരിഹാരം തേടിയെത്തുന്ന ജനങ്ങൾ കോടതി നടപടികൾ മൂലം നിരാശരാകരുതെന്ന് സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഢ്. കോടതിയിലെ നടപടിക്രമങ്ങൾ തന്നെ ഒരു ശിക്ഷയായി ജനം കരുതുകയാണ്. ഈ അവസ്ഥക്ക് മാറ്റമുണ്ടാകണം. നടപടിക്രമങ്ങളിൽ മനംമടുത്ത് പലരും ഒത്തുതീർപ്പിലെത്തുകയാണ്. ഒരു ജഡ്ജിയെന്ന നിലയിൽ ഇത് ആശങ്കയുണ്ടാക്കുന്ന കാര്യമാണ്. ലോക് അദാലത്തുകൾക്ക് കേസുകൾ രമ്യമായി ഒത്തുതീർക്കുന്നതിൽ വലിയ പങ്കുവഹിക്കാനാകും. സുപ്രീംകോടതി ഡൽഹിയിലാണ് ഉള്ളതെങ്കിലും അത് ഡൽഹിയുടെ മാത്രമല്ല. രാജ്യത്തെ എല്ലാ ജനങ്ങളുടെയും കോടതിയാണ്.



## ബിജെപിക്ക് അധികാരക്കൊതി

മുംബൈ: ഭരണത്തിലെത്താൻ ബി.ജെ.പി എന്ത് നെറികേടും കാട്ടുമെന്ന് മഹാരാഷ്ട്ര മുൻ മുഖ്യമന്ത്രിയും ശിവസേന (യു.ബി.ടി) നേതാവുമായ ഉദ്ധവ് താക്കറെ. രാഷ്ട്രീയ പാർട്ടികളെ തകർത്ത് അവർ അധികാര ഭ്രമത്തിൽ മുഴുകുകയാണ്. മഹാരാഷ്ട്രയിൽ ശിവസേനയേയും എൻ.സി.പിയേയും ബി.ജെ.പി പിളർത്തി. മറ്റു പല സംസ്ഥാനങ്ങളിലും ഇതേ അവസ്ഥയാണ്. ശിവസേന ഹിന്ദുത്വം വെടിയണമെന്നാണ് അമിത് ഷാ പറയുന്നത്. ഞങ്ങളെന്തിനത് ഉപേക്ഷിക്കണം? നവാസ് ശരീഫ് പ്രധാനമന്ത്രിയായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ പിറന്നാൾ കേക്ക് കഴിക്കാൻ പാകിസ്താനിലേക്ക് പോയവർ ഞങ്ങളെ ഹിന്ദുത്വം പഠിപ്പിക്കാൻ വരേണ്ട.

# ഇന്ത്യ വാർത്തകൾ

## ചുരുക്കത്തിൽ

### ഉദ്യോഗസ്ഥയെ അധിക്ഷേപിച്ച് ബംഗാൾ മന്ത്രി; രാജിക്ക് സമ്മർദ്ദം

കൊൽക്കത്ത: വനിതാ ഫോറസ്റ്റ് ഓഫീസറെ അധിക്ഷേപിച്ച് പശ്ചിമ ബംഗാൾ മന്ത്രിയും തൃണമൂൽ കോൺഗ്രസ് നേതാവുമായ അഖിൽ ഗിരി. പുർബ മേദിനിപൂർ ജില്ലയിലെ ഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച സംഭവത്തിലാണ് വനം വകുപ്പ് ഉദ്യോഗസ്ഥയെയും സംഘത്തെയും മന്ത്രി ഭീഷണിപ്പെടുത്തുകയും അസഭ്യം പറയുകയും ചെയ്തത്. ഇതിന്റെ ശബ്ദരേഖ പുറത്തുവന്നതോടെ മന്ത്രി രാജിവെക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷം രംഗത്തെത്തി. മന്ത്രിയെ അറസ്റ്റ് ചെയ്യണമെന്ന് ബി.ജെ.പി ആവശ്യപ്പെട്ടു. എന്നാൽ അഖിൽ ഗിരിയുടെ പെരുമാറ്റത്തെ പിന്തുണയ്ക്കില്ലെന്ന് തൃണമൂൽ വ്യക്തമാക്കി. മന്ത്രി വനിതാ ഫോറസ്റ്റ് ഓഫീസറോട് മാപ്പ് പറയണമെന്നും രാജി ഉടൻ വെക്കണമെന്നും തൃണമൂൽ ദേശീയ വക്താവുമായ ഡോ.ശാന്തനു ആവശ്യപ്പെട്ടു. രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ രൂപത്തെക്കുറിച്ച് മോശം പരാമർശം നടത്തിയതിന് 2022ലും അഖിൽ ഗിരി വിവാദത്തിൽപ്പെട്ടിരുന്നു. പ്രസ്താവനയെ അപലപിച്ച് രംഗത്തെത്തിയ മുഖ്യമന്ത്രി മമതാ ബാനർജി അഖിൽ ഗിരിക്ക് കനത്ത മുന്നറയിപ്പാണ് അന്ന് നൽകിയത്.

### ലൗജിഹാദിന് ജീവപര്യന്തം; നിയമം ഉടനെന്ന് അസം മുഖ്യമന്ത്രി

ഗുവാഹത്തി: ലൗജിഹാദ് കേസുകളിൽ ജീവപര്യന്തം ശിക്ഷ വ്യവസ്ഥ ചെയ്ത് നിയമ ഭേദഗതി കൊണ്ടുവരുമെന്ന് അസം മുഖ്യമന്ത്രി ഹിമന്ത ബിശ്വശർമ്മ. സർക്കാർ ജോലികൾ അസം പൗരന്മാർക്ക് മാത്രമായി പരിമിതപ്പെടുത്തുന്ന നിയമം കൊണ്ടുവരുമെന്നും ഹിമന്ത പറഞ്ഞു. ന്യൂനപക്ഷ വിരുദ്ധ നീക്കങ്ങളിലൂടെ തുടർച്ചയായി വിവാദങ്ങളിൽ ഇടംപിടിക്കുന്ന അസം മുഖ്യമന്ത്രിയുടെ പുതിയ നീക്കത്തിനെതിരെ വിമർശനം ഉയർന്നിട്ടുണ്ട്. സർക്കാർ ജോലികളിൽ നിന്ന് മുസ്‌ലിം ന്യൂനപക്ഷങ്ങളെ അകറ്റി നിർത്തുന്നതിനുള്ള നീക്കമാണ് ബി.ജെ.പി സർക്കാർ നടത്തുന്നതെന്നാണ് വിമർശനം.

### ഗർഭിണിയെ നഗ്നയാക്കി പരേഡ്; ഭർത്താവ് അടക്കം 17 പേർക്ക് തടവ്

ജയ്പൂർ: രാജസ്ഥാനിൽ 20 വയസ്സുള്ള ഗർഭിണിയെ നഗ്നയാക്കി പരേഡ് നടത്തിച്ച സംഭവത്തിൽ ഭർത്താവുൾപ്പെടെ 17 പേർക്ക് തടവ് ശിക്ഷ. പ്രതികളിൽ മൂന്നു പേർ സ്ത്രീകളാണ്. മണിപ്പൂരിൽ നടന്നതിന് സമാനമായ നിഷ്ഠുര കുറ്റകൃത്യമാണെന്ന് ചൂണ്ടിക്കാട്ടിയാണ് പ്രതാപ്ഗഢിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി ശിക്ഷ വിധിച്ചത്. യുവതിയുടെ ഭർത്താവുൾപ്പെടെ 14 പുരുഷന്മാരെ ഏഴ് വർഷത്തെ തടവിനാണ് ശിക്ഷിച്ചത്. മൂന്ന് സ്ത്രീകൾക്ക് അഞ്ച് വർഷം തടവും വിധിച്ചു. പ്രതികൾ ചെയ്തത് ഗുരുതരമായ കുറ്റകൃത്യമാണ്. മണിപ്പൂരിലും സമാനമായ ഹീനമായ കുറ്റകൃത്യം നടന്നു. ഇത്തരം കുറ്റകൃത്യങ്ങൾ തടയാൻ കർശന നടപടി ആവശ്യമാണ്, അപ്പോൾ മാത്രമേ കുറ്റകൃത്യങ്ങൾ കുറയൂ- ജസ്റ്റിസ് രാംകന്യ സോണി വ്യക്തമാക്കി. കഴിഞ്ഞ വർഷം ആഗസ്റ്റ് 31 ന് പ്രതാപ്ഗഢിലെ ധാരിയവാഡ് പട്ടണത്തിലെ നിച്‌ലക്കോട്ട ഗ്രാമത്തിലായിരുന്നു കേസിനാസ്പദമായ സംഭവം. യുവതിക്ക് മറ്റൊരാളുമായി ബന്ധമുണ്ടെന്നാരോപിച്ചാണ് ഭർത്താവ് കൻഹ മീണയുടെ നേതൃത്വത്തിൽ ഹീനമായ കുറ്റകൃത്യം ചെയ്തത്. ഏഴുമാസം ഗർഭിണിയായ യുവതിയെ വീട്ടിൽ നിന്ന് ഇറക്കിവിടുകയും ചെയ്തു. പ്രത്യേക അന്വേഷണ സംഘമാണ് കേസ് അന്വേഷിച്ചത്. യുവതിക്ക് അന്നത്തെ മുഖ്യമന്ത്രി അശോക് ഗെഹ്‌ലോട്ട് 10 ലക്ഷം രൂപ നഷ്ടപരിഹാരവും സർക്കാർ ജോലിയും പ്രഖ്യാപിച്ചിരുന്നു.

## അധികാരം വെട്ടിക്കുറയ്ക്കുന്നു

# വഖഫിനെതിരെ കേന്ദ്ര നീക്കം

- ബില്ലിന് മന്ത്രിസഭയുടെ അംഗീകാരം
- ഉടൻ പാർലമെന്റിൽ അവതരിപ്പിക്കും
- വഖഫ് സ്വത്ത് പ്രഖ്യാപനം തടയും
- ഭൂമിയിൽ പരിശോധന നടത്തും
- നീക്കത്തിനെതിരെ വൻ പ്രതിഷേധം

ന്യൂഡൽഹി: വഖഫ് ബോർഡിന്റെ അധികാരങ്ങൾ വെട്ടിക്കുറയ്ക്കാനൊരുങ്ങി കേന്ദ്ര സർക്കാർ. ഇതുസംബന്ധിച്ച നിയമ ഭേദഗതി ബിൽ വൈകാതെ പാർലമെന്റിൽ അവതരിപ്പിക്കും. ബില്ലിന് കഴിഞ്ഞ ദിവസം ചേർന്ന കേന്ദ്ര മന്ത്രിസഭാ യോഗം അംഗീകാരം നൽകി. വഖഫ് സ്വത്തായി ഭൂമിയും കെട്ടിടങ്ങളും പ്രഖ്യാപിക്കുന്നത് ഉൾപ്പെടെ വഖഫ് ബോർഡിനുള്ള സവിശേഷ അധികാരങ്ങൾ ഇല്ലാതാക്കാനാണ് നീക്കം.

നിലവിൽ കേന്ദ്രത്തിൽ വഖഫ് കൗൺസിലിന്റെയും സംസ്ഥാനങ്ങളിൽ വഖഫ് ബോർഡുകളുടേയും കൈവശമുള്ള വഖഫ് സ്വത്തുക്കളിൽ കേന്ദ്ര സർക്കാറിന് നേരിട്ട് ഇടപെടുന്നതിന് പരിമിതികളുണ്ട്. അത് മറികടന്ന് വഖഫ് സ്വത്തുകൾ അധീനപ്പെടുത്താനുള്ള മോദി സർക്കാറിന്റെ ഗൂഢ തന്ത്രമാണ് നീക്കത്തിനു പിന്നിലെന്ന് വിമർശനമുണ്ട്. ഇതിനായി നിലവിലുള്ള വഖഫ് നിയമത്തിൽ 40 ഓളം ഭേദഗതികളാണ് കൊണ്ടുവരുന്നത്.

നിർദ്ദിഷ്ട ഭേദഗതികൾ പ്രകാരം, വഖഫ് ബോർഡിന് വസ്തുക്കളുടെ മേൽ അവകാശം ഉന്നയിക്കാൻ ലഭിച്ചിരുന്ന അനിയന്ത്രിത അധികാരം ഇല്ലാതാകും. മാത്രമല്ല, വഖഫ് സ്വത്തുക്കളിന്മേൽ കേന്ദ്ര സർക്കാറിന്റെ നിർബന്ധിത പരിശോധനയ്ക്ക് വഴിതുറക്കുകയുംചെയ്യും. ഹരിയാന, മഹാരാഷ്ട്ര, ജാർഖണ്ഡ് സംസ്ഥാനങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പ് ഈ വർഷം ഒക്ടോബറിൽ നടക്കാനിരിക്കെ, രാഷ്ട്രീയ ലക്ഷ്യം കൂടി മുന്നിൽ കണ്ടാണ് ന്യൂനപക്ഷങ്ങൾക്കെതിരായ മോദി സർക്കാറിന്റെ നീക്കമെന്ന് റിപ്പോർട്ടുകൾ പറയുന്നു.

രാജ്യത്തൊട്ടാകെ നിലവിൽ വഖഫ് സ്വത്തുക്കളായി 9.4 ലക്ഷം ഏക്കർ ഭൂമിയുണ്ട്. 8.7 ലക്ഷത്തിലധികം വസ്തുവകകളും ഉണ്ട്. ഡൽഹി വഖഫ് ബോർഡ് അവകാശവാദം ഉന്നയിക്കുന്ന 123 സ്വത്തുക്കളിൽ കേന്ദ്രസർക്കാരിന് ഭൗതിക പരിശോധന നടത്താമെന്ന് 2024 മേയിൽ ഹൈക്കോടതി ഉത്തരവിട്ടിരുന്നു. തുടർന്ന് കേന്ദ്ര നഗരവികസന മന്ത്രാലയം പരിശോധനക്ക് തയ്യാറെടുക്കുന്നതായിക കാണിച്ച് ഈ സ്വത്തുക്കൾക്കെല്ലാം നോട്ടീസും അയച്ചിരുന്നു. ഇതിന് പിന്നാലെയാണ് രാജ്യത്തൊട്ടാകെ വഖഫ് ബോർഡിന്റെ കൈവശമുള്ള എല്ലാ ഭൂമിയിലും പരിശോധന നടത്താനുള്ള കേന്ദ്രസർക്കാരിന്റെ നീക്കം.

നിലവിൽ, വഖഫ് സ്ഥാപനങ്ങൾക്ക് ഏത് വസ്തുവും വഖ്ഫ് സ്വത്തായി പ്രഖ്യാപിക്കാൻ അധികാരമുണ്ട്. ഈ അധികാരം എടുത്തു കളയാനാണ് നീക്കം. മാത്രമല്ല വഖഫ് സ്വത്തുക്കളിൽ നിന്ന് ലഭിക്കുന്ന വരുമാനം നിലവിലെ നിയമ പ്രകാരം മുസ്‌ലിം സമൂഹത്തിന്റെ ഉന്നമനത്തിനായാണ് വിനിയോഗിക്കപ്പെടുന്നത്. ഇതിൽ കൈകടത്തലും കേന്ദ്ര സർക്കാർ നീക്കത്തിന്റെ ലക്ഷ്യമാണ്.

28 സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി നിലവിൽ 30 വഖഫ് ബോർഡുകളാണ് രാജ്യത്തുള്ളത്. കേന്ദ്ര വഖഫ് കൗൺസിലിന്റെയും സംസ്ഥാന വഖഫ് ബോർഡുകളുടെയും ഘടനയിൽ മാറ്റം വരുത്താനും കരട് നിയമ ഭേദഗതി നിർദേശിക്കുന്നുണ്ട്. വഖഫ് നിയമത്തിലെ 9, 14 വകുപ്പുകളാണ് ഇതിനായി ഭേദഗതി ചെയ്യുക.

വഖഫ് ബോർഡിൽ സ്ത്രീകൾക്ക് പ്രാതിനിധ്യം ഉറപ്പാക്കാനും നിർദേഷ്ട ബിൽ വ്യവസ്ഥ ചെയ്യുന്നു. രണ്ടാം മോദി സർക്കാരിന്റെ കാലത്തുതന്നെ ന്യൂനപക്ഷകാര്യ മന്ത്രാലയം വഖഫ് ബോർഡിന്റെ അധികാരങ്ങൾ വെട്ടിക്കുറയ്ക്കണമെന്ന നിർദേശം മുന്നോട്ടു വച്ചിരുന്നു.

## അഞ്ച് പേർ കൊല്ലപ്പെട്ട വ്യാജ ഏറ്റുമുട്ടൽ കേസ്

# 20 ലക്ഷത്തിനൊതുക്കി

**നടന്നത് 30 വർഷത്തെ നിയമപോരാട്ടം**

ഗുവാഹാത്തി: അസമിൽ വ്യാജ ഏറ്റുമുട്ടലിൽ അഞ്ച് യുവാക്കൾ കൊല്ലപ്പെട്ട കേസ് 20 ലക്ഷം രൂപ നൽകി തീർപ്പാക്കി. 30 വർഷം നീണ്ട നിയപോരാട്ടത്തിനൊടുവിലാണ് കേസ് അവസാനിപ്പിക്കുന്നത്. മരിച്ച യുവാക്കളുടെ കുടുംബത്തിന് കോടതി നിർദേശപ്രകാരം അസം സർക്കാർ 20 ലക്ഷം രൂപ നഷ്ടപരിഹാരം നൽകും.

1994 ഫെബ്രുവരിയിലാണ് കേസിനാസ്പദമായ സംഭവം. അസമിലെ ടിൻസുകിയയിൽ ഒരു തേയിലത്തോട്ടം മാനേജർ നിരോധിത സംഘടനയായ ഉൾഫയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടതോടെ പ്രശ്നങ്ങൾ ആരംഭിക്കുന്നത്. ഈ സംഭവവുമായി ബന്ധപ്പെട്ട് പ്രബിൻ സോനോവാൾ, അഖിൽ സോനോവാൾ, ദേബജിത്ത് ബിസ്വാസ്, പ്രദീപ് ദത്ത, ഭൂപെൻ മൊറാൻ എന്നിവരെ വീടുകളിൽ നിന്നും സൈന്യം വിളിച്ചിറക്കുകയായിരുന്നു. എന്നാൽ, നാല് ദിവസത്തിന് ശേഷം അഞ്ച് യുവാക്കളും ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടെന്ന് ചൂണ്ടിക്കാട്ടി ഇവരുടെ മൃതദേഹങ്ങൾ സൈന്യം പൊലീസിന് കൈമാറി. ഇവരെ വ്യാജ ഏറ്റുമുട്ടലിൽ കൊലപ്പെടുത്തിയതാണെന്നും അഞ്ച് പേർക്കും ഉൾഫ സംഘടനയുമായി യാതൊരു ബന്ധവുമില്ലെന്നും വ്യക്തമാക്കി അസമിലെ വിദ്യാർത്ഥി നേതാവ് ഗുവാഹാത്തി ഹൈക്കോടതിയിൽ ഹേബിയസ് കോർപ്പസ് ഹർജി സമർപ്പിച്ചു. പോസ്റ്റ് മോർട്ടം റിപ്പോർട്ട് അനുസരിച്ച് യുവാക്കളുടെ നഖങ്ങൾ നീക്കം ചെയ്ത നിലയിലായിരുന്നു. കണ്ണുകളിൽ മർദനമേറ്റതായും കാൽമുട്ട് പൊട്ടിയതായും വ്യക്തമായിരുന്നു. ഏറ്റുമുട്ടലിൽ ഇത്തരം മുറിവുകൾ സംഭവിക്കില്ലെന്ന് ഹർജിയിൽ ചൂണ്ടിക്കാട്ടി. മരിച്ചവരുടെ ദേഹത്തുണ്ടായിരുന്ന മുറിവുകൾ ഏറ്റുമുട്ടലിൽ ഉണ്ടായതാണെന്നത് അവിശ്വസനീയമാണെന്നായിരുന്നു സി.ബി.ഐയുടേയും കണ്ടെത്തൽ. 2002ലാണ് സി.ബി.ഐ റിപ്പോർട്ട് സമർപ്പിച്ചത്.

യുവാക്കളുടെ മരണത്തിന് സൈനികർ കുറ്റക്കാരാണെന്ന് കണ്ടെത്തയതിന് പിന്നാലെ 2018ൽ സൈനിക കോടതി ഇവരെ കോർട്ട് മാർഷൽ നടപടിക്ക് വിധേയരാക്കി. എന്നാൽ, 2019ൽ തീരുമാനം പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് സൈന്യത്തിന്റെ സമിതി രംഗത്തെത്തി. പിന്നാലെ, കൂടുതൽ തെളിവ് ശേഖരിച്ചതിന് ശേഷം സൈനികർ ഏഴ് പേരും കുറ്റക്കാരല്ലെന്ന് സൈനിക കോടതി വിധിച്ചു. ഈ കണ്ടെത്തൽ പുറത്തുവന്നതോടെ യുവാക്കളുടെ കുടുംബം വീണ്ടും ഹൈക്കോടതിയെ സമീപിച്ചു.

ഇതോടെ, മരിച്ചവരുടെ കുടുംബത്തിന് 20 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകണമെന്ന് 2023 മാർച്ച് മൂന്നിന് ഹൈക്കോടതി വിധിച്ചു. 2024 ജൂലൈ 31ന് ഈ തുക ബന്ധുക്കൾക്ക് ലഭിക്കുകയും ചെയ്തു. അതേ സമയം, പണം ലഭിച്ചെങ്കിലും തങ്ങൾക്ക് പൂർണനീതി ലഭിച്ചില്ലെന്ന് ബന്ധുക്കൾ പറഞ്ഞു. പണമെന്നാൽ എല്ലാമല്ല. ഈ വിധിയിൽ തങ്ങൾ തൃപ്തരല്ല. എന്തുകൊണ്ടാണ് കുറ്റവാളികളെ ശിക്ഷിക്കാൻ സൈനിക അധികാരികൾ തയ്യാറാകാത്തതെന്നും ഇവർ ചോദിക്കുന്നു.

### അമിത് ഷായ്ക്ക് എതിരെ അവകാശ ലംഘന നോട്ടീസ്

ന്യൂഡൽഹി: വയനാട് ഉരുൾപൊട്ടലിൽ നേരത്തെ നൽകിയ മുന്നറിയിപ്പ് കേരള സർക്കാർ പാലിച്ചില്ലെന്ന് പ്രസ്താവന നടത്തി രാജ്യസഭയെ തെറ്റിദ്ധരിപ്പിച്ച ആഭ്യന്തരമന്ത്രി അമിത് ഷാക്കെതിരെ അവകാശ ലംഘന നോട്ടീസ് നൽകി സി.പി.എമ്മും സി.പി.ഐയും. അമിത് ഷാക്കെതിരെ അവകാശ ലംഘന നടപടി ആവശ്യപ്പെട്ട് കോൺഗ്രസ് നേരത്തെ നോട്ടീസ് നൽകിയിരുന്നു. വയനാട് ഉരുൾപൊട്ടൽ സംബന്ധിച്ച ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിന് നൽകിയ മറുപടിയിലാണ് മുന്നറിയിപ്പ് കേരള സർക്കാർ ഗൗനിച്ചില്ലെന്ന് ഷാ ആരോപിച്ചത്.

## എസ്.സി, എസ്.ടി ഉപസംവരണം അംഗീകരിക്കില്ലെന്ന് മായാവതി



ലക്നൗ: പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളിലെ അതിപിന്നാക്കക്കാർക്ക് ജോലിയിലും വിദ്യാഭ്യാസത്തിലും ഉപസംവരണം നൽകാമെന്നുള്ള സുപ്രീംകോടതിയുടെ വിധി അംഗീകരിക്കാനാവില്ലെന്ന് ബി.എസ്.പി അധ്യക്ഷയും ഉത്തർപ്രദേശ് മുൻ മുഖ്യമന്ത്രിയുമായ മായാവതി.

എസ്‌സി, എസ്ടി വിഭാഗങ്ങളിലെ ജനങ്ങളെല്ലാം സംവരണത്തിന് അർഹരാണ്. അതിൽ ഏതെങ്കിലും തരത്തിലുള്ള ഉപവർഗ്ഗീകരണം നടത്തുന്നത് ശരിയല്ല - അവർ വ്യക്തമാക്കി. വ്യാഴാഴ്ചയാണ് ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ ഏഴംഗ ഭരണഘടനാ ബെഞ്ച് സുപ്രധാന വിധി പുറപ്പെടുവിച്ചത്. പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളിലെ അതിപിന്നാക്കക്കാർക്ക് ജോലിയിലും വിദ്യാഭ്യാസത്തിലും ഉപസംവരണം നൽകാമെന്നാണ് വിധി.

അതി പിന്നാക്കക്കാർക്കുള്ള ഉപസംവരണം സ്ഥിതിവിവരക്കണക്കിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്നും സംവരണത്തിനായി മാറ്റിവെച്ചിട്ടുള്ള മുഴുവൻ സീറ്റുകളും അതി പിന്നാക്കക്കാർക്കായി നീക്കി വെക്കരുതെന്നും സുപ്രീംകോടതി നിർദേശിച്ചു. പട്ടികജാതി പട്ടികവർഗ സമുദായങ്ങൾക്ക് ജോലിക്കും വിദ്യാഭ്യാസത്തിനുമുള്ള സംവരണത്തിൽ നിന്ന് മേൽത്തട്ടുകാരെ ഒഴിവാക്കണമെന്നും ഭരണഘടനാ ബെഞ്ചിലെ നാല് ജഡ്ജിമാർ വിധിച്ചു.

വിധി അംഗീകരിക്കാനാവില്ലെന്നും അപ്പീൽ നൽകുമെന്നും കേന്ദ്രമന്ത്രിയും ലോക് ജനശക്തി പാർട്ടി (രാംവിലാസ് പാസ്വാൻ) നേതാവുമായ ചിരാഗ് പാസ്വാനും വ്യക്തമാക്കിയിട്ടുണ്ട്. സംവരണത്തിനുള്ളിൽ ഉപസംവരണം അനുവദിക്കുന്നത് കാലങ്ങളായി തൊട്ടുകൂടായ്മ അനുഭവിക്കുന്ന സമുദായങ്ങളുടെ ഉന്നമനത്തിന് തിരിച്ചടിയാകുമെന്നും അദ്ദേഹം പറഞ്ഞു.

## മധ്യപ്രദേശിൽ വീടിന്റെ ചുമരിടിഞ്ഞുവീണ് ഒമ്പത് കുട്ടികൾക്ക് ദാരുണാന്ത്യം

### രണ്ടുപേർക്ക് പരിക്കേറ്റു

ഭോപാൽ: മധ്യപ്രദേശിലെ സാഗർ ജില്ലയിൽ വീടിന്റെ ചുമരിടിഞ്ഞ് ദേഹത്ത് വീണ് ഒമ്പത് കുട്ടികൾ മരിച്ചു. രണ്ടു കുട്ടികൾക്ക് പരിക്കേറ്റു. റെഹ്‌ലി നിയോജകമണ്ഡലത്തിലെ ഷാഹ്പൂർ വില്ലേജിൽ ഇന്നലെ രാവിലെ 8.30നാണ് അപകടം. ഷാഹ്പൂരിലെ ഹർദൗൾ ബാബ ക്ഷേത്രത്തോട് ചേർന്നുള്ള വീടിന്റെ മതിലാണ് കുട്ടികളുടെ ദേഹത്തേക്ക് ഇടിഞ്ഞുവീണത്.

ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് കുട്ടികൾ കൂട്ടമായി ചേർന്ന് ശിവലിംഗമുണ്ടാക്കുന്നതിനിടെയായിരുന്നു അപകടം. 50 വർഷത്തോളം പഴക്കമുള്ള വീടിന്റെ മേൽക്കൂര ഉൾപ്പെടെ നേരത്തെ തകർന്നിരുന്നു. പൊളിച്ചുനീക്കാതിരുന്ന അവശേഷിച്ച ഭാഗങ്ങളിൽ ഒന്നാണ് ഏതാനും ദിവസമായി തുടരുന്ന ശക്തമായ മഴയിൽ കുതിർന്ന് കുട്ടികൾക്ക് മുകളിലേക്ക് നിലംപൊത്തിയത്. 10-15 വയസ്സുള്ള കുട്ടികളാണ് അപകടത്തിൽപെട്ടവരെല്ലാം.



മധ്യപ്രദേശിലെ സാഗർ ജില്ലയിൽ വീടിന്റെ ചുമരിടിഞ്ഞ് വീണ് ഒമ്പത് കുട്ടികൾ മരിച്ച സ്ഥലത്ത് പൊലീസ് പരിശോധന നടത്തുന്നു

ഒമ്പതു കുട്ടികളും സംഭവ സ്ഥലത്തു തന്നെ മരിച്ചതായി ജില്ലാ കളക്ടർ ദീപക് ആര്യ പറഞ്ഞു. പരിക്കേറ്റ രണ്ടു കുട്ടികളെ സമീപത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇവരുടെ നില ഗുരുതരമാണെന്നാണ് റിപ്പോർട്ട്. പരിക്കേറ്റവർക്ക് മതിയായ ചികിത്സ ലഭ്യമാക്കാൻ ജില്ലാ ഭരണകൂടത്തിന് നിർദേശം നൽകിയതായി മുഖ്യമന്ത്രി മോഹൻ യാദവ് പറഞ്ഞു. മരിച്ച കുട്ടികളുടെ കുടുംബത്തിന് നാലു ലക്ഷം രൂപ വീതം സഹായധനം നൽകുമെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു. രണ്ടു ദിവസത്തിനിടെ സംസ്ഥാനത്തുണ്ടാകുന്ന രണ്ടാമത്തെ ചുമരിടിച്ചിൽ ദുരന്തമാണിത്. ശനിയാഴ്ച റേവ ജില്ലയിൽ ചുമരിടിഞ്ഞ് വീണ് നാലു വിദ്യാർത്ഥികളും ഒരു സ്ത്രീയും മരിച്ചിരുന്നു. സ്കൂൾ വിട്ട് വീട്ടിലേക്ക് വരും മഴ കനത്തതിനെതുടർന്ന് വഴിയരികിലെ കെട്ടിടത്തിൽ അഭയം തേടിയ വിദ്യാർത്ഥികൾക്കു മുകളിലേക്കാണ് ചുമരിടിഞ്ഞു വീണത്.

മഴക്കെടുതിയിൽ വ്യാപക നാശനഷ്ടങ്ങളാണ് മധ്യപ്രദേശിൽ ഈ വർഷം റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 200ലധികം പേരാണ് മഴക്കെടുതിയിൽ മരിച്ചത്. 206 വീടുകൾ പൂർണമായും 2,403 വീടുകൾ ഭാഗികമായും തകർന്നു.

## 'മോദിക്ക് മുന്നിൽ ഒരിക്കലും കെജ്‌രിവാൾ തലകുനിക്കില്ല'

### ഹരിയാനയിൽ സുനിത കെജ്‌രിവാൾ പ്രചാരണം തുടങ്ങി

സോഹ്ന: ജനങ്ങളുടെ ക്ഷേമം ഉറപ്പാക്കിയതിന് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിനോട് ബി.ജെ.പി പ്രതികാരം ചെയ്യുകയാണെന്ന് ഭാര്യ സുനിത കെജ്‌രിവാൾ. ബി.ജെ.പിക്കും മോദിക്കും മുന്നിൽ കെജ്‌രിവാൾ ഒരിക്കലും തലകുനിക്കില്ലെന്നും അവർ വ്യക്തമാക്കി. ഹരിയാനയിലെ സോഹ്നയിൽ ആം ആദ്മി പാർട്ടി തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യുകയായിരുന്നു സുനിത.



മുഖ്യമന്ത്രി എന്ന നിലയിൽ തന്റെ ജോലി ഭംഗിയായി ചെയ്തതിനാണ് ബി.ജെ.പി കെജ്‌രിവാളിനെ ജയിലിലടച്ചത്. ഡൽഹിയിലെ സർക്കാർ സ്കൂളുകളുടെയും ആശുപത്രികളുടെയും അവസ്ഥ അദ്ദേഹം മെച്ചപ്പെടുത്തി, മൊഹല്ല ക്ലിനിക്കുകൾ സ്ഥാപിച്ചു, സൗജന്യ വൈദ്യുതി ഉറപ്പാക്കി.

ഇതെല്ലാം നൽകിയ മറ്റേതെങ്കിലും മുഖ്യമന്ത്രിയുണ്ടോ? കെജ്രിവാളിന് മാത്രമേ ഇത്തരം വികസന പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയൂ. പ്രധാനമന്ത്രി മോദിക്ക് ഇത്തരം വികസന പ്രവർത്തനങ്ങൾ നടത്താൻ ഒരിക്കലും കഴിയില്ല- അവർ പറഞ്ഞു. ആസന്നമായ ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പിൽ ഒരു വോട്ട് പോലും ബി.ജെ.പിക്ക് നൽകരുതെന്നും അവർ ജനങ്ങളോട് അഭ്യർത്ഥിച്ചു. തിഹാർ ജയിലിൽ തന്റെ ഭർത്താവിന്റെ ജീവൻ അപകടത്തിലാണെന്ന് സുനിത കെജ്‌രിവാൾ അടുത്തിടെ വ്യക്തമാക്കിയിരുന്നു. കെജ്‌രിവാളിന്റെ ആരോഗ്യനില മോശമാണെന്നും അദ്ദേഹത്തെ വിട്ടയക്കണമെന്നും ആവശ്യപ്പെട്ട് ഇന്ത്യാ മുന്നണിയും പ്രക്ഷോഭത്തിലാണ്.

### ജമ്മു കശ്മീരിൽ മേഘവിസ്ഫോടനം; 190 റോഡുകൾ അടച്ചു

ശ്രീനഗർ: ജമ്മു കശ്മീരിലെ ഗണ്ടർബാലിൽ മേഘവിസ്ഫോടനം. ഇതേതുടർന്നുണ്ടായ മിന്നൽ പ്രളയത്തിൽ ജനവാസ മേഖലകളിൽ വെള്ളം കയറി. ആളപായം റിപ്പോർട്ട് ചെയ്തിട്ടില്ല. അതേസമയം 190 ലധികം റോഡുകൾ അടച്ചു. പ്രളയത്തിൽ സംസ്ഥാനത്ത് വൈദ്യുതി-ജലവിതരണം താറുമാറായി. 294 ട്രാൻസ്ഫോർമറുകളും 124 ജലവിതരണ സംവിധാനങ്ങളും തകർന്നിട്ടുണ്ട്. സംസ്ഥാനത്ത് മൂന്നു ദിവസം കൂടി കനത്ത മഴ തുടരുമെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു. ഇതിനിടെ ഉത്തരാഖണ്ഡിലെ മേഘവിസ്ഫോടനത്തെതുടർന്ന് കേദാർനാഥ് ക്ഷേത്രത്തിൽ കുടുങ്ങിയ തീർത്ഥാടകരെ ഇനിയും പൂർണമായി പുറത്തെത്തിക്കാനായില്ല. വ്യോമസേനാ ഹെലികോപ്റ്ററിൽ എയർ ലിഫ്റ്റിങ് ഇന്നലേയും തുടർന്നെങ്കിലും പ്രതികൂല കാലാവസ്ഥ കാരണം രക്ഷാ പ്രവർത്തനം മന്ദഗതിയിലാണ്.

## കഴുത്തിൽ താക്കോലുമായി മൃതദേഹം റോഡിൽ; ഭാര്യ വീട്ടിൽ മരിച്ചനിലയിൽ

മുംബൈ: നഗരത്തിൽ മധ്യവയസ്കനും ഭാര്യയും ദുരൂഹസാഹചര്യത്തി ൽ മരിച്ച നിലയിൽ. ഇന്നലെ രാവിലെയാണ് ഗോരേഗാവിൽ ജവഹർ നഗറിലെ ടോപ്പിവാല മാൻഷന് മുന്നിലെ റോഡിൽ 58 കാരനായ കിഷോർ പെഡ്നേക്കറിനെ മരിച്ച നിലയിൽ കണ്ടെത്തിയത്.

വീടിന്റെ താക്കോൽ കഴുത്തിൽ ലോക്കറ്റാക്കി തൂക്കിയ നിലയിലായിരുന്നു മൃതദേഹം. ജിം ഉപകരണങ്ങൾ വി ൽക്കുന്ന കിഷോർ ഫ്ളാറ്റിൽ നിന്ന് ചാടി ജീവനൊടുക്കിയതാണെന്ന് പൊലീസ് പറഞ്ഞു. കിഷോറിന്റെ മൃതദേഹം കണ്ടെത്തിയതോടെ വിവരം ഭാര്യ രാജശ്രീയെ അറിയിക്കാനായി അയൽവാസികൾ ഫ്ളാറ്റിലെത്തി. എന്നാൽ എത്ര വിളിച്ചിട്ടും വാതിൽ തുറന്നില്ല. ഇതിനിടെയാണ് കിഷോറിന്റെ മൃതദേഹത്തിൽ കഴുത്തിൽ വീടിന്റെ താക്കോ ൽ ലോക്കറ്റായി തൂക്കിയിട്ടത് കണ്ടത്. പൊലീസെത്തി താക്കോൽ ഉപയോഗിച്ച് ഫ്ളാറ്റ് തുറന്നപ്പോൾ കണ്ടത് രാജശ്രീയും മരിച്ചു കിടക്കുന്നതാണ്. ഡൽഹിയിലുള്ള മകന് മുംബൈയിലേക്ക് വരാനായി കിഷോർ വിമാന ടിക്കറ്റ് ബുക്ക് ചെയ്തതിന്റെ രേഖകൾ പൊലീസ് വീട്ടിൽ നിന്ന് കണ്ടെടുത്തു. ബാങ്ക് അക്കൗണ്ടുകളെപ്പറ്റിയുള്ള വിശദാംശങ്ങൾ ബന്ധുവിന് കിഷോർ വാട്ട്സ്ആപ്പിൽ അയച്ചതായും പൊലീസിന് വിവരം ലഭിച്ചു.

തെറാപ്പിസ്റ്റായ രാജശ്രീ(57) കഴുത്ത് ഞെരിച്ച് കൊല്ലപ്പെട്ട നിലയിലായിരുന്നുവെന്ന് പൊലീസ് പറഞ്ഞു. വീട്ടിൽ നടത്തിയ പരിശോധനയിൽ വിഷാദരോഗത്തിനും പ്രമേഹത്തിനുമുള്ള നിരവധി മരുന്നുകൾ പൊലീസ് കണ്ടെത്തി.

### ബിഹാർ മുഖ്യമന്ത്രിയുടെ ഓഫീസിന് ബോംബ് ഭീഷണി

പറ്റ്ന: ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാറിന്റെ ഓഫീസിന് ബോംബ് ഭീഷണി. സംഭവത്തിൽ പൊലീസ് അന്വേഷണം തുടങ്ങി. ഇമെയിൽ വഴിയാണ് സന്ദേശം ലഭിച്ചത്. അൽഖയ്ദയുടെ പേരിലുള്ള അജ്ഞാത അക്കൗണ്ടിൽ നിന്നാണ് ഇ-മെയിൽ വന്നത്. ജൂലൈ 16നാണ് ഇമെയിൽ വഴി സന്ദേശം ലഭിച്ചതെങ്കിലും പൊലീസ് കേസെടുത്തത് കഴിഞ്ഞ ദിവസമാണ്. മുഖ്യമന്ത്രിയുടെ ഓഫീസ് പരിസരത്ത് ബോംബിടുമെന്നും ബിഹാറിലെ പൊലീസിനോ സ്പെഷ്യൽ പൊലീസ് ഫോഴ്സിനോ ആക്രമണം തടയാൻ കഴിയില്ലെന്നുമാണ് ഇ- മെയിൽ സന്ദേശത്തിൽ പറയുന്നത്. പൊലീസിന് പുറമെ തീവ്രവാദ വിരുദ്ധ സേനയും കേസ് അന്വേഷിക്കുന്നുണ്ട്.

## നിർത്തിയിട്ട ട്രെയിനിന് തീപിടിച്ചു; ഒഴിവായത് വൻ ദുരന്തം

വിശാഖപട്ടണം: വിശാഖപട്ടണം റെയിൽവെ സ്റ്റേഷനിൽ നിർത്തിയിട്ട ട്രെയിനിന് തീപിടിച്ചു. മൂന്ന് കോച്ചുകൾ പൂർണമായും കത്തിനശിച്ചെങ്കിലും ആളുകളെല്ലാം നേരത്തെ തന്നെ പുറത്തിറങ്ങിയതിനാൽ വൻ ദുരന്തം ഒഴിവായി. തീപിടുത്തത്തിന്റെ കാരണം സംബന്ധിച്ച് റെയിൽവെ അന്വേഷണം തുടങ്ങി.

കോർബ - വിശാഖപട്ടണം എക്സ്പ്രസിലാണ് (ട്രെയിൻ നമ്പർ 18517) ഇന്നലെ രാവിലെ തീപിടുത്തമുണ്ടായത്. ഛത്തീസ്ഡഗഡിലെ കോർബയിൽ നിന്ന് ഞായറാഴ്ച രാവിലെ 6.50ന് വിശാഖപട്ടണം സ്റ്റേഷനിൽ എത്തിയ ട്രെയിൻ നാലാമത്തെ പ്ലാറ്റ്ഫോമിൽ ഹാൾട്ട് ചെയ്തതിനു പിന്നാലെയാണ് അപകടം. ഹാൾട്ടിങ് സ്റ്റേഷൻ ആയതിനാൽ യാത്രക്കാരെല്ലാം ഇറങ്ങിപ്പോയതിനു ശേഷം തീപിടിത്തമുണ്ടായതാണ് വൻ ദുരന്തം ഒഴിവാക്കിയത്. അറ്റകുറ്റപ്പണികൾക്കായി ഡിപ്പോയിലേക്ക് മാറ്റിയ ശേഷം തിരുപ്പതിയിലേക്ക് പോകേണ്ടതായിരുന്നു ട്രെയിൻ.



വിശാഖപട്ടണം റെയിൽവെ സ്റ്റേഷനിൽ നിർത്തിയിട്ട കോർബ - വിശാഖപട്ടണം എക്സ്പ്രസിന് തീപിടിച്ചപ്പോൾ

യാത്രക്കാരെല്ലാം ഇറങ്ങിയ ശേഷം ജീവനക്കാർ ട്രെയിൻ ലോക്ക് ചെയ്യുകയും വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും ചെയ്തു. തുടർന്ന് രാവിലെ 9.20ഓടെയാണ് റെയിൽ സുരക്ഷാ സേനാ ഉദ്യോഗസ്ഥൻ ബി 7 കോച്ചിൽ നിന്ന് പുക ഉയരുന്നത് കണ്ടത്. ഉടൻ തന്നെ അധികൃതരെയും അഗ്നിശമന സേനയെയും വിവരമറിയിച്ചു. വളരെ വേഗം തൊട്ടടുത്തുള്ള ബി 6, എം1 കോച്ചുകളിലേക്ക് കൂടി തീ പടർന്നു പിടിച്ചു. ആദ്യം തിപിടിച്ച കോച്ച് പൂർണമായും മറ്റ് രണ്ട് കോച്ചുകൾ ഭാഗികമായും കത്തിനശിച്ചു.

നാല് ഫയർ എഞ്ചിൻ യൂണിറ്റുകൾ എത്തിയാണ് തീ നിയന്ത്രണ വിധേയമാക്കിയത്. വിശാഖപട്ടണം പൊലീസ് കമ്മീഷണർ ഉൾപ്പെടെയുള്ളവർ സ്ഥലത്തെത്തി പരിശോധന നടത്തി. ആന്ധാപ്രദേശ് ആഭ്യന്തര മന്ത്രി ഡിവിഷണൽ റെയിവെ മാനേജറുമായി ഫോണിൽ സംസാരിച്ച് വിവരങ്ങൾ ആരാഞ്ഞു. സംഭവത്തിൽ റെയിൽവേ അന്വേഷണം തുടങ്ങി.ട്രെയിൻ അപകടങ്ങൾ തുടർക്കഥയാകുന്നതിൽ പാർലമെന്റിന്റെ നടപ്പു സമ്മേളനത്തിൽ പ്രതിപക്ഷം സർക്കാറിനെതിരെ രൂക്ഷ വിമർശനം ഉയർത്തി ദിവസങ്ങൾക്കകമാണ് വൻ ദുരന്തം തലനാരിഴയ്ക്ക് ഒഴിവായത്.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ആഗസ്റ്റ് 05 തിങ്കൾ
ഗൾഫ് ചന്ദ്രിക



## ഡൽഹി സർവകലാശാല ബിരുദക്ലാസുകൾ 29ന് ആരംഭിക്കും

ന്യൂഡൽഹി: ഡൽഹി സർവകലാശാലയിലെ ബിരുദ കോഴ്സുകളിലേക്കുള്ള ക്ലാസുകൾ ഓഗസ്റ്റ് 29ന് ആരംഭിക്കുമെന്ന് സർവകലാശാല അറിയിച്ചു. ശനിയാഴ്ച പുറത്തിറക്കിയ അക്കാദമിക് കലണ്ടറിലൂടെയാണ് ഇക്കാര്യം അറിയിച്ചത്. ബിരുദകോഴ്സുകളുടെ ഒന്നാംവർഷം 2025 ജൂൺ ഏഴിന് അവസാനിക്കും. ഓഗസ്റ്റ് ഒന്നിന് ക്ലാസുകൾ ആരംഭിക്കുമെന്ന് ആദ്യം അറിയിച്ചിരുന്നെങ്കിലും ദേശീയ ബിരുദ പൊതുപരീക്ഷാ (സി.യു.ഇ.ടി) ഫലം വൈകിയതിനെത്തുടർന്നാണ് മാറ്റിയത്.

## ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിഞ്ഞവരെ വീടുകളിലേക്ക് മാറ്റി

കരുവാരകുണ്ട്: ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിഞ്ഞിരുന്നവരെ വീടുകളിലേക്ക് മാറ്റി. മഴ കുറഞ്ഞ സാഹചര്യത്തിൽ റവന്യൂ വകുപ്പിന്റെ നിർദേശം ലഭിച്ചതിനെ തുടർന്നാണ് ക്യാമ്പിൽ കഴിഞ്ഞിരുന്ന 153 പേരെ സ്വന്തം വീടുകളിലേക്ക് തിരികെ അയച്ചത്. കനത്ത മഴയെ തുടർന്ന് ജൂലൈ 31 നാണ് കരുവാരകുണ്ട് ഗ്രാമപഞ്ചായത്തും റവന്യൂ വകുപ്പും ചേർന്ന് ഗവ. ഹയർ സെക്കന്ററി സ്കൂളിൽ ദുരിതാശ്വാസ ക്യാമ്പ് തുറന്നത്. ആർത്തല, പുറ്റള, പന്നിക്കുന്ന്, നെല്ലിക്കല്ലടി, മഞ്ഞളാംചോല തുടങ്ങിയ പ്രദേശങ്ങളിൽ നിന്നായി 153 പേരാണ് അഞ്ച് ദിവസം പ്രവർത്തിച്ച ക്യാമ്പിൽ കഴിഞ്ഞിരുന്നത്. ക്യാമ്പിലുള്ളവർക്ക് അവശ്യ സാധനങ്ങൾ എത്തിച്ചും, വിവിധ സേവനങ്ങൾ ചെയ്തും ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ വിവിധ രാഷ്ട്രീയ പാർട്ടികളും, സന്നദ്ധ സംഘടനകളും, കൂട്ടായ്മകളും സജീവമായി രംഗത്തുണ്ടായിരുന്നു. അഞ്ച് ദിവസവും ക്യാമ്പിലുള്ളവർക്ക് മാനസികോല്ലാസം സമ്മാനിക്കാൻ ഉതകുന്ന ഒട്ടേറെ പരിപാടികളും നടന്നിരുന്നു. ഇന്നലെ ഉച്ചഭക്ഷണത്തോടെയാണ് ക്യാമ്പിലുള്ളവർ സ്വന്തം വീടുകളിലേക്ക് മടങ്ങിയത്. ഇവർക്ക് അവശ്യവസ്തുക്കളും കുട്ടികൾക്കാവശ്യമായ വസ്ത്രങ്ങളും വിതരണം ചെയ്തു.

കേരള വാർത്തകൾ

# ഈ ബഹളങ്ങളൊക്കെ കഴിയുമ്പോൾ പാവങ്ങളുടെ തലയിലേക്ക് മണ്ണും കല്ലും ഉരുണ്ട് വീഴുന്ന അവസ്ഥ ഉണ്ടാകരുത്: വി.ഡി സതീശൻ

## തങ്ങളുടെ പക്കലുള്ള പ്ലാൻ സർക്കാരിന് സമർപ്പിക്കാം സമയബന്ധിതമായി നടപ്പാക്കാൻ സർക്കാർ തയാറാകണം

കൊച്ചി: ഈ ബഹളങ്ങളൊക്കെ കഴിയുമ്പോൾ എവിടെയോ ജീവിക്കുന്ന പാവങ്ങളുടെ തലയിലേക്ക് മണ്ണും കല്ലും ഉരുണ്ട് വീഴുന്ന അവസ്ഥയുണ്ടാകരുതെന്ന് പ്രതിപക്ഷ നേതാവ് വി. ഡി സതീശൻ. 2021 ൽ കേരളത്തിലെ പ്രതിപക്ഷം 191 രാജ്യങ്ങളുടെ ഐ.പി.സി.സി റിപ്പോർട്ടും അതു സംബന്ധിച്ചുള്ള നാസയുടെ കണ്ടെത്തലുകളും അടിയന്തിര പ്രമേയമായി നിയമസഭയിൽ കൊണ്ടു വന്നിരുന്നു. മലയിടിച്ചിലിന് സാധ്യതയുള്ള പ്രോൺ ഏരിയകൾ മാപ്പ് ചെയ്യണമെന്നും കാലാവസ്ഥാ വകുപ്പ്, ഡിസാസ്റ്റർ മാനേജ്മെന്റ് തുടങ്ങി മുഴുവൻ വകുപ്പുകളെയും ഏകോപിപ്പിക്കണമെന്നും റെയിൻ ഗേജുകൾ സ്ഥാപിക്കാനും മണ്ണിന്റെ ഘടന പരിശോധിക്കാനുമുള്ള സംവിധാനം ഉണ്ടാക്കണമെന്നും അന്ന് ആവശ്യപ്പെട്ടതാണ്. അന്തർദേശീയ നിലവാരമുള്ള കൊച്ചിൻ സർവകലാശാലയിലെ കാലാവസ്ഥാ വകുപ്പിനെ കൂടി ഇക്കാര്യങ്ങളിൽ സഹകരിപ്പിക്കണം.

ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകളും പരിശോധിക്കണം. പുനരധിവാസം നടക്കുന്നതിനൊപ്പം ലോകത്ത് ലഭ്യമായ എല്ലാ സാങ്കേതിക വിദ്യകളും ഉപയോഗപ്പെടുത്തിയുള്ള വാർണിംഗ് മെക്കാനിസം ഉണ്ടാക്കണം. ദുരന്തമുന്നറിയിപ്പ് ഉണ്ടായാൽ പ്രോൺ ഏരിയകളിൽ നിന്നും ജനങ്ങളെ എത്ര സമയം കൊണ്ട് മാറ്റിപ്പാർപ്പിക്കാൻ സാധിക്കുമെന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കൃത്യമായ പദ്ധതി വേണം. ദൗർഭാഗ്യവശാൽ 2016 ലെ ദുരന്ത നിവാരണ പ്ലാനാണ് ഇപ്പോഴും നമ്മുടെ കയ്യിലുള്ളത്. എട്ടു കൊല്ലത്തിനിടെ ഡിസാസ്റ്റർ മാനേജ്മെന്റിന്റെ രീതി തന്നെ ലോകത്താകെ മാറി. പക്ഷെ അതൊന്നും നമ്മൾ അറിഞ്ഞിട്ടില്ല. അതുകൊണ്ട് പുനരധിവാസത്തിനൊപ്പം വാണിങ് മെക്കാനിസം സംവിധാനം കൂടി സർക്കാർ ഒരുക്കണമെന്നും പ്രതിപക്ഷനേതാവ് പറഞ്ഞു. ഇക്കാര്യങ്ങൾ സംബന്ധിച്ച് പ്രതിപക്ഷത്തിന് ഒരു പ്ലാനുണ്ട്. കാലാവസ്ഥാ മാറ്റത്തെ സർക്കാർ നിസാര മായി എടുക്കരുതെന്നും കാലാവസ്ഥാ മാറ്റത്തിന് അനുസരിച്ച് പോളിസി ചേഞ്ച് ഉണ്ടാകണമെന്നും ഇക്കഴിഞ്ഞ നിയമസഭ സമ്മേളനത്തിൽ രണ്ടു പ്രസംഗങ്ങളിൽ പോലും ആവശ്യപ്പെട്ടതാണ്. അതുകൊണ്ടാണ് ഞങ്ങൾ കെ റെയിലിനെ എതിർത്തത്. അതുകൊണ്ടാണ് ഇപ്പോൾ കോസ്റ്റൽ ഹൈവെയെയും എതിർക്കുന്നത്. പ്രകൃതി ദുരന്തങ്ങളെ പ്രതിരോധിക്കുന്നത് സംബന്ധിച്ച് ഞങ്ങളുടെ പക്കലുള്ള പ്ലാൻ സർക്കാരിന് സമർപ്പിക്കാം. അത് വിദഗ്ധരുടെ സഹായത്തോടെ സമയബന്ധിതമായി നടപ്പാക്കാൻ സർക്കാർ തയാറാകണം. പുഴ വെള്ളത്തിന്റെ നിറം മാറിയിട്ടുണ്ടെന്നും മുകളിൽ എന്തോ സംഭവിച്ചിട്ടുണ്ടെന്നും പ്രദേശവാസികൾ പറഞ്ഞത് 29ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നതാണ്. ഇതേത്തുടർന്ന് ജില്ലാ പഞ്ചായത്തും മേപ്പാടി പഞ്ചായത്തും കുറെ ആളുകളെ അവിടെ നിന്നും മാറ്റി. ഇത്തരം പ്രാചീനമായ അറിവുകളും ശാസ്ത്രീയമായ അറിവുകളും സംയോജിപ്പിച്ചുള്ള സംവിധാനമാണ് വേണ്ടത്. കേരളം അത്രയും അപകടത്തിലാണെന്ന് നാം ഇനിയെങ്കിലും തിരിച്ചറിയണമെന്നും സതീശൻ പറഞ്ഞു.

## അഞ്ചുകോടി രൂപയുടെ പദ്ധതിയുമായി മലങ്കര ഓർത്തഡോക്സ് സഭ

കൊച്ചി: വയനാട്ടിൽ ഉരുൾപൊട്ടലിൽ സർവ്വതും നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിന് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ അഞ്ചുകോടി രൂപ സമാഹരിച്ച് പുനരധിവാസ പദ്ധതികൾ ആവിഷ്കരിക്കും. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതിയൻ കാതോലിക്ക ബാവ കൽപ്പനയിലൂടെ വ്യക്തികളെയും പ്രസ്ഥാനങ്ങളെയും ഈ സംരംഭത്തിൽ പങ്കുചേരാൻ ആഹ്വാനം ചെയ്തു.

## രാംരാജ് കോട്ടൺ 25 ലക്ഷവും നടൻ ജയറാം അഞ്ച് ലക്ഷം രൂപയും സംഭാവന ചെയ്തു

കൊച്ചി: സാമൂഹിക കാര്യങ്ങളിൽ പ്രതിജ്ഞാബദ്ധരായി, വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല, മേപ്പാടി മേഖലകളിൽ ഉരുൾപൊട്ടൽ ദുരന്തത്തിനിരയായവരെ സഹായിക്കാൻ രാംരാജ് കോട്ടൺ ചെയർമാൻ കെ ആർ നാഗരാജൻ ദുരിതാശ്വാസ നിധിയിലേക്ക് 25 ലക്ഷം രൂപയുടെ ചെക്ക് കൈമാറി. കൂടാതെ കമ്പനി ബ്രാൻഡ് അംബാസഡർ നടൻ ജയറാം അഞ്ചു ലക്ഷം രൂപയും സംഭാവന ചെയ്തു. ധനസഹായത്തിന് പുറമേ, 25 ലക്ഷം രൂപ വിലമതിക്കുന്ന ധോത്തികളും ഷർട്ടുകളും റാംരാജ് കോട്ടൺ ജയറാമിന്റെ നേതൃത്വത്തിൽ വിതരണം ചെയ്യും. ദുരിതബാധിത പ്രദേശങ്ങൾ ജയറാം നേരിട്ട് സന്ദർശിക്കുകയും അടുത്തിടെയുണ്ടായ ഉരുൾപൊട്ടലിൽ നാശനഷ്ടം സംഭവിച്ച പ്രാദേശിക കുടുംബങ്ങൾക്ക് ധോതികൾ വിതരണം ചെയ്യുകയും ചെയ്യും.

## കേരള കോൺഗ്രസ് എം.എംഎൽഎമാർ ഒരു മാസത്തെ ശമ്പളം നൽകും

കോട്ടയം: വയനാട് ദുരന്തത്തിൽ എല്ലാം നഷ്ടമായവരുടെ പുനരധിവാസത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കേരള കോൺഗ്രസ് എമ്മിന്റെ എംഎൽഎമാർ ഒരു മാസത്തെ ശമ്പളം നൽകുമെന്ന് ചെയർമാൻ ജോസ് കെ മണി എംപി അറിയിച്ചു.

## ഫയർഫോഴ്സിന്റെ മൂന്നാം ദൗത്യസംഘം വയനാട്ടിലേക്ക്

തിരുവനന്തപുരം: വയനാട്ടിലെ ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങളിൽ രക്ഷാപ്രവർത്തനത്തിന് ഫയർ ഫോഴ്സിന്റെ മൂന്നാം ദൗത്യസംഘവും പുറപ്പെട്ടു. ഇന്നലെ പുലർച്ചെ അഞ്ച് മണിയോടെയാണ് 49 പേരടങ്ങുന്ന മൂന്നാം ദൗത്യസംഘമാണ് തിരുവനന്തപുരത്ത് നിന്നും വയനാട്ടിലേക്ക് പുറപ്പെട്ടത്. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ നിന്നുള്ള ഫയർഫോഴ്സ് സേനാംഗങ്ങളാണ് പ്രത്യേക കെ.എസ് ആർ.ടി.സി ബസിൽ വയനാട്ടിലേക്ക് പുറപ്പെട്ടത്. ആമയിഴഞ്ചാൻ തോട്ടിൽ മരിച്ച ജോയിയുടെ മൃതദേഹത്തിനായി തെരച്ചിൽ നടത്തിയ സേനാംഗങ്ങളും സംഘത്തിൽ ഉൾപ്പെടുന്നു. പൊലീസ് എസ്കോർട്ടിൽ എംവിഡിയാണ് സേനാംഗങ്ങളെ വയനാട്ടിലേക്ക് എത്തിക്കുന്നത്. ഉരുൾപൊട്ടൽ സംഭവിച്ച ശേഷം തിരുവനന്തപുരം യൂണിറ്റിൽ നിന്നു മാത്രം രണ്ട് ദൗത്യസംഘങ്ങളായിരുന്നു വയനാട്ടിലേക്ക് പുറപ്പെട്ടത്. മണ്ണിനടിയിൽ നിന്നും കൂടുതൽ പേരെ കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനാണ് മൂന്നാമത്തെ ദൗത്യസംഘവും വയനാട്ടിലേക്ക് പുറപ്പെട്ടത്.

## ദേശീയ ദുരന്തം എന്നൊന്നില്ലെന്ന് വി. മുരളീധരൻ

തിരുവനന്തപുരം: വയനാട് ഉരുൾപൊട്ടൽ ദേശീയ ദുരന്തമായി പ്രഖ്യാപിക്കാൻ കേന്ദ്രസർക്കാർ തയാറാകുന്നില്ലെന്ന വിമർശനങ്ങളുടെ പശ്ചാത്തലത്തിൽ പ്രതികരണവുമായി മുൻ കേന്ദ്രമന്ത്രി വി. മുരളീധരൻ. വയനാട് ഉരുൾപൊട്ടലിനെ കേന്ദ്രസർക്കാർ ദേശീയ ദുരന്തമായി പ്രഖ്യാപിക്കുന്നില്ല എന്ന വിമർശനം ചിലരെങ്കിലും ഈ ഘട്ടത്തിലും ഉന്നയിക്കുന്നു. ദേശീയ ദുരന്തം എന്നൊന്നില്ല, യു.പി.എ ഭരണകാലം മുതൽ കേന്ദ്രചട്ട പ്രകാരം ഇല്ലെന്നും മുരളീധരൻ പറഞ്ഞു.

## കെ.സി.ബി.സി സമ്മേളനം ഇന്ന് മുതൽ

കൊച്ചി: കേരള കത്തോലിക്കാ മെത്രാൻസമിതി ദൈവശാസ്ത്ര കമ്മീഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഏകദിന ദൈവശാസ്ത്ര സമ്മേളനം ഇന്ന് രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ മൗണ്ട് സെന്റ് തോമസിൽ വച്ച് നടക്കും. കേരളത്തിലെ വൈദിക രൂപീകരണ പരിപാടിയുടെ നവീകരണം വെല്ലുവിളികളും വാഗ്ദാനങ്ങളും ഉപായങ്ങളും എന്ന വിഷയത്തെ സംബന്ധിച്ച് തൃശൂർ മേരി മാതാ സെമിനാരി അധ്യാപകരായ റവ. ഡോ. സൈജോ തൈക്കാട്ടിലും, റവ. ഡോ. സജി കണയങ്കൽ സി.എസ്.റ്റി.യും പ്രബന്ധം അവതരിപ്പിക്കും. കെസിബിസി പ്രസിഡന്റ് കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്യുന്ന യോഗത്തിൽ വൈസ് പ്രസിഡന്റ് ബിഷപ് മാർ പോളി കണ്ണൂക്കാടൻ അധ്യക്ഷ വഹിക്കും.

കത്തോലിക്കാസഭയിലെ മെത്രാന്മാരും തിരഞ്ഞെടുക്കപ്പെട്ട ദൈവശാസ്ത്രപണ്ഡിതരും മേജർ സെമിനാരികളിലെ റെക്ടർമാരും ദൈവശാസ്ത്ര പ്രഫസർമാരും കെസിബിസിയുടെ വിവിധ കമ്മീഷൻ സെക്രട്ടറിമാരും ഏകദിന ദൈവശാസ്ത്രസമ്മേളനത്തിൽ സംബന്ധിക്കും. വൈകിട്ട് 5ന് കെ.സി.ബി.സി സമ്മേളനം ആരംഭിക്കും. പ്രകൃതി ദുരന്തമുണ്ടായ ഇടങ്ങളിലെ പുനരധിവാസം ഉൾപ്പടെ അടിയന്തര പ്രാധാന്യം അർഹിക്കുന്ന വിഷയങ്ങൾ ചർച്ച ചെയ്യും. തുടർന്ന് ആഗസ്റ്റ് 9 വരെ മെത്രാന്മാരുടെ വാർഷിക ധ്യാനം നടക്കും.

## മനുഷ്യത്വം സേനകളുടെ മുഖമുദ്ര: മുഖ്യമന്ത്രി

തൃശൂർ: മനുഷ്യത്വം സേനകളുടെ മുഖമുദ്രയാവുന്ന സന്ദർഭമാണ് വയനാട്ടിൽ കണ്ടതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു.

രാമവർമപുരം കേരള പൊലീസ് അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ 187 വനിത പൊലീസ് സേനാംഗങ്ങളുടേയും, മലപ്പുറം എം.എ സ്.പി. ബറ്റാലിയനിൽ പരിശീലനം പൂർത്തിയാക്കിയ 223 പുരുഷ പോലീസ് സേനാംഗങ്ങളുടേയും സംയുക്ത പാസിംഗ് ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

വയനാട്ടിലെ ചൂരൽമലയിലേയും മുണ്ടക്കൈയിലേയും ഉരുൾപൊട്ടൽ ദുരന്തമുഖത്ത് ദൃഢനിശ്ചയത്തോടെയാണ് പൊലീസും ഫയർഫോഴ്സും, സൈന്യവും, ദുരന്തനിവാരണസേനയുമെല്ലാം മുഴുകിയിരിക്കുന്നത്. നമ്മുടെ നാടിന്റെ ഒന്നത്യം കാത്തുസൂക്ഷിക്കുകയാണ് അവരെല്ലാവരും. കേരള പൊലീസിന് അഭിമാനിക്കാവുന്ന ഒട്ടേറെ ഏടുകൾ ദുരന്തമുഖത്ത് കാണാനായെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

അത്യന്തം അപകടകരമയ രക്ഷാദൗത്യങ്ങളാണ് സ്വന്തം ജീവൻ പോലും തൃണവൽഗണിച്ചുകൊണ്ട് വയനാട്ടിലെ ദുരന്തമുഖത്ത് പൊലീസ് ഏറ്റെടുത്തത്.

മുൻപ് പ്രളയകാലത്തും, കോവിഡ് കാലത്തും കേരള പൊലിസിന്റെ കരുതലിന്റെ സ്നേഹസ്പർശം കേരളം അനുഭവിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

ദുരന്തമുഖങ്ങളിൽ കേരളം കാത്തുസൂക്ഷിക്കുന്ന മനുഷ്യസ്നേഹത്തിന്റെ ഊഷ്മളത നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കുക എന്ന വലിയ ഉത്തരവാദിത്വം ഇന്ന് കേരള പൊലീസിന്റെ ഭാഗമാകുന്ന ഓരോ സേനാംഗത്തിനുമുണ്ടെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

ചടങ്ങിൽ കേരള പൊലീസ് അക്കാദമി അസിസ്റ്റന്റ് ഡയറക്ടർ (ട്രെയിനിംഗ്) എ.യു. സുനിൽകുമാർ പരിശീലനാർത്ഥികൾക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു. പരിശീലനത്തിലുടനീളം മികച്ച പ്രകടനം കാഴ്ചവെച്ച് സമ്മാനാർഹരായവർക്ക് ചടങ്ങിൽ മുഖ്യമന്ത്രി ട്രോഫികൾ സമ്മാനിച്ചു.

സംസ്ഥാന പോലീസ് മേധാവി ഡോ. ഷെയ്ക് ദർവേഷ് സാഹെബ്, എ.ഡി.ജി.പി. ആന്റ് ഡയറക്ടർ കേരള പോലീസ് അക്കാദമി പി. വിജയൻ, തൃശ്ശൂർ റേഞ്ച് ഡി.ഐ.ജി. അജിതാ ബീഗം, കേരള ആംഡ് വനിത പോലീസ് ബറ്റാലിയൻ കമാണ്ടന്റ് നകുൽ രാജേന്ദ്ര ദേശ് മുഖ് എന്നിവരും ചടങ്ങിൽ സേനാംഗങ്ങളുടെ അഭിവാദ്യം സ്വീകരിച്ചു.

## വിദ്യാർത്ഥിനികളുടെ തുടർപഠനം അൽ ഇർഷാദ് ഏറ്റെടുക്കുമെന്ന്

മുക്കം: വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ നിന്ന് രക്ഷപ്പെട്ടവരോ ഇതുമായി ഏതെങ്കിലും വിധത്തിൽ ബന്ധപ്പെട്ടവരോ ആയ വിദ്യാർഥിനികളുടെ ഡിഗ്രി തലത്തിലുള്ള തുടർ പഠനം കോഴിക്കോട് ജില്ലയിൽ ഓമശ്ശേരി തേച്ചിയാട് കേന്ദ്രമായി പ്രവർത്തിക്കുന്ന അൽ ഇർശാദ് ചാരിറ്റബിൾ സൊസൈറ്റി ഏറ്റെടുക്കും. പ്ലസ്ടു പഠനം കഴിഞ്ഞ വിദ്യാർഥിനികളെ സൊസൈറ്റിയുടെ കീഴിലുള്ള ആർട്സ് ആൻഡ് സയൻസ് കോളേജിൽ ഹോസ്റ്റൽ സൗകര്യത്തോടെ തികച്ചും സൗജന്യമായി പഠിപ്പിക്കുമെന്ന് ചാരിറ്റബിൾ സൊസൈറ്റി ചെയർമാൻ സി. കെ ഹുസ്സൈൻ മുഹമ്മദ് നീബാരി പറഞ്ഞു. ബി.എസ്. സി സൈക്കോളജി, ബി.എസ്. സി സുവോളജി, ബി.എ എക്കണോമിക്സ്, ബി.കോം എന്നീ കോഴ്സുകൾ ആണ് അൽ ഇർശാദ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ യു.ജി പഠനത്തിനായി നിലവിലുള്ളത്.

## കെ റെയിൽ, സിൽവർ ലൈൻ പദ്ധതി പിൻവലിക്കണം : കേന്ദ്ര സർക്കാരിന് ഭീമഹർജി നൽകാൻ സമര സമിതി ഇന്ന് ഡൽഹിക്ക്

തിരുവനന്തപുരം : കെ റെയിൽ, സിൽവർ ലൈൻ പദ്ധതി പിൻവലിക്കണമെന്നാവശ്യപ്പെട്ട് 25000 പേർ ഒപ്പിട്ട ഭീമഹർജി നൽകാൻ സംസ്ഥാന കെ റെയിൽ സിൽവർ ലൈൻ വിരുദ്ധ ജനകീയ സമിതി നേതാക്കൾ ഇന്ന് ഉച്ചയ്ക്ക് ഡൽഹിക്ക് പുറപ്പെടും.

കേരളത്തിന്റെ പാരിസ്ഥിതിക, സാമൂഹ്യ, സാമ്പത്തിക ഘടനയ്ക്ക് യോജിക്കാത്ത പദ്ധതി തള്ളിക്കളയണം എന്ന് ആവശ്യപ്പെടാൻ സംസ്ഥാനത്ത് നിന്നുള്ള പാർലമെന്റ് അംഗങ്ങളോടും സമിതി ആവശ്യപ്പെട്ടു. നിരന്തരമായ പ്രകൃതി ചൂഷണം സംസ്ഥാനത്ത് ജനജീവിതം തന്നെ ദുഃസഹമാക്കിയിരിക്കുകയാണ്. ഉരുൾപൊട്ടലും മണ്ണിടിച്ചിലും മലവെള്ളപ്പാച്ചിലും വെള്ളപ്പൊക്കവും ആവർത്തിച്ചുണ്ടാകുന്നു. ഖനനമോ വൻകിട നിർമ്മാണങ്ങളോ താങ്ങാനുള്ള കരുത്ത് കേരളത്തിനില്ല എന്ന് ഈ രംഗത്തെ വിദഗ്ധരെല്ലാം പറയുന്നു. എന്നാൽ ജനങ്ങളുടെ ശക്തമായ എതിർപ്പിനെ മറികടന്ന് നടപ്പിലാക്കാനാകില്ല എന്ന് ബോധ്യപ്പെട്ടിട്ടും സിൽവർ ലൈൻ പദ്ധതിക്കായുള്ള ശ്രമം തുടരുകയാണ് സംസ്ഥാന സർക്കാർ. ദേശീയ പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രകൃതിക്ക് മേൽ നടത്തിയ അശാസ്ത്രീയ ഇടപെടലുകൾ പലയിടത്തും ജനവാസ മേഖലകളെ വാസയോഗ്യമല്ലാതാക്കിയിരിക്കുന്നു. ചെറിയ മഴയിൽ പോലും പാതയ്ക്ക് ഇരുവശവും മണ്ണിടിച്ചിലും വെള്ളപ്പൊക്കവും ഉണ്ടാകുന്നതിനാൽ ജനങ്ങൾ പൊറുതി മുട്ടിയിരിക്കുകയാണ്. വയനാട്ടിൽ ഉണ്ടായ സമാനതകളില്ലാത്ത ദുരന്തത്തിന്റെ കൂടി പശ്ചാത്തലത്തിൽ കേരളത്തിലെ ഭൂവിനിയോഗത്തിൽ പരിസ്ഥിതി സൗഹൃദവും ശാസ്ത്രീയവുമായ ഇടപെടലുകൾ നടത്താനാണ് സർക്കാർ അടിയന്തരമായി ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്. നമുക്ക് ലഭ്യമായ ശാസ്ത്ര സാങ്കേതിക ജ്ഞാനവും ധന ശേഷിയും ജനങ്ങളുടെ ജീവിതം ഉറപ്പാക്കാനാണ് ഉപയോഗിക്കേണ്ടത് എന്നും സിൽവർ ലൈൻ പോലെയുള്ള വൻകിട നിർമ്മാണങ്ങളിൽ നിന്നും അടിയന്തരമായി സർക്കാർ പിന്മാറണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടാനാണ് സമരസമിതി തീരുമാനിച്ചിരിക്കുന്നതെന്നും സംസ്ഥാന ചെയർമാൻ എം.പി ബാബുരാജ് പറഞ്ഞു. മുൻ എം.എൽ.എ ജോസഫ് എം. പുതുശ്ശേരി, സമിതി എറണാകുളം ജില്ലാ ചെയർമാൻ വിനു കുര്യാക്കോസ്, തൃശ്ശൂർ ജില്ലാ ചെയർമാൻ ശിവദാസ് മഠത്തിൽ എന്നിവർ സംസ്ഥാന ചെയർമാൻ എം.പി ബാബുരാജിന്റെ നേതൃത്വത്തിൽ ഇന്ന് പുറപ്പെടും. ഉച്ചക്ക് ഒരു മണിക്ക് കൊച്ചി വിമാനത്താവളത്തിൽ സമിതി പ്രവർത്തകർ സംഘത്തിന് യാത്രയയപ്പ് നൽകും.

കമ്പോളം പോയവാരം

# റബർ, വെളിച്ചെണ്ണ വില മേലോട്ട്, കുരുമുളക് വിലയും കൂടി

പി.എ.എ.റഷീദ്

മട്ടാഞ്ചേരി: റബർ, വെളിച്ചെണ്ണ വില കഴിഞ്ഞ ആഴ്ച കാര്യമായി ഉയർന്നു. കുരുമുളക് വിലയും കൂടിയിട്ടുണ്ട്. സ്വർണ വിലയിലും കയറ്റമനുഭവപ്പെട്ടു. തേയിലയുടെ വിവിധയിനങ്ങൾക്ക് വില കയറിയിറങ്ങി.

റബർ വിലയിൽ 2000 രൂപയോളമാണ് കഴിഞ്ഞ ആഴ്ച കൂടിയത്. ആർ.എസ്.എസ് നാല് 21,900 രൂപയിൽ നിന്ന് 23,800 രൂപയായും ആർ എസ് എസ് അഞ്ച് 21,600 രൂപയിൽ നിന്ന് 23,400 രൂപയായും വർധിച്ചു. 2011 ജൂലൈക്ക് ശേഷമുള്ള വലിയ വർധനയാണിത്. വേണ്ടത്ര ചരക്കില്ലാത്തതും അതേ സമയം കമ്പനിക്കാരിൽ നിന്ന് വലിയ ഡിമാന്റുണ്ടായതുമാണ് വില ഉയരാൻ കാരണം. അന്താരാഷ്ട്ര വിപണിയിലും വില കൂടി. ചൈനയിൽ 165രൂപയും ടോക്യോയിൽ 181 രൂപയും ബാങ്കോക്കിൽ 195 രൂപയുമാണ് ഇപ്പോഴത്തെ വില. കനത്ത മഴയിൽ കേരളത്തിൽ ടാപ്പിംഗ് നടക്കുന്നില്ല. ഇറക്കുമതി റബറിനെയാണ് ആശ്രയം.

കൊച്ചിയിൽ വെളിച്ചെണ്ണ വില കൂടി. തയ്യാർ വെളിച്ചെണ്ണ 15,500 രൂപയിൽ നിന്ന് 16,000 രൂപയായും മില്ലിംഗ് വെളിച്ചെണ്ണ 16,000 രൂപയിൽ നിന്ന് 16,500 രൂപയായും ഉയർന്നു. കൊപ്ര വില 10,000 രൂപയിൽ നിന്ന് 10,200 രൂപയായും കൂടി. ഓണം ഡിമാന്റിന്റെ പശ്ചാത്തലത്തിലാണ് വില കൂടിയത്. കനത്ത മഴയിൽ കൊപ്ര സംസ്കരണം മന്ദഗതിയിലാണ്. വിപണിയിൽ ചരക്ക് വരവ് കറവാണ്. നാഫെഡ് 2023ൽ സംഭരിച്ച കൊപ്ര വിൽപ്പന ഉടനെ തുടങ്ങിയേക്കും.

സ്വർണ വില കഴിഞ്ഞതിനു മുമ്പത്തെ ആഴ്ചയിലെ വൻ ഇടിവിനു ശേഷം കഴിഞ്ഞ ആഴ്ച വില ഉയർന്നു. സ്വർണം ഇറക്കുമതിയുടെ കസ്റ്റംസ് ഡ്യൂട്ടി കുറച്ചതിനെ തുടർന്നാണ് വില കുറഞ്ഞത്. വാരാദ്യം 50,600 രൂപയിലാണ് തുടങ്ങിയത്. പിന്നീട് വാരം ക്ലോസ് ചെയ്യുമ്പോൾ വില 51,760 രൂപയായി ഉയർന്നു. അന്താരാഷ്ട്ര വിപണിയിൽ ഒരു ഔൺസ് സ്വർണത്തിന്റെ വില 2386.10 ഡോളറിൽ നിന്ന് 2443.10 ഡോളറായിഉയർന്നു. അമേരിക്കയിലെ കേന്ദ്ര ബാങ്കായ ഫെഡറൽ റിസർവ് പലിശ നിരക്കുകൾ കുറയ്ക്കുകയില്ലെന്ന സൂചനയെ തുടർന്നാണ് വില ഉയർന്നതെന്ന് വിപണി വിദഗ്ധർ പറയുന്നു.

കഴിഞ്ഞ ആഴ്ച കുരുമുളക് ക്വിന്റലിന് 1100 രൂപ കൂടി. അൺഗാർബിൾഡ് കുരുമുളക് 64,700 രൂപയിൽ നിന്ന് 65,800 രൂപയായും ഗാർബിൾഡ് കുരുമുളക് 66,700 രൂപയിൽ നിന്ന് 67,800 രൂപയായുമാണ് കൂടിയത്. കഴിഞ്ഞ ആഴ്ച കൊച്ചി ടെർമിനൽ വിപണിയിൽ 161 ടൺ കുരുമുളകിന്റെ വരവുണ്ടായിരുന്നു. ശ്രീലങ്കയിൽ നിന്നുള്ള ഇറക്കുമതി കുരുമുളക് വങ്ങുന്നതിന് തിരക്കേറിയതും മസാല കമ്പനിക്കാരുടെ വാങ്ങൽ കൂടിയതുമാണ് വില ഉയർത്തിയത്. തമിഴ്നാട് കേന്ദ്രീകരിച്ചുള്ള അന്തർ സംസ്ഥാന കച്ചവടക്കാർ സാന്ദ്രത കൂടിയ മുളക് അഞ്ചാഴ്ചത്തെ അവധിക്ക് വാങ്ങികൂട്ടിയതും വില ഉയർത്തി. ശ്രീലങ്കൻ മുളകിന്റെ വില 6500 ൽ നിന്ന് 6800 ഡോളറാക്കി ഉയർത്തി. 3000 ടൺ മുളക് എങ്കിലും അവർ ജൂൺ മാസത്തിൽ ഇന്ത്യയിലേക്ക് അയച്ചിട്ടുണ്ട്. ഇതിന്റെ ഡ്യൂട്ടി ഇനത്തിൽ കേന്ദ്ര ഗവൺമെന്റിനു 14 കോടി രൂപ ലഭിച്ചിട്ടുണ്ട്. വിയറ്റ്നാം വില 6900 ഡോളറാണ്. ചൈനയുടെ വാങ്ങൽ ഇല്ലാതായതോടയാണ് അവർ വില കുറച്ചത്. ഇന്തോനേഷ്യ 7200-7300 ഡോളറിനും ബ്രസീൽ 6500 ഡോളറിനുമാണ് വിൽക്കുന്നത്. ഇന്ത്യൻ മുളകിന്റെ വില 8200 ഡോളറാണ്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം വിദേശ ഡിമാന്റ് തീരെയില്ല. ആഗസ്റ്റ് 1 മുതൽ 16 ഇനം ഭക്ഷ്യ വസ്തുക്കൾ കേന്ദ്ര സർക്കാർ പ്രൈസ് മോണിറ്ററിംഗ് സിസ്റ്റത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുരുമുളകും മഞ്ഞളും വറ്റൽ മുളകുമൊക്കെ ഇതിൽ ഉൾപ്പെടുന്നുണ്ട്. കുരുമുളകിന്റെ സ്റ്റോക്ക് സംബന്ധിച്ച് കടുത്ത നിയന്ത്രണങ്ങളാണ് ഇതോടെ ഉണ്ടാവുന്നത്. കച്ചവട സമൂഹം ഇതിനെ ശക്തമായി എതിർക്കുന്നു. സിസ്റ്റത്തിൽ നിന്ന് കുരുമുളകിനെ ഒഴിവാക്കണമെന്ന ആവശ്യം ശക്തമാണ്. ഇത് സംബന്ധിച്ചുള്ള നിവേദനങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകിത്തുടങ്ങി.

തേയില ലേലത്തിൽ ഓർത്തോഡക്സ് ഇലത്തേയില 2,80,000 കിലോ ഉണ്ടായിരുന്നു. വിലയിൽ മാറ്റമില്ല. വില നിലവാരം: ഹൈഗ്രോൺ ബ്രോക്കൺ 266 രൂപ മുതൽ 278 രൂപ വരെ. ഹൈഗ്രോ ഫാനിംഗ്സ് 206-217, മീഡിയം ബ്രോക്ക 160-170, മീഡിയം ഫാനിംഗ്സ് 92-98.

സി.ടി.സി. ഇലത്തേയില 52,000 കിലോ. 2 മുതൽ 4 വരെ രൂപ കുറഞ്ഞു. ബെസ്റ്റ് ബ്രോക്കൺ 140-148, ബെസ്റ്റ് ഫാനിംഗ്സ് 124-130 , മീഡിയം ബ്രോക്കൺ 100-107, മീഡിയം ഫാനിംഗ്സ് 91-97.

ഓർത്തോഡക്സ് പൊടിത്തേയില 5,800 കിലോ. 2 രൂപ കുറഞ്ഞു. മീഡിയം ബി.ഒ.പി. ഡസ്റ്റ് 109-117, മീഡിയം ബി.ഒ.പി.ഫൈൻ 90-96, ഫൈബ്രസ് ടൈപ്പ് 72.

സി.ടി.സി. പൊടിത്തേയില 7,51,000 കിലോ. മുന്തിയ ഇനങ്ങൾക്ക് 3 മുതൽ 5 വരെ രൂപ കൂടി. ബെസ്റ്റ് സൂപ്പർ ഫൈൻ 154-170, ബെസ്റ്റ് റെഡ് ഡസ്റ്റ് 149-158, കടുപ്പമുള്ള ഇടത്തരം 127-132, കടുപ്പം കുറഞ്ഞ ഇടത്തരം 120-125, താണയിനം 98-105.

വാണിജ്യ ലോകം

# വിൽപ്പന സമ്മർദത്തിൽ തകർന്ന് റെക്കോർഡ് മോഹം

സോണിയഭാനു

കൊച്ചി: ഓഹരിസൂചിക പതിനാല് വർഷത്തിനിടയിൽ ആദ്യമായി തുടർച്ചയായി ഒൻപത് ആഴ്ചകൾ തളർച്ചയറിയാതെ മുന്നേറി റെക്കോർഡിനുള്ള ശ്രമത്തെ വിദേശ ഓപ്പറേറ്റർമാരുടെ വിൽപ്പന മൂലം നഷ്ടമായി. രാജ്യത്തിന്റെ തിരഞ്ഞെടുപ്പ് വേളയിൽ വിപണിയിൽ ഉടലെടുത്ത ബുൾ തരംഗമാണ് കഴിഞ്ഞദിവസം അസ്തമിച്ചത്. അതേസമയം ഇന്ത്യൻ ഓഹരി ഇൻഡക്സുകളെ ബാധിച്ച സാങ്കേതിക തിരുത്തലുകൾ പൂർത്തിയാവുന്നതോടെ വിപണി വർധിച്ച വീര്യത്തിൽ തിരിച്ചുവരവ് കാഴ്ച വെക്കുമെന്ന വിശ്വാസത്തിലാണ് നിക്ഷേപകർ. സെൻസെക്സും നിഫ്റ്റിയും എക്കാലത്തെയും ഉയർന്ന തലം കഴിഞ്ഞ വാരം ദർശിച്ചു. വാരാന്ത്യം നിഫ്റ്റി 117 പോയിന്റും സെൻസെക്സ് 350 പോയിന്റും നഷ്ടത്തിലാണ്.

മുൻ നിര ഐ റ്റി ഓഹരിയായ ഇൻഫോസിസ്, ടെക് മഹീന്ദ്ര, എച്ച് സി എൽ ടെക്, റ്റിസിഎസ് തുടങ്ങിവക്ക് തിരിച്ചടി. ടാറ്റ മോട്ടേഴ്സ്, എം ആന്റ് എം, ആർ ഐ എൽ, എസ് ബി ഐ, ഐ സി ഐ സി ഐ ബാങ്ക്, എച്ച് യു എൽ, ടാറ്റ സ്റ്റീൽ ഓഹരികൾക്കും തളർച്ച. അതേ സമയം നിക്ഷപതാൽപര്യം ഇൻഡസ് ബാങ്ക്, മാരുതി, സൺ ഫാർമ്മ, എച്ച് ഡിഎഫ് സിബാങ്ക് ഓഹരി വിലകൾ ഉയർത്തി.

വിദേശ ധനകാര്യ സ്ഥാപനങ്ങൾ 14,844 കോടി രൂപയുടെ ഓഹരികൾ വിറ്റു. ഒരുദിവസം അവർ 2089 കോടി രൂപയുടെ നിക്ഷേപത്തിനും തയ്യാറായി. ആഭ്യന്തര ഫണ്ടുകൾ മൊത്തം 11,896 കോടി രൂപയുടെ ഓഹരികൾ ശേഖരിച്ചു. ഇതിനിടയിൽ 337 കോടി രൂപയുടെ വിൽപ്പനയും നടത്തി.

സെൻസെക്സ് 81,332 പോയിന്റിൽ നിന്നും റെക്കോർഡ് പ്രകടനത്തോടെയാണ് പിന്നിട്ടവാരം ഇടപാടുകൾ തുടങ്ങിയത്. സൂചിക 80,924 ലേക്ക് താഴ്ന്ന ശേഷം 82,129 ലേക്ക് കുതിച്ച് റെക്കോർഡ് സ്ഥാപിച്ചെങ്കിലും വാരാന്ത്യം 80,981 പോയിന്റിലാണ്. ഈ വാരം 81,784 82,587 പോയിന്റിൽ പ്രതിരോധമുണ്ട്. വിപണി തിരുത്തലിൽ ശ്രമം നടത്തിയാൽ 80,523-80,065 ൽ സപ്പോർട്ടുണ്ട്.

ദേശീയ സൂചികയായ നിഫ്റ്റി 24,834 ൽ നിന്നും തുടക്കത്തിൽ 25,000 പോയിന്റ് കൈപ്പിടിയിൽ ഒതുക്കാൻ നടത്തിയ ശ്രമം വിദേശ ഫണ്ടുകളുടെ ശക്തമായ വിൽപ്പന മൂലം 24,999 ൽ അവസാനിച്ചു. ഇതോടെ വിൽപ്പന സമ്മർദ്ദത്തിൽ 24,777 ലേക്ക് നിഫ്റ്റി ഇടിഞ്ഞെങ്കിലും താഴ്ന്ന റേഞ്ചിൽ ആഭ്യന്തര മ്യൂചൽ ഫണ്ടുകൾ നിഷേപകരായി മാറിയതോടെ 25,000 പോയിന്റ് കടന്ന് വിപണി 25,078 വരെ സഞ്ചരിച്ചു.

വാരാന്ത്യം വിപണി നിയന്ത്രണം വീണ്ടും വിൽപ്പനക്കാരിലേക്ക് തിരിഞ്ഞതിനാൽ ക്ലോസിങ് സൂചിക 24,717 ലാണ്. ഈ വാരം 24,576 പോയിന്റിൽ ആദ്യ സപ്പോർട്ടുണ്ട്. ഇത് നിലനിർത്തിയാൽ നിഫ്റ്റി 24,968 25,219 ലേക്ക് തിരിച്ചുവരവിന് ശ്രമം നടത്താം.

വിപണിയിലെ തകർച്ചക്കിടയിൽ മുൻ നിരയിലുള്ള പത്ത് കമ്പനികളിൽ എട്ടിനും തളർച്ച സംഭവിച്ചു. കഴിഞ്ഞ വാരത്തിലെ വിൽപ്പന സമ്മർദ്ദത്തിൽ വിപണിമൂല്യത്തിൽ 1,28,913.5 കോടി രൂപയുടെ ഇടിവ്. മുൻ നിര ഐ റ്റി കമ്പനിയായ റ്റിസിഎസിന്റെ വിപണിമൂല്യം 37,971.83 കോടി രൂപ ഇടിഞ്ഞ് 15,49,626.88 കോടി രൂപയായപ്പോൾ ഇൻഫോസിസിന്റെ മൂലധനം 23,811.88 കോടി രൂപ കുറഞ്ഞ് 7,56,250.47 കോടി രൂപയായി.

രൂപയുടെ വിനിമയ മൂല്യം 83.69 ൽ നിന്നും 83.88 ലേക്ക് ഇടിഞ്ഞ വേളയിൽ റിസർവ് ബാങ്ക് കരുതൽ ശേഖരത്തിൽ നിന്നും ഡോളർ ഇറക്കി രൂപയ്ക്ക് താങ്ങ് പകർന്നു. ഫലമായി വാരാന്ത്യംഅൽപ്പം മെച്ചപ്പെട്ട് 83.75 ൽ ക്ലോസിങ് നടന്നങ്കിലും സ്വർണം വില കൂടുതൽ കരുത്ത് നേടുന്നു. 2386 ഡോളറിൽ നിന്നും ട്രോയ് ഔൺസിന് 2478 ഡോളർ വരെ ഉയർന്നശേഷം വാരാന്ത്യം 2442 ലാണ്. പിന്നിട്ടരണ്ടാഴ്ച കളിൽ 2376 ഡോളറിലെ സപ്പോർട്ട് നിലനിർത്താനായത് മുന്നേറ്റ സാധ്യതകൾക്ക് ശക്തി പകരുന്നു.

ക്രൂഡ് ഓയിൽ വില തുടർച്ചയായ നാലാം വാരത്തിലും താഴ്ന്നു. രാജ്യാന്തര വിപണിയിൽ ഇന്ധനത്തിന് ആവശ്യക്കാർ കുറഞ്ഞത് ഒപ്പെക്ക് അടക്കമുള്ള ഉൽപാദകരെ ആശങ്കയിലാക്കി. എണ്ണ വില ബാരലിന് 76.55 ഡോളർ വരെ താഴ്ന്നശേഷം വ്യാപാരാന്ത്യം 76.39 ഡോളറിലാണ്.

## സേവന പ്രവർത്തനത്തിലേർപ്പെട്ടവർക്ക് ഭക്ഷ്യക്കിറ്റ് നൽകി

എടക്കര: പോത്തുകൽ പൊലീസ് സ്റ്റേഷനിൽ എത്തുന്ന മൃതദേഹങ്ങളും ശരീരഭാഗങ്ങളും കൈകാര്യം ചെയ്യുന്നതിൽ നിസ്വാർഥ സേവനം ചെയ്യുന്നവർക്ക് രണ്ടാഴ്ചത്തേക്ക് ഭക്ഷ്യക്കിറ്റുകൾ നൽകി. ചാലിയാറിന്റെ തീരങ്ങളിൽ നിന്ന് ലഭിക്കുന്ന അഴുകിയതും ബന്ധുക്കൾക്ക് പോലും തിരിച്ചറിയാൻ പറ്റാത്തതുമായ മൃതദേഹങ്ങളും ശരീരഭാഗങ്ങളും കഴുകി വൃത്തിയാക്കുകയും ചെയ്യുന്ന പ്രവൃത്തിയിലേർപ്പെട്ടവരും ആംബുലൻസ് ഡ്രൈവരുമായ 38 പേർക്കാണ് പോപ്പീസ് ജിദ്ദ ഗ്രൂപ്പ് ഭക്ഷ്യക്കിറ്റുകൾ അവരവരുടെ വീടുകളിലെത്തിച്ച് നൽകിയത്. ഒരാഴ്ചയായി ജോലിയും കൂലിച്ചും ഉപേക്ഷിച്ച് സേവന പ്രവർത്തനത്തിൽ മുഴുകിയിരിക്കുകയാണിവർ. പോപ്പീസ് ജിദ്ദ ഗ്രൂപ്പിലെ കെ.ടി. ജുനൈസ്, ഷാജി കപ്പച്ചാലി, ഹെൽത്ത് ഇൻസ്പെക്ടർ കെ. മൻസൂർ റഹ്മാൻ നേതൃത്വം നൽകി.

## ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് ഇന്ന് അവധി

മലപ്പുറം: ജില്ലയിൽ കാലവർഷത്തെ തുടർന്നുള്ള ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധിയായിരിക്കുമെന്ന് ജില്ലാ കലക്ടർ വി.ആർ വിനോദ് അറിയിച്ചു.


കുമ്പളപ്പാറയിൽ നിന്നും കണ്ടെടുത്ത മൃതദേഹവുമായി രക്ഷാപ്രവർത്തകർ ഇരുട്ടുകുത്തിയിലെത്തിയപ്പോൾ.

## ചാലിയാറിൽ നിന്ന് ഇന്നലെ ലഭിച്ചത്

# മൂന്ന് മൃതദേഹങ്ങളും 10 ശരീര ഭാഗങ്ങളും

എടക്കര: മുണ്ടക്കൈ ദുരന്തത്തിൽ ചാലിയാറിലൂടെ ഒഴുകിയെത്തിയവർക്കായി ആറാം ദിനത്തിൽ നടത്തിയ മാസ് തിരച്ചിലിൽ മൂന്ന് മൃതദേഹങ്ങളും പത്ത് ശരീരഭാഗങ്ങളും രക്ഷാ പ്രവർത്തകർ കണ്ടെടുത്തു. കുമ്പളപ്പാറ, പൂക്കോട്ടുമണ്ണ, മാങ്കയം എന്നിവിടങ്ങളിൽ നിന്നുമാണ് ചളിയിൽ പുതഞ്ഞ നിലയിൽ മൃതദേഹങ്ങളും ശരീരഭാഗങ്ങളും കണ്ടെത്തിയത്. പൊലീസ്, വനം, തണ്ടർബോൾട്ട്, ഫയർ ഫോഴ്സ്, ഇ.ആർ.എഫ് എന്നിവരുടെ നേതൃത്വത്തിൽ വിവിധ സന്നദ്ധ സംഘടനകളിലെ 338 അംഗങ്ങളും ഇവർക്ക് പുറമെ തദ്ദേശീയരായ നിരവധിയാളുകളും ഞായറാഴ്ച ചാലിയാറിന്റെ ഇരുട്ടുകുത്തിക്ക് മുകൾ ഭാഗങ്ങളിൽ തിരച്ചിലിനായി പോയിരുന്നു. ചാലിയാർ പുഴുടെ ഇരു ഭാഗങ്ങളിലും അതിനോട് ചേർന്ന വനമേഖലകളിലുമാണ് നാല് സംഘങ്ങളായി തിരിഞ്ഞ് തിരച്ചിൽ നടത്തിയത്. സംഘാംഗങ്ങൾ ഇരുട്ടുകുത്തിയിൽ നിന്നും ചാലിയാർ പുഴ ഒഴുകുന്ന ഇരുപതിലേറെ കിലോമീറ്റർ ദൂരം താണ്ടി സൂചിപ്പാറ വെള്ളച്ചാട്ടം വരെ തിരച്ചിൽ നടത്തി. അതിസാഹസികമായാണ് സംഘാംഗങ്ങൾ സൂചിപ്പാറയിലെത്തിയത്. ഈ മേഖലകളിൽ നിന്നൊക്കെ ശരീര ഭാഗങ്ങൾ കണ്ടെടുക്കാനായി. സൂചിപ്പാറയിലെത്തിയ എമർജൻസി റസ്ക്യൂ ഫോഴ്സിലെ പതിനെട്ട് അംഗങ്ങൾ ഇവിടെ കുടുങ്ങിയതായി വാർത്ത പരന്നിരുന്നു. എന്നാൽ ഇക്കാര്യം ഇ.ആർ.എഫ് നേതൃത്വം നിഷേധിച്ചു. ജില്ലാ പൊലീസ് മേധാവി എസ്.ശശിധരൻ ഇവരുമായി രാത്രി സംസാരിച്ചിരുന്നു. വനം ചെക്കുപോസ്റ്റിൽ എത്തിയതായും പ്രവർത്തകരെല്ലാം സുരക്ഷിതരാണെന്നും സംഘാംഗങ്ങൾ അറിയിച്ചു. എല്ലവരും സുരക്ഷിതരാണ്. വൈകിട്ട് അഞ്ചരയോടെയാണ് അരണപ്പുഴക്ക് താഴെ ഭാഗങ്ങളിൽ തിരച്ചിൽ നടത്തിയ രക്ഷാപ്രവർത്തകർ മുണ്ടേരിയിൽ തിരിച്ചെത്തിയത്. വൈകുന്നേരംവരെ മഴമാറി വെയിൽ നിറഞ്ഞത് തിരച്ചിലിന് അനുകൂലമായി. ജില്ലാ പൊലീസ് മേധാവി എസ്.ശശിധരനും സംഘവും ഹെലികോപ്റ്ററിൽ ഈ മേഖലയിലൂടെ നിരീക്ഷണം നടത്തിയിരുന്നു. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദേശപ്രകാരം മലബാർ അമച്വർ റേഡിയോ സൊസൈറ്റി മുണ്ടേരി മാളകത്ത് വയർലെസ് സംവിധാനമൊരുക്കിയിരുന്നു. ഞായറാഴ്ച വനമേഖലയിൽ നടന്ന മെഗാ രക്ഷാപ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിന് വയർലെസ് സംവിധാനം വളരെയേറെ സഹായകമായി.

## രക്ഷാപ്രവർത്തകർ ഒഴുക്കിൽപെട്ടു

എടക്കര: രക്ഷാപ്രവർത്തനം കഴിഞ്ഞ് മടങ്ങിയ സംഘം പാണ്ടിയിൽ ചാലിയാർ കടക്കുന്നതിനിടെ ഒഴുക്കിൽപെട്ടു. അഞ്ഞൂറ് മീറ്ററോളം പുഴയിലൂടെ ഒഴുകിയ സംഘത്തെ അതിസാഹസികമായി രക്ഷാപ്രവർത്തകർ കരക്ക് കയറ്റി. ഇരുട്ടുകുത്തി കടവിൽ ഇന്നലെ വൈകീട്ട് നാല് മണിയോടെയാണ് സംഭവം. സൂചിപ്പാറ വനമേഖലയിലേക്ക് തിരച്ചിലിനായി രാവിലെ പോയ ഒരു സംഘത്തിൽപെട്ട രക്ഷാപ്രവർത്തകരാണ് തിരിച്ച് ഇരുട്ടുകുത്തിയിൽ പാണ്ടിയിൽ ചാലിയാർ മുറിച്ച് കടക്കുമ്പോൾ ഒഴുക്കിൽപെട്ടത്. നിയന്ത്രണംവിട്ട പാണ്ടി അഞ്ഞൂറ് മീറ്ററിലേറെ ദൂരം പുഴയിലൂടെ താഴേക്ക് ഒലിച്ചുപോയി. ഉടൻതന്നെ കരയിലുണ്ടായിരുന്ന രക്ഷാപ്രവർത്തകർ പുഴയിലിറങ്ങി പാണ്ടിയിൽ നിന്നും ഇട്ടു കൊടുത്ത കയർ പിടിച്ച് സംഘത്തെ കരക്ക് അടുപ്പിക്കുകയായിരുന്നു.

പാണ്ടി നിയന്ത്രണം വിട്ടതോടെ അതിലുണ്ടായിരുന്നവർ ഭയചകിതരായി. ചാലിയാറിൽ വെള്ളം കുറഞ്ഞുവെങ്കിലും ശക്തമായ ഒഴുക്കാണ് ഉണ്ടായിരുന്നത്.


രക്ഷാപ്രവർത്തകർ കയറിയ പാണ്ടി നിയന്ത്രണംവിട്ട് ഒഴുക്കിൽപെട്ടപ്പോൾ രക്ഷപെടുത്തുന്നു


ചാലിയാർ പുഴയിൽ നിന്നു ലഭിച്ച മൃതദേഹഭാഗം നിലമ്പൂർ ജില്ലാ ആശുപത്രിയിൽ എത്തിച്ചപ്പോൾ

## സക്കീറിന് നഷ്ടമായത് ജീവന്റെ നല്ലപാതി

കരുവാരകുണ്ട്: ഇരുളിൽ കുത്തിയൊലിച്ചൊഴുകിയ മലവെള്ളപ്പാച്ചിലിൽ സക്കീറിന് നഷ്ടമായത് ജീവിതത്തിന്റെ നല്ല പാതി. കോഴിക്കോട് പാലത്ത് ന്യൂ പാരീസ് ഹോട്ടലിലെ ജീവനക്കാരനും കരുവാരകുണ്ട് സ്വദേശികളുടെ ബന്ധുവുമായ ആമകുഴിയൻ സക്കീറിനാണ് തന്റെ നല്ല പാതിയും മകളും നഷ്ടമായത്. വീട് നിൽക്കുന്ന പ്രദേശത്ത് ഉരുൾപൊട്ടൽ ഉണ്ടായെന്നറിഞ്ഞ് രാവിലെ നാട്ടിലേക്ക് പുറപ്പെട്ടതായിരുന്നു സക്കീർ. കൽപ്പറ്റയിലെത്തിയപ്പോഴാണ് ഭാര്യ അബ്സിയ(35) മരിച്ച വിവരമറിഞ്ഞത്. മകൾ മിൻഹാ ഫാത്തിമയുടെ (14) മൃതശരീരം ചാലിയാറിൽ പോത്തുകല്ലിനടുത്ത് കണ്ടെത്തിയതായി ഏതാനും സമയം കഴിഞ്ഞശേഷം വിവരമെത്തി. സക്കീറിന്റെ മകൻ മുഹമ്മദ് ഷൈജൽ ചെന്നൈയിൽ വിദ്യാർഥിയാണ്. അപകട വിവരമറിഞ്ഞ ഷൈജലും നാട്ടിലേക്ക് തിരിച്ചു. സക്കീർ തിങ്കളാഴ്ച നാട്ടിലേക്ക് പോവാനിരുന്നതാണ്. സ്ഥലത്തില്ലാതിരുന്ന കടയുടമ നാസർ എത്താൻ വൈകിയതിനാലാണ് യാത്ര ചൊവ്വാഴ്ചത്തേക്ക് മാറ്റിയത്. കൽപ്പറ്റയിലെത്തി തിരിച്ചറിഞ്ഞ ഭാര്യയുടെ മൃതദേഹം ഖബറടക്കിയ ശേഷമാണ് മിൻഹാ ഫാത്തിമയുടെ മൃതശരീരം നിലമ്പൂരിൽ നിന്നും ലഭ്യമായത്. ജീവിതത്തിലങ്ങോളം തുണയാവേണ്ടിയിരുന്ന പ്രിയതമയുടെയും പ്രിയ മകളുടെയും വേർപാടിൽ മനംനൊന്ത് കരയുകയാണ് സക്കീറും മകനും.


അബ്സിയയും മകൾ മിൻഹാ ഫാത്തിമയും (ഫയൽ ചിത്രം)

## ആയിരങ്ങൾക്ക് ഭക്ഷണമൊരുക്കി നിലമ്പൂർ സി.എച്ച് സെന്റർ

നിലമ്പൂർ: ആത്മസമർപ്പണം നടത്തി രക്ഷാ പ്രവർത്തനം നടത്തുകയും സാമനതകളില്ലാതെ സേവന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്ന ആയിരങ്ങൾക്ക് ഭക്ഷണം ഒരുക്കി നിലമ്പൂർ സി.എച്ച്സെന്റർ. വയനാട്ടിലെ ചൂരൽമല, മുണ്ടക്കൈ പ്രദേശങ്ങളിൽ നിന്നും ഉരുൾപൊട്ടലിൽ ഒഴുകിവന്ന മൃതദേഹങ്ങൾ മനംമടുപ്പ് കൂടാതെ ശുചീകരിക്കുന്ന സ്ത്രീകളടക്കമുള്ള സന്നദ്ധ പ്രവർത്തകർ, നിലമ്പൂർ ജില്ലാ ആശുപത്രിയിലെത്തുന്ന ആംബുലൻസ് ഡ്രൈവർമാർ, ആശുപത്രിയിലെ നൂറ് കണക്കിന് ഡോക്ടർമാർ അടക്കമുള്ള ജീവനക്കാർ, പൊലീസ്, മറ്റു ഉദ്യോഗസ്ഥർ എല്ലാവർക്കും ഭക്ഷണം വിളമ്പിയത് നിലമ്പൂർ സി.എച്ച്സെന്റർ ആയിരുന്നു. ഇടക്ക് മൃതദേഹങ്ങൾ തിരിച്ചറിയാനായി എത്തുന്ന ബന്ധുക്കളെ ആശ്വസിപ്പിച്ച് അവർക്കാവശ്യമായ ഭക്ഷണവും മറ്റു സഹായവും ചെയ്യുന്നതിനും സി.എച്ച്.സെന്റർ വളണ്ടിയർമാർ മുന്നിലുണ്ട്. ജില്ലാ ആശുപത്രിക്ക് സമീപം തന്നെയുള്ള സി.എച്ച്.സെന്റർ കെട്ടിടമായിരുന്നു കഴിഞ്ഞ ആറ് ദിവസവും എല്ലാവരുടെയും ആശാകേന്ദ്രം. ഒരു രൂപ പോലും പ്രതിഫലം വാങ്ങാത്ത വളണ്ടിയർമാർ. അതിൽ വനിതകളുണ്ട്. എല്ലാവരും സമയം നോക്കാതെ സേവന നിരതരാണ്. ഭക്ഷണം പാകം ചെയ്യാനും മതിയാവോളം വിളമ്പാനും. ഭക്ഷണത്തോടൊപ്പം മനസ്സും നിറച്ചാണ് ഓരോ സന്നദ്ധ പ്രവർത്തകനേയും സി.എച്ച് സെ ന്റർ യാത്രയാക്കിയത്. ഹംസ തട്ടാരശ്ശേരി, റസാഖ് മമ്പാട്, മാറാടി മുജീബ്,കെ.. ടി.ശംസു, ടി.കെ.കുഞ്ഞാലിക്കുട്ടി, സുബൈദ തട്ടാരശ്ശേരി, സറീന മുഹമ്മദാലി, ഫസീല, ഫൗസിയ, സൈനബ,ജമീല,മൈമൂന തുടങ്ങിയവരുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ ഏകോപനം നടത്തിയത്. പി.വി.അലിമുബാറക് പ്രസിഡന്റും ഇസ്മായിൽ മൂത്തേടം ജനറൽ സെക്രട്ടറിയും കൊമ്പൻ ഷംസുദ്ദീൻ ട്രഷററും സഹഭാരവാഹികളായ വീരതാൻകുട്ടി നാലകത്ത്,ടി.കെ.ഗഫൂർ,കണ്ണാട്ടിൽ ബാപ്പു, മാനേജർ സക്കീർ ഐക്കോമത്ത് എന്നിവരുടെ നേതൃപാടവും കൂടിയാണ് ആയിരങ്ങൾക്ക് ഭക്ഷണമൊരുക്കുവാനുള്ള സംവിധാനമൊരുക്കുവാൻ നിലമ്പൂർ സി.എച്ച്.സെന്ററിനായത്.

മൃതദേഹങ്ങളുടെ ഗന്ധത്തിൽ നിന്നും ആശ്വസമായി പോസ്റ്റ്മോർട്ടം ചെയ്യുന്ന ഡോക്ടർമാർ വിശ്രമിച്ചതും സി.എച്ച്.സെന്ററിൽ. കൂടാതെ മൃതദേഹം പരിപാലിക്കുന്ന ആശുപത്രിക്കുള്ളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ചായയും ബിസ്ക്കറ്റും പലഹാരങ്ങളും ലഭിക്കുന്ന ചായ വിതരണ കേന്ദ്രവും തുടങ്ങി. ഇവിടെ നിന്നും ആശുപത്രിയിലെത്തുന്ന എല്ലാവർക്കും സൗജന്യമായി ചായയും ബിസ്കറ്റും മറ്റു ലഭ്യമായ പലഹാരങ്ങളും നൽകിക്കൊണ്ടിരുന്നു. മമ്പാട് ടാണയിലെ തേനൂട്ടി കല്ലിങ്ങൽ കുഞ്ഞാലിയുടെ നേതൃത്വത്തിലായിരുന്നു ചായ വിതരണ കേന്ദ്രം പ്രവർത്തിച്ചത്. നിലമ്പൂരിന്റെ സേവന രംഗത്ത് പ്രത്യേകിച്ച് വയനാടിന്റെ സങ്കടങ്ങളിൽ പ്രത്യാശയുടെ പൊൻകിരണമായി ജനമനസ്സുകളിൽ എന്നും തങ്ങി നിൽക്കുന്ന സേവനമാണ് നിലമ്പൂർ സി.എച്ച് സെന്റർ കാഴ്ചവച്ചത്.


നിലമ്പൂർ സി.എച്ച് സെന്ററിൽ വിതരണം ചെയ്യാനുള്ള ഉച്ചഭക്ഷണം പൊതിയാക്കി വെക്കുന്ന വനിതാ വളണ്ടിയർമാർ



നിലമ്പൂർ ജില്ലാ ആശുപത്രിയിൽ സി.എച്ച് സെന്റർ ഒരുക്കിയ ചായ വിതരണ കേന്ദ്രം


വയനാട് വനമേഖലയിൽ തിരച്ചിൽ നടത്തുന്ന സംഘം അരണപ്പുഴയിൽ ക്ഷീണമകറ്റാൻ ഇരിക്കുന്നു


ഇന്നലെ രക്ഷാപ്രവർത്തകർ കണ്ടെടുത്ത മൃതദേഹ ഭാഗം ആംബുലൻസിൽ നിന്ന് നിലമ്പൂർ ജില്ലാ ആശുപത്രിയിലേക്ക് മാറ്റുന്നു

## തൃപ്പനച്ചി മുഹമ്മദ് മുസ്‌ലിയാർ ഉറൂസ് ഇന്ന് തുടങ്ങും

### പാണക്കാട് മഖാം സിയാറത്ത് നടത്തി

മഞ്ചേരി: തൃപ്പനച്ചി മുഹമ്മദ് മുസ്‌ലിയാർ 13-ാം ഉറൂസ് മുബാറകിന് ഇന്ന് തുടക്കമാവും. ഉറൂസ് പരിപാടികളുടെ ഭാഗമായി പാണക്കാട് മഖാമിൽ സിയാറത്ത് നടത്തി. സയ്യിദ് ബാപ്പു തങ്ങൾ കുന്നുംപുറം നേതൃത്വം നൽകി. ഇന്ന് മുതൽ 11 വരെ തൃപ്പനച്ചി കൊടിമരത്തിങ്ങലിലാണ് പരിപാടികൾ നടക്കുക. ഇന്ന് വൈകീട്ട് 4.30ന് സിയാറത്തിനും ഓത്തിടലിനും പ്രഫ.കെ.ആലിക്കുട്ടി മുസ്‌ലിയാർ നേതൃത്വം നൽകും. വൈകീട്ട് ഏഴിന് മജ്ലിസുന്നൂറും പ്രഭാഷണവും പാണക്കാട് സയ്യിദ് മുഈനലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും. എം.പി മുസ്തഫൽ ഫൈസി അധ്യക്ഷനാകും. സയ്യിദ് മുഹമ്മദ് കോയ തങ്ങൾ ജമലുല്ലൈലി നേതൃത്വം നൽകും. നൗഷാദ് ബാഖവി ചിറയിൻകീഴ് പ്രഭാഷണം നടത്തും. നാളെ വൈകീട്ട് ഏഴിന് പാണക്കാട് സയ്യിദ് റഷീദലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും. കോട്ടുമല മൊയ്തീൻകുട്ടി മുസ്‌ലിയാർ അധ്യക്ഷനാകും. കീച്ചേരി അബ്ദുൽ ഗഫൂർ മൗലവി പ്രഭാഷണം നടത്തും. സൈനുൽ ആബിദീൻ തങ്ങൾ കുന്നംകൈ പ്രാർഥനക്ക് നേതൃത്വം നൽകും. ബുധനാഴ്ച രാവിലെ ഒൻപതിന് നടക്കുന്ന അഖില കേരള മുശാഅറ മത്സരം പാണക്കാട് സയ്യിദ് റാജിഹലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും. അബ്ദുല്ല ദാരിമി വളമംഗലം അധ്യക്ഷനാകും. വൈകീട്ട് ഏഴിന് മതപ്രഭാഷണവും ഹിഫ്ള് സനദ് ദാനും പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യും. ഡോ.ബഹാഉദ്ദീൻ നദ്‌വി കൂരിയാട് അധ്യക്ഷനാകും. കുമ്മനം നിസാമുദ്ദീൻ അസ്ഹരി പ്രഭാഷണം നടത്തും.


തൃപ്പനച്ചി മുഹമ്മദ് മുസ്‌ലിയാർ 13-ാം ഉറൂസ് മുബാറകിന്റെ ഭാഗമായി പാണക്കാട് മഖാമിൽ നടന്ന സിയാറത്തിന് സയ്യിദ് ബാപ്പു തങ്ങൾ കുന്നുംപുറം നേതൃത്വം നൽകുന്നു

## ചാലിയാർ തീരങ്ങളിൽ തിരച്ചിൽ ദൗത്യവുമായി സാന്ത്വനം എമർജൻസി ടീം

മലപ്പുറം : ചൂരൽമല ,മുണ്ടക്കയം ഉരുൾപൊട്ടൽ ദുരന്തവുമായി ബന്ധപ്പെട്ട് നൂറുക്കണക്കിന് മനുഷ്യ ശരീരങ്ങൾ ഇനിയും കണ്ടെത്താനാകാത്ത സാഹചര്യത്തിൽ മുണ്ടേരി ഫാം ഉൾപ്പെടെ ചാലിയാർ പുഴയുടെ തുടക്കം മുതൽ ജില്ലാ അതിർത്തിയായ ഊർക്കടവ് വരെയുള്ള നദീ തീരങ്ങളിൽ എസ്. വൈ.എസ് ഈസ്റ്റ് ജില്ലാ സാന്ത്വനം എമർജൻസി ടീമിന്റെ 300 ഓളം അംഗങ്ങൾ പങ്കെടുത്ത തിരച്ചിൽ ദൗത്യം പൂർത്തീകരിച്ചു.

ദുരന്തമുണ്ടായ സമയം മുതൽ നിലമ്പൂർ ജില്ല ആശുപത്രി കേന്ദ്രീകരിച്ച് എസ്.വൈ.എസിന്റെ കൺട്രോൾ റൂം തുറന്ന് പ്രവർത്തിക്കുന്നുണ്ട്. വിവിധ മേഖലകൾ തിരിച്ച് ജില്ലാ , സോൺ നേതാക്കളുടെ നേതൃത്വത്തിൽ എടക്കര, നിലമ്പൂർ, വണ്ടൂർ, പെരിന്തൽമണ്ണ, കൊളത്തൂർ സോണുകളിലെ വളണ്ടിയർമാർ പോത്തുകല്ല് മുതൽ മമ്പാട് വരേയും മലപ്പുറം, മഞ്ചേരി ഈസ്റ്റ്, മഞ്ചേരി വെസ്റ്റ്, അരീക്കോട് സോണുകളിലേ വളണ്ടിയേഴ്സ് മമ്പാട് മുതൽ ഊർക്കടവ് വരേയും,കൊണ്ടോട്ടി, പുളിക്കൽ, എടവണ്ണപ്പാറ സോണുകൾ ഊർക്കടവ് മുതൽ അറപ്പുഴ വരേയും തിരച്ചിൽ നടത്തി. തോണികളും, ചെറിയ യന്ത്ര ബോട്ടുകളും, മറ്റുയന്ത്ര സാമഗ്രികളും തയ്യാറാക്കിയിരുന്നു. ടി.സിദ്ദീഖ് സഖാഫി വഴിക്കടവ്, കെ.സൈനുദ്ദീൻ സഖാഫി ഇരുമ്പുഴി, മുജീബ് റഹ്മാൻ വടക്കേമണ്ണ നേതൃത്വം നൽകി.

# ഒളിംപിക് സ്വർണം ദ്യോകോവിച്ചിന്



പാരീസ്: മധുര പ്രതികാരം നോവാക് ദ്യോകോവിച്ച് വക. ദിവസങ്ങൾക്ക് മുമ്പ് നടന്ന വിംബിൾഡൺ ഫൈനലിലെ തോൽവിക്ക് അതേ നാണയത്തിൽ മറുപടി നൽകിയ നോവാക് ദ്യോകോവിച്ചിന് കരിയറിലെ ആദ്യ ഒളിംപിക് സ്വർണം. ലോക ടെന്നിസിലെ ആദ്യ രണ്ട് സ്ഥാനക്കാർ ബലാബലം വന്ന സ്വർണ പോരാട്ടത്തിൽ സെർബുകാരൻ ജയിച്ചത് 7-6, 7-6 എന്ന സ്കോറിന്. ആവേശം വാനോളം പറന്ന അങ്കത്തിൽ രണ്ട് സെറ്റും ടൈബ്രേക്കറിലെത്തി. ലോംഗ് റാലികളും കിടിലൻ ഡ്രോപ് ഷോട്ടുകളും കളം വാണു. ആദ്യസെറ്റിൽ അനുഭവക്കരുത്തിലായിരുന്നു സെർബുകാരൻ. യുവത്വം ആയുധമാക്കി അൽകാറസ് പൊരുതിയെങ്കിലും ടൈബ്രേക്കറിൽ മിന്നും മികവിലായിരുന്നു ദ്യോകോ രണ്ടാം സെറ്റിൽ പക്ഷേ അൽകാറസ് തിരികെ വന്നു. മൽസരം മൂന്നാം സെറ്റിലേക്ക് പോവുമെന്നും കരുതി. പക്ഷേ പിറകിലായപ്പോഴെല്ലാം ദ്യോകോ കരുത്തനായി തിരികെ വന്നു. വീണ്ടും ടൈബ്രേക്കർ. മൈതാനം സെർബുകാരനൊപ്പം. അദ്ദേഹം മൽസരം സ്വന്തമാക്കി.

## സെമിയിൽ വീണു; ലക്ഷ്യാസെൻ ഇന്ന് വെങ്കലത്തിന്

പാരീസ്: ബാഡ്മിന്റണിലും ഇന്ത്യക്ക് ഞായർ ഷോക്ക്. തകർപ്പൻ പ്രകടനങ്ങളുമായി സെമിഫൈനൽ ബെർത്ത് സ്വന്തമാക്കിയ ലക്ഷ്യാ സെൻ ഡെന്മാർക്കിൽ നിന്നുള്ള നിലവിലെ ഒളിംപിക് ചാമ്പ്യൻ വിക്ടർ അക്സൽസിനോട് നേരിട്ടുള്ള സെറ്റുകളിൽ തോറ്റു. സ്കോർ 20-22, 14-21. സെമിയിൽ പരാജയപ്പെട്ടുവെങ്കിലും വെങ്കല മെഡലിനായി ഇന്ന് ലക്ഷ്യാസെൻ മൽസരിക്കും. മലേഷ്യയിൽ നിന്നുള്ള ലീ സീ ജിയയാണ് പ്രതിയോഗി. മിന്നും പ്രകടനങ്ങളുമായാണ് ലക്ഷ്യ അവസാന നാലിലെത്തിയത്. എന്നാൽ ഒളിംപിക് ചാമ്പ്യനെതിരെ സമർദ്ദം വിനയായി. ആദ്യ ഗെയിമിൽ ഏതാണ്ട് ലക്ഷ്യ ഒപ്പത്തിനൊപ്പമായിരുന്നു. എന്നാൽ രണ്ടാം ഗെയിമിൽ പതറി. ലാ ഷാപ്പ ലെ അറീനയിൽ ഇന്ന് നടക്കുന്ന സ്വർണ മെഡൽ പോരാട്ടത്തിൽ അക്സൽസ് തായ്‌ലൻഡിൽ നിന്നുള്ള കുൻലാവത് വിഡിസാർണിനെ എതിരിടും.

ഗൾഫ് ചന്ദ്രിക

# സ്പോർട്സ്

**ഞാൻ** ക്രിക്കറ്റ് കളിക്കുന്നതു സിംബാബ്‌വെയ്ക്കു വേണ്ടി മാത്രമായിരിക്കും. ഞാൻ പാകിസ്താനിലാണു ജനിച്ചത്. പക്ഷേ എനിക്കു വേണ്ടി ഒരുപാടു പണവും സമയവും നൽകിയത് സിംബാബ്‌വെ ക്രിക്കറ്റാണ്. അവരുടെ വിശ്വാസത്തിനു മറുപടി നൽകാനാണ് ഇപ്പോൾ ഞാൻ ശ്രമിക്കുന്നത്. എന്തൊക്കെ ചെയ്താലും അതു മതിയാകുമെന്നു തോന്നുന്നില്ല. ഞാൻ സിംബാബ്‌വെയുടേതാണ്.

–സിക്കന്ദർ റാസ



www.chandrikadaily.com

**BREAKING** ശ്രീലങ്കക്കെതിരായ രണ്ടാം ഏകദിനത്തിൽ ഇന്ത്യക്ക് 32 റൺസിന്റെ തോൽവി

# വൻമതിലായി ശ്രീജേഷ്

## ഇന്ത്യ സെമിയിൽ



PARiS 2024

പാരീസ്: ബ്രിട്ടനൊന്ന് ഇന്ത്യയെ വിറപ്പിച്ചു. അനായാസം സെമിയിലെത്താമെന്ന് കരുതിയ മൽസരം ഷൂട്ടൗട്ട് വരെയെത്തിയപ്പോൾ സമ്മർദ്ദപ്പനി. പക്ഷേ അനുഭവസമ്പന്നനായ കാവൽക്കാരൻ പി.ആർ ശ്രീജേഷ് അതിഗംഭീരമായി കസറിയ കാഴ്ച്ചയിൽ 4-2 ന് ജയിച്ച് ഇന്ത്യ നാളെ നടക്കാനിരിക്കുന്ന സെമിഫൈനലിന് ടിക്കറ്റ് സ്വന്തമാക്കി. തുടർച്ചയായി രണ്ടാം തവണയാണ് ഇന്ത്യ ഒളിംപിക് ഹോക്കിയുടെ അവസാന നാലിൽ ഇടം കരസ്ഥമാക്കുന്നത്.

പൂൾ ബിയിൽ നിന്നും രണ്ടാം സ്ഥാനവുമായി എത്തിയ ഇന്ത്യക്ക് പൂൾ എയിലെ മൂന്നാം സ്ഥാനക്കാരായ ബ്രിട്ടൻ വെല്ലുവിളിയാവില്ലെന്നാണ് കരുതപ്പെട്ടതെങ്കിൽ പലപ്പോഴും ശ്രീജേഷ് വേണ്ടി വന്നു ഇന്ത്യക്ക് തിരിച്ചടിയിൽ നിന്നും രക്ഷ നേടാൻ. അതിഗംഭീര പ്രകടനമാണ് നിശ്ചിത സമയ മൽസരത്തിലും ഷൂട്ടൗട്ടിലും കൊച്ചിക്കാരൻ കാഴ്ച്ചവെച്ചത്. ഷൂട്ടൗട്ടിൽ ഇന്ത്യൻ താരങ്ങൾ നാല് കിക്കുകളും ലക്ഷ്യത്തിലെത്തിച്ചപ്പോൾ ബ്രിട്ടന്റെ ഒരു കിക്ക് ശ്രീജേഷ് തടഞ്ഞു. ഇത് നിർണായകവുമായി. മറ്റൊരു ഇംഗ്ലീഷ് കിക്ക് പുറത്തേക്കായിരുന്നു.നിശ്ചിത സമയ അങ്കത്തിൽ നായകൻ ഹർമൻപ്രീത് പെനാൽട്ടി കോർണറിൽ നിന്നും സ്വന്തമാക്കിയ ഗോളിൽ ഇന്ത്യ ലീഡ് നേടി. എന്നാൽ ഇടവേളക്ക് തൊട്ട് മുമ്പ് ലി മോർട്ടൺ സമനില നേടി. അതിനിടെ ചുവപ്പ് കാർഡ് കണ്ട് അമിത് രോഹിദാസ് പുറത്തായത് ഇന്ത്യക്ക് ആഘാതമായി. ഇംഗ്ലീഷ് താരത്തിനെതിരെ അപകടകരമായി സ്റ്റിക് ഉയർത്തി എന്ന കുറ്റത്തിനായിരുന്നു അമിതിന് പുറത്ത് പോവേണ്ടി വന്നത്. ഈ ആനുകൂല്യത്തിൽ ബ്രിട്ടൻ പൊരുതികളിച്ച കാഴ്ചയിൽ പന്ത് പലപ്പോഴും ഇന്ത്യൻ ഹാഫിൽ തന്നെയായി. കടന്നാക്രമണം ഇന്ത്യ പ്രതീക്ഷിക്കാത്തതായിരുന്നു. പക്ഷേ ശ്രീജേഷ് അവസരത്തിനൊത്തുയർന്നു. നാല് തവണയാണ് അദ്ദേഹം ഇംഗ്ലണ്ടിന് ഗോൾ നിഷേധിച്ചത്. അവസാന ഗ്രൂപ്പ് മൽസരത്തിൽ ഓസ്ട്രേലിയക്കെതിരെ പുറത്തെടുത്ത മികവ് ആവർത്തിക്കാൻ മുൻനിരയിൽ അഭിഷേകിനും സംഘത്തിനുമായില്ല.



ഒളിംപിക് ഹോക്കിയിൽ ബ്രിട്ടനെതിരായ പെനാൽറ്റി ഷൂട്ടൗട്ടിൽ രക്ഷകനായ ഗോൾകീപ്പർ ശ്രീജേഷിനെ സഹതാരങ്ങൾ അഭിനന്ദിക്കുന്നു

### ശ്രീജേഷ് ചന്ദ്രികയോട്

പെനാൽട്ടി ഷൂട്ടൗട്ട് മാനസിക ഗെയിമാണ്. എതിർ സ്ട്രൈക്കർ എന്തായാലും പിരിമുറുക്കത്തിലായിരിക്കും. അയാൾക്ക് പന്ത് ലക്ഷ്യത്തിലെത്തിക്കണം. ഗോൾകീപ്പർക്ക് പന്ത് തടയേണ്ടതുണ്ട്. പക്ഷേ നമ്മുടെ ചലനങ്ങളിൽ അവരെ കൺഫ്യൂസ്ഡ് ആക്കാം. ഗോൾ മുഖത്ത് ചിറക് വിരിച്ച് നിൽക്കണം. എന്തായാലും ഷോട്ട് എടുക്കുന്ന താരത്തോളം സമ്മർദ്ദം ഗോൾകീപ്പർക്കുണ്ടാവില്ല. മുമ്പും എത്രയോ തവണ ഷൂട്ടൗട്ടിനെ നേരിട്ടിട്ടുണ്ട്. ബ്രിട്ടൻ നന്നായി കളിക്കുന്നവരാണ്. അവർ വലിയ വിജയങ്ങളും സ്വന്തമാക്കിയവരാണ്. മെഡൽ ഇപ്പോൾ ഒരു മൽസരദൂരത്തിലാണ്. ടോക്കിയോവിൽ സെമിയിലാണ് നമ്മൾ പരാജയപ്പെട്ടത്. വെങ്കല മെഡൽ മൽസരത്തിൽ ജർമനിയെ തോൽപ്പിക്കാനുമായി. ബ്രിട്ടനെതിരെ കളി രാവിലെയായിരുന്നു. കാലാവസ്ഥ വലിയ ഘടകമാണ്.



വനിതകളുടെ 100 മീറ്ററിൽ ഒന്നാമതെത്തിയ ജൂലിയൻ ആൽഫ്രഡ് സന്തോഷം കൊണ്ട് കരയുന്നു

# വേഗ റാണി ജൂലിയൻ ആൽഫ്രഡ്

പാരീസ്: സെയ്ന്റ് ലൂസിയയുടെ ജൂലിയൻ ആൽഫ്രഡ് (10.72 സെക്കൻഡ്) പാരീസ് ഒളിംപിക്സിലെ അതിവേഗത്തിന്റെ രാജകുമാരിയായി മാറി. ഒളിംപിക്സിൽ ഏതെങ്കിലുമൊരു കായിക ഇനത്തിൽ കരീബിയൻ കൊച്ചു ദ്വീപ് രാജ്യമായ സെയ്ന്റ് ലൂസിയ നേടുന്ന ആദ്യ മെഡലാണിത്. സ്വർണം നേടുമെന്ന് കായിക ലോകം പ്രതീക്ഷിച്ച ലോക ചാമ്പ്യനായ അമേരിക്കയുടെ ഷാകാരി റിച്ചാർഡ്സൺ (10.87) ജൂലിയന് പിന്നിൽ രണ്ടാമതായി വെള്ളി മെഡലിലൊതുങ്ങി. അമേരിക്കയുടെ തന്നെ മെലീസ ജെഫേഴ്സൺ (10.92) മൂന്നാമത് ഓടിയെത്തി വെങ്കലം കരസ്ഥമാക്കി. 2024 ലോക ഇൻഡോർ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ 60 മീറ്ററിൽ ജൂലിയൻ ആൽഫ്രഡ് സ്വർണം നേടിയിരുന്നു. 2022 കോമൺവെൽത്ത് ഗെയിംസിൽ 100 മീറ്ററിൽ വെള്ളിയും ജൂലിയൻ നേടിയിരുന്നു. വനിതകളുടെ നൂറു മീറ്റർ മത്സര സമയത്ത് പെയ്ത മഴ താരങ്ങളുടെ പ്രകടനത്തെ ബാധിച്ചതായാണ് പറയുന്നത്. ഷാകാരി റിച്ചാർഡ്സന്റെ ഈ സീസണിലെ മികച്ച സമയം 10.71 ആയിരുന്നു. ഫൈനൽ മത്സരത്തിന് മുമ്പേ തന്നെ ഏവരെയും ഞെട്ടിച്ചു കൊണ്ട് ജമൈക്കൻ സൂപ്പർതാരം ഷെല്ലി ആൻ ഫ്രേസർ സെമിഫൈനലിൽ മത്സരത്തിൽ നിന്നും പിൻമാറിയിരുന്നു. ടോക്യോയിലെ വെങ്കല മെഡൽ ജേതാവായ ജമൈക്കയുടെ ഷെറീക്ക ജാക്സണും നൂറുമീറ്ററിൽ നിന്നും പിൻവാങ്ങിയിരുന്നു. വലിയ വെല്ലുവിളി ഉയർത്തുമെന്ന് പ്രതീക്ഷിച്ച ബ്രിട്ടന്റെ ദിന ആഷർ സ്മിത്ത് സെമിയിൽ അഞ്ചാമതായതോടെ പുറത്താകുകയും ചെയ്തിരുന്നു.



### ഇന്ന്

പാരീസ് ഒളിംപിക്സ്
ബാഡ്മിന്റൺ
വെങ്കല മെഡൽ പോരാട്ടം
(വൈകീട്ട് 6.00)
ഫുട്ബോൾ
മൊറോക്കോ–സ്പെയിൻ
(രാത്രി 9.30 )
സ്പോർട്സ് 18



PARiS 2024

### മെഡൽ പട്ടിക

*(സ്വർണം, വെള്ളി, വെങ്കലം, ആകെ)*

1. ചൈന– 18, 14, 9, 41
2. യു.എസ്.എ –14, 25, 25, 64
3. ഫ്രാൻസ് –12, 14, 16, 42
4. ഓസ്ട്രേലിയ– 12, 8, 7, 27
5. ബ്രിട്ടൻ –10, 11, 14, 35
6. ദ. കൊറിയ– 10, 7, 6, 23
7. ജപ്പാൻ – 8, 5, 9, 22
8. ഇറ്റലി – 6, 8, 5, 19
53. ഇന്ത്യ – 0, 0, 3, 3

# റിയലി,റിയലി ബ്യൂട്ടിഫുൾ മാച്ച്..




കമാൽ വരദൂർ

ടെന്നിസ് മൽസരങ്ങൾ അകലെ നിന്ന് ടെലിവിഷനിൽ കണ്ട് വിവരണം നടത്തുമ്പോൾ ഗ്രൗണ്ട് സീറോ റിയാലിറ്റി വരികളിൽ പ്രകടമാവില്ല. വിംബിൾഡണും ഫ്രഞ്ച് ഓപ്പണും ഓസ്ട്രേലിയൻ ഓപ്പണും വലിയ തലക്കെട്ടിൽ നൽകുന്നത് ടെലിവിഷനിൽ കളി പറയുന്നവരുടെ ആമ്പിയൻസ് നോക്കിയാണെങ്കിൽ മറ്റൊരു ഒളിംപിക് ടെന്നിസ് ഫൈനൽ ഗ്രൗണ്ട് സീറോ റിയാലിറ്റി ഇന്നലെ വീണ്ടും അറിഞ്ഞു.

2012 ലെ ലണ്ടൻ ഒളിംപിക്സ് വേളയിലായിരുന്നു വിംബിൾഡൺ എന്ന ലണ്ടൻ പ്രാന്തം സന്ദർശിച്ചതും മൽസരങ്ങൾ റിപ്പോർട്ട് ചെയ്തതും. റോജർ ഫെഡററും ആന്റി മുറെയും തമ്മിലുള്ള ഫൈനൽ ഇപ്പോഴും മനോമുകുരത്തിലുണ്ട്. ഒരു വോളണ്ടിയർ നൽകിയ കസേരയിലിരുന്നായിരുന്നു ഫെഡറർ എന്ന ഇഷ്ടതാരത്തെ ആസ്വദിച്ചത്. അന്ന് ലണ്ടൻ കാരെല്ലാം സ്കോട്ട്ലൻഡുകാരനായ മുറെക്കൊപ്പമായിരുന്നു. അദ്ദേഹമാണ് വിജയിച്ചതും. ഇന്നലെയും അതേ അനുഭവം. ചരിത്രപ്രസിദ്ധമായ റോളണ്ട് ഗാരോസിൽ വനിതാ ഡബിൾസ് വെങ്കല നിർണയ മൽസരത്തിന് ശേഷമായിരുന്നു പുരുഷവിഭാഗം ക്ലാസിക് ഫൈനൽ. വനിതാ ഡബിൾസിൽ സ്പാനിഷ് ജോഡി അനായാസം വിജയിച്ചത് നിറഞ്ഞ ഗ്യാലറിയെ സാക്ഷി നിർത്തിയായിരുന്നില്ല. എന്നാൽ ഈ മൽസരം രണ്ടാം സെറ്റ് ആവുമ്പോഴേക്കും ഇരിപ്പിടങ്ങൾ നിറയാൻ തുടങ്ങി. 15,000 സീറ്റാണ് സ്റ്റേഡിയത്തിലുള്ളത്. ഇതിൽ മാധ്യമ പ്രവർത്തകർക്കായി മുന്നൂറോളം സീറ്റുകൾ. നേരത്തെ തന്നെ ഫൈനലിനുള്ള ടിക്കറ്റ് ബുക്ക് ചെയ്തതിനാൽ ടേബിളോട് കൂടിയ ഇരിപ്പിടം തന്നെ കിട്ടി. ഇനിയാണ് ഗ്രൗണ്ട് സീറോ ആമ്പിയൻസ്. നോവാക് ദ്യോകോവിച്ചും കാർലോസ് അൽകാറസും തമ്മിലുള്ള മൈതാന ശത്രുത അറിയാത്തവരില്ല. ഇരുവരും ഇതിനകം ആറ് തവണ മുഖാമുഖം വന്നിരുന്നു. വിജയം 3-3ലും. 2022 ലെ മാഡ്രിഡ് ഓപ്പണിൽ തുടങ്ങിയ വൈര്യം. അന്ന് അൽകാറസിന് പ്രായം 19. പയ്യൻസ് ജയിച്ചുകയറി. ഏറ്റവുമൊടുവിൽ മാസങ്ങൾക്ക് മുമ്പ് വിംബിൾഡൺ ഫൈനലായിരുന്നു. ഏഴ് തവണ വിംബിൾഡണിൽ ഒന്നാമനായ സെർബുകാരനെ അന്ന് അൽകാറസ് നേരിട്ടുള്ള സെറ്റുകളിൽ തകർത്തിരുന്നു. ഗ്രാൻഡ്സ്ലാം നേട്ടങ്ങളിൽ റെക്കോർഡ് സ്വന്തമാക്കാനെത്തിയ 37കാരനെ ആ തോൽവി കാര്യമായി അലട്ടിയിരുന്നു.

പാരീസിലെത്തിയ വേളയിൽ അൽകാറസിന്റ നാട്ടുകാരനായ റഫേൽ നദാലിനെ തകർത്ത് തുടങ്ങിയ ദ്യോകോ കരിയറിൽ ഒരു ഒളിംപിക് സ്വർണം ലക്ഷ്യമിട്ടിരുന്നു. മൽസരത്തിന് മുമ്പ് അദ്ദേഹത്തെ സ്വാഗതം ചെയ്തപ്പോൾ അപാരമായിരുന്നു ആവേശം. ഫ്രഞ്ച് കാണികൾ ആ സീനിയറിനൊപ്പമാണെന്ന് തോന്നി. പക്ഷേ 21കാരനെ സ്വാഗതം ചെയ്തപ്പോൾ അതിലും മികച്ച വരവേൽപ്പ്. ടൈബ്രേക്കറിലേക്ക് ദീർഘിച്ച ആദ്യസെറ്റ് ദ്യോകോ സ്വന്തമാക്കിയ കാഴ്ചയിൽ കൈയടിച്ചവരിൽ അൽകാറസിന്റെ നാട്ടുകാരായ സ്പാനിഷുകാരുമുണ്ടായിരുന്നു. ടെന്നിസിൽ മാത്രം കാണാനാവുന്ന അപാരമായ സ്പോർട്ടിംഗ് സ്പിരിറ്റ്. സമ്പന്നമായിരുന്നു കാണികൾ. മികച്ച സർവുകൾക്കും റിട്ടേണുകൾക്കും നല്ല പിന്തുണ. ഗെയിം ഇടവേളയിൽ ഞങ്ങൾക്ക് അരികിൽ നിലയുറപ്പിച്ച ബാൻഡ് മേളക്കാരുടെ കൊച്ചു സംഗീതം. രണ്ടാം സെറ്റിലെ അഞ്ചാം ഗെയിമിൽ ദ്യോകോ പായിച്ച ഡ്രോപ്പ് ഷോട്ടിന് അതേ നാണയത്തിൽ അൽകാറസ് മറുപടി നൽകിയപ്പോൾ ഉയർന്ന കരാഘോഷം ഒരു മിനിറ്റോളമുണ്ടായിരുന്നു. രണ്ടാം സെറ്റും ആവേശം വാനോളമുയർത്തി ടൈബ്രേക്കറിലെത്തി. ഇടക്കിടെ ലോക ഒന്നും രണ്ടും താരങ്ങൾ തമ്മിൽ പിണക്കങ്ങൾ. അതേറ്റ് പിടിച്ച് കാണികൾ. ഒടുവിൽ ടൈബ്രേക്കറും മൽസരവും നേടി ദ്യോകോ... മധുര പ്രതികാരം. ആദ്യ ഒളിംപിക് സ്വർണം. കരിയറിൽ നേരിട്ട് റിപ്പോർട്ട് ചെയ്യാനായ ഏറ്റവും നല്ല മൽസരങ്ങളിലൊന്ന്..സ്വർണ നേട്ടം കുടുംബത്തിനൊപ്പം ആഘോഷിക്കാൻ ഞങ്ങൾക്ക് മുന്നിലൂടെ കോണിപടികൾ ഓടിക്കയറിയ ദ്യോകോ.. തല താഴ്ത്തിയിരുന്ന് കണ്ണീർ വാർത്ത അൽകാറസ്..



ടെന്നീസിൽ സ്വർണ മെഡൽ നേടിയ നൊവാക് ദ്യോകോവിച്ച് മകളെ കെട്ടിപ്പിടിച്ച് സന്തോഷാശ്രു പൊഴിക്കുന്നു




# ലക്ഷ്യ വീണു, ലവ്‌ലിനയും

പാരീസിൽ നിന്നും
കമാൽ വരദൂർ

പുരുഷ ഹോക്കിയിൽ ഇന്ത്യ സെമി ബെർത്ത് സ്വന്തമാക്കിയ ഒളിംപിക് ഞായറിൽ ബാഡ്മിൻറണിലും വനിതാ ബോക്സിംഗിലും ട്രാക്കിലും തിരിച്ചടികൾ. ക്വാർട്ടർ ഫൈനൽ അങ്കത്തിൽ ഇന്ത്യ ഷൂട്ടൗട്ട് സമർദത്തിൽ ബ്രിട്ടനെ 4 2 ന് വീഴ്ത്തിയപ്പോൾ താരമായത് മലയാളി ഗോൾക്കീപ്പർ പി.ആർ ശ്രീജേഷ്. എന്നാൽ ബാഡ്മിന്റണിൽ ഇന്ത്യയുടെ വലിയ പ്രതീക്ഷകൾ തകർന്നു.

ലക്ഷ്യാസെൻ സെമിഫൈനൽ അങ്കത്തിൽ ഡെന്മാർക്കിൽ നിന്നുള്ള നിലവിലെ ഒളിംപിക് ചാമ്പ്യൻ വിക്ടർ അക്സൽസിനോട് പരാജയപ്പെട്ടു. വനിതാ ബോക് സിംഗ് 75 കിലോഗ്രാം വിഭാഗത്തിൽ ടോക്കിയോവിൽ വെങ്കലം നേടിയ ലവ് ലിന ബൊർഗഹൈൻ ക്വാർട്ടർ അങ്കത്തിൽ ചൈനയുടെ ലി സിയാനോട് 14 ൽ തോറ്റു. ടോക്കിയോ ഒളിംപിക്സ് മെഡൽ നേട്ടത്തിലൂടെ സൂപ്പർതാരമായി മാറിയ ലവ് ലിനക്ക് തുടക്കത്തിൽ പോരാട്ടവീര്യം പ്രകടിപ്പിക്കാനായെങ്കിലും രണ്ടാം റൗണ്ട് മുതൽ പതറി. ട്രാക്കിൽ പുരുഷ വിഭാഗം ലോംഗ്ജമ്പിൽ ഇന്ത്യൻ താരം ജെസ്വിൻ ആൽഡ്രിന് ഫൈനലിലെത്താനായില്ല. 7.61 മീറ്ററാണ് ഇന്ത്യൻ താരം പിന്നിട്ടത്. 8.15 മീറ്ററായിരുന്നു ഫൈനലിന് യോഗ്യത നേടാനുള്ള ദൂരം. ഷൂട്ടിംഗ് പുരുഷ വിഭാഗം 25 മീറ്റർ റാപ്പിഡ് ഫയർ പിസ്റ്റൾ യോഗ്യതാ റൗണ്ട് ആദ്യഘട്ടം പിന്നിടുമ്പോൾ ഇന്ത്യയുടെ വിജയവീർ സിന്ധു അഞ്ചാമതാണ്.

## മൈനിങ് ആന്റ് ജിയോളജി ജില്ലാ ഓഫീസ് സിവിൽ സ്റ്റേഷനിലേക്ക് മാറ്റി

മലപ്പുറം: മഞ്ചേരി മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിച്ചു വന്നിരുന്ന മൈനിങ് ആന്റ് ജിയോളജി ജില്ലാ ഓഫീസ് ഇന്ന് മുതൽ മലപ്പുറം സിവിൽ സ്റ്റേഷനിലെ ബി 3 ബ്ലോക്ക് രണ്ടാം നിലയിലേക്ക് പ്രവർത്തനം മാറുമെന്ന് ജില്ലാ ജിയോളജിസ്റ്റ് അറിയിച്ചു.

## അർജുന്റെ കുടുംബം മുഖ്യമന്ത്രിക്ക് പരാതി നൽകി

കോഴിക്കോട്: ഷിരൂരിൽ മണ്ണിടിച്ചിൽ കാണാതായ അർജുനു വേണ്ടി തെരച്ചിലിനെത്തിയ ഈശ്വർ മൽപെയെ തിരിച്ചയക്കുകയും തെരച്ചിൽ പ്രതിസന്ധിയിലാകുകയും ചെയ്ത സാഹചര്യത്തിൽ കുടുംബം മുഖ്യമന്ത്രിക്ക് നിവേദനം നൽകി. അർജുന്റെ വീട് സന്ദർശിച്ച് കുടുംബങ്ങളുമായി സംസാരിക്കാനെത്തിയതായിരുന്നു മുഖ്യമന്ത്രി പിണറായി വിജയൻ. അർജുന് വേണ്ടി സാധ്യമായത് എല്ലാം ചെയ്യുമെന്നും മുഖ്യമന്ത്രി കുടുംബാഗങ്ങൾക്ക് ഉറപ്പ് നൽകി. അർജുന്റെ കോഴിക്കോട്ടെ വീടാണ് മുഖ്യമന്ത്രി സന്ദർശിച്ചത്. അർജുനായുള്ള കാത്തിരിപ്പിൽ കുടുംബം ഏറെ നാളായി പ്രയാസപ്പെട്ടിരിക്കുന്നതിനിടെ ആഴ്ചകൾ കഴിഞ്ഞാണ് മുഖ്യമന്ത്രി പിണറായിവിജയൻ എത്തിയത്. കോഴിക്കോട് കണ്ണാടിക്കലിലെ അർജ്ജുന്റെ വീട്ടിൽ എത്തിയ മുഖ്യമന്ത്രി പത്ത് മിനിറ്റോളം അർജുന്റെ വീട്ടിൽ ചിലവിട്ടു. തങ്ങളുടെ പരാതി മുഖ്യമന്ത്രിയോട് പറഞ്ഞതായും എല്ലാ സഹായവും ഉറപ്പ് നൽകിയതായും അർജ്ജുന്റെ സഹോദരി പറഞ്ഞു. കർണ്ണാടക സർക്കാറിന്റെ ഭാഗത്ത് നിന്ന് ഒരറിയിപ്പും ഇപ്പോഴും ലഭിക്കുന്നില്ല എന്നും സ്വമേധയ തിരച്ചിലിന് ഇറങ്ങാൻ സന്നദ്ധനായ ഈശ്വർ മാൽപെക്കെതിരെ കേസെടുക്കും എന്ന ഭിഷണി മുഴക്കുന്നതായും അർജുന്റെ ബന്ധുക്കൾ പരാതിപ്പെടുന്നു.



# വയനാടിന്റെ കണ്ണീരൊപ്പാൻ കൈകോർത്ത് കുരുന്നുകൾ

## മുസ്‌ലിംലീഗിന്റെ 'ഫോർ വയനാട്' കാമ്പയിനിലേക്ക് പണം നൽകിയാണ് മാതൃകയായത്



അൻസില സ്വരൂപിച്ച ഫണ്ട് മുസ്‌ലിം ലീഗ് മലപ്പുറം ജില്ലാ ഓഫീസിൽ എത്തി ജില്ലാ ജനറൽ സെക്രട്ടറി പി. അബ്ദുൽ ഹമീദ് എം.എൽ.എക്ക് കൈമാറുന്നു

### സാമൂഹിക മാധ്യമങ്ങളിലൂടെ അൻസില ശേഖരിച്ച ഫണ്ട് കൈമാറി

മലപ്പുറം: വയനാടിന്റെ കണ്ണീരൊപ്പാൻ എന്ന പേരിൽ മുസ്‌ലിംലീഗ് സംസ്ഥാന കമ്മിറ്റിയുടെ ഫണ്ട് ശേഖരണത്തിലേക്ക് ഇൻസ്റ്റഗ്രാം വഴി തന്റെ ഫോളോവേഴ്സിനോട് അൻസില അഭ്യർത്ഥിച്ച് സ്വരൂപിച്ച ഫണ്ട് മുസ്‌ലിം ലീഗ് മലപ്പുറം ജില്ലാ ഓഫീസിലെത്തി ജില്ലാ ജനറൽ സെക്രട്ടറി പി. അബ്ദുൽ ഹമീദ് എം.എൽ.എക്ക് കൈമാറി. കോട്ടയം മുനിസിപ്പാലിറ്റിയിലെ സംക്രാന്തി സ്വദേശി പീടികപറമ്പിൽ അനസ് മൂസയുടേയും കുഞ്ഞുമോൾ അനസിന്റെയും മകളായ അൻസില കോട്ടയം മാഞ്ചസ്റ്റർ ഇൻസ്റ്റിറ്റ്യൂട്ടിൽ ബി.എസ്.സി ഒപ്തോമെട്രി രണ്ടാം വർഷ വിദ്യാർഥിനിയാണ്. സാമൂഹിക മാധ്യമത്തിൽ വളരെ സജീവമായ അൻസില രണ്ടു ദിവസം മുമ്പാണ് മുസ്‌ലിം ലീഗ് സംസ്ഥാന കമ്മിറ്റിയുടെ വയനാട് ഫണ്ടിലേക്ക് സംഭാവന നൽകാൻ ഇൻസ്റ്റഗ്രാമിലൂടെ തന്റെ ഫോളോവേഴ്സിനോട് അറിയിപ്പ് നൽകിയത്. ഈ അറിയിപ്പോടെ സാധാരണക്കാരായ പലരും അൻസിലയുമായി ബന്ധപ്പെട്ട് സംഭാവനകൾ നൽകുകയായിരുന്നു. തന്റെ സുഹൃത്തും മലപ്പുറം വാറങ്കോട് സ്വദേശിയുമായ പണ്ടാറ അറക്കൽ ഫർസീൻ ബിൻ ബഷീർ തന്റെ ഇൻസ്റ്റഗ്രാമിലൂടെ സ്വരൂപിച്ച സംഖ്യ കഴിഞ്ഞ ദിവസം മലപ്പുറം മുസ്‌ലിം ലീഗ് കമ്മിറ്റിക്ക് കൈമാറുകയും ശേഷം ആപ്പിലേക്ക് മാറ്റുകയും ചെയ്തത് സാമൂഹിക മാധ്യമത്തിൽ പങ്കുവെച്ചിരുന്നു. ഇതിൽ പ്രചോദനം ഉൾകൊണ്ടാണ് അൻസിലയും ഫണ്ട് സ്വരൂപിക്കാൻ രംഗത്തുവന്നത്. 33313 രൂപ സ്വരൂപിച്ച് സഹോദരൻ മുഹമ്മദ് റൈസലിന്റെ കൂടെയാണ് ഇന്നലെ മലപ്പുറം ജില്ലാ മുസ്‌ലിം ലീഗ് ഓഫീസിലെത്തിയത്. മുസ്‌ലിം ലീഗിനോടുള്ള ഇഷ്ടവും പാണക്കാട് കുടുംബത്തോടുള്ള അടുപ്പവും കാത്തുസൂക്ഷിക്കുന്ന അൻസില സാമൂഹികരംഗത്തും ക്ഷേമപ്രവർത്തനത്തിനും പ്രത്യേകം താത്പര്യം കാണിക്കുന്നു. ഫണ്ട് കൈമാറൽ ചടങ്ങിൽ മുസ്‌ലിം ലീഗ് ജില്ലാ സെക്രട്ടറി അൻവർ മുള്ളമ്പാറ, പി.എ സലാം, കെ. അജാസ്, അൻസൽ അനസ്, പി.എ ഫർഷിൽ, കെ.പി ഷിബിൽ, കെ.പി.മുഹമ്മദ് യാസർ പങ്കെടുത്തു.



മുസ്‌ലിംലീഗ് സംസ്ഥാന കമ്മിറ്റിയുടെ വയനാട് പുനരധിവാസ ഫണ്ടിലേക്കുള്ള സമ്പാദ്യക്കുടുക്ക മുഹമ്മദ് ഫൈസാനും ഫൈഹ ഫാത്തിമയും പി.കെ ബഷീർ എം.എൽ.എക്ക് കൈമാറുന്നു

### സമ്പാദ്യക്കുടുക്ക കൈമാറി മുഹമ്മദ് ഫൈസാനും ഫൈഹ ഫാത്തിമയും

എടവണ്ണ: വയനാടിന്റെ കണ്ണീരൊപ്പാൻ മുസ്‌ലിം ലീഗ് സംസ്ഥാന കമ്മിറ്റിയുടെ വയനാട് പുനഃരധിവാസ ഫണ്ടിലേക്ക് സമ്പാദ്യം കുടുക്ക കൈമാറി പത്തപ്പിരിയം സ്വദേശി ഇംതിയാസ് കല്ലിടുമ്പന്റെ മക്കളായ മുഹമ്മദ് ഫൈസാനും, ഫൈഹ ഫാത്തിമയും. എം.എസ്.എഫ് എടവണ്ണ പഞ്ചായത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ വീടുകൾ കയറി വയനാട്ടിലേക്കുള്ള അവശ്യ സാധനങ്ങൾ ശേഖരിക്കുന്നതിനിടയിലാണ് തങ്ങളുടെ സമ്പാദ്യകുടുക്ക സംഭാവന ചെയ്യാൻ താത്പര്യം അറിയിച്ച് യു.കെ.ജിയിലും, മൂന്നാം ക്ലാസിലും പഠിക്കുന്ന കുഞ്ഞു മക്കൾ മുന്നോട്ടുവന്നത്. സമ്പാദ്യം കുടുക്ക പി.കെ ബഷീർ എം.എൽ. എ ഏറ്റുവാങ്ങി. മുസ്‌ലിം ലീഗ് പഞ്ചായത്ത് പ്രസിഡന്റ് വി.പി ലുഖ്മാൻ, ജനറൽ സെക്രട്ടറി എ.അബ്ദുഷുക്കൂർ, എം.എസ്.എഫ് ജില്ലാ സെക്രട്ടറി വി.പി ജസീം, നിഹാൽ ഇക്ബാൽ, ഷഹീൻ പറക്കാടൻ, എം.മിൻഹാജ്, പി.സി റിയാസ്, വി.പി അദിൻ, പി.സി അബ്ദുൽ അസീസ്, ബാപ്പു വടക്കൻ, റനീസ് ചാത്തല്ലൂർ, എ.നിയാസ്, വി.നബീൽ, ലാലു പത്തപ്പിരിയം പങ്കെടുത്തു.



റബീഹ് സൈക്കിൾ വാങ്ങാൻ ഒരുക്കൂട്ടിയ 170 രൂപ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എം.കെ റഫീഖയ്ക്ക് കൈമാറുന്നു



അൻസാ ഫാത്തിമ തന്റെ സമ്പാദ്യക്കുടുക്ക പൊട്ടിച്ച തുക മുസ്‌ലിം ലീഗ് വയനാട് പുനരധിവാസ ഫണ്ടിലേക്ക് ഇസ്മയിൽ മൂത്തേടത്തിന് കൈമാറുന്നു

### ഉള്ളതെല്ലാം എണ്ണിക്കൊടുത്ത് അൻസ ഫാത്തിമയുടെ കരുതൽ

കരുളായി:അൻസ ഫാത്തിമ എന്ന കൊച്ചു കുട്ടി തന്റെ സമ്പാദ്യ കുടുക്ക പൊട്ടിച്ച് വയനാട് പുനരധിവാസ ഫണ്ടിലേക്ക് കൈമാറിയതാണ് ഇന്നലെ മുതൽ സോഷ്യൽ മീഡിയകളിൽ കാണാൻ സാധിക്കുന്നത്. കിണറ്റിങ്ങൽ സ്വദേശി അൻസാർ ഷഹന ദാമ്പതികളുടെ മകൾ 6 വയസുകാരി അൻഷ ഫാത്തിമയാണ് തന്റെ കുഞ്ഞു സമ്പാദ്യം മുസ്‌ലിം ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പ്രഖ്യാപിച്ച വയനാട് പുനഃരധിവാസ ഫണ്ടിലേക്ക് കൈമാറിയത്. നിലമ്പൂർ സി.എച്ച് സെന്ററിൽ തന്റെ മാതാപിതാക്കളോടൊപ്പം നേരിട്ടെത്തിയാണ് തന്റെ കുഞ്ഞു സമ്പാദ്യമായ 1109 രൂപ മുസ്‌ലിം ലീഗ് ജില്ലാ വൈസ് പ്രസിഡന്റ് ഇസ്മയിൽ മൂത്തേടത്തെ ഏൽപ്പിക്കുന്നത്. കുടുക്ക പൊട്ടിച്ചപ്പോൾ കിട്ടിയ 1,2,5,10 നാണയങ്ങളടങ്ങിയ തുക ഭാരവാഹികൾ എണ്ണി തിട്ടപ്പെടുത്തുകയും ഇത് സംസ്ഥാന കമ്മിറ്റി പ്രത്യേകം തയ്യാറാക്കിയ ഫോ ർ വയനാട് എന്ന ആപ്പിലൂടെ നിക്ഷേപിക്കുകയും ചെയ്തു. മുസ്‌ലിം ലീഗ് മണ്ഡലം ട്രഷറർ ജസ്മൽ പുതിയറ, കെ.ടി കുഞ്ഞാൻ, പി.എം സീതിക്കോയ തങ്ങൾ, കൊമ്പൻ ഷംസു പങ്കെടുത്തു.

### റബീഹ് നൽകിയത് സൈക്കിൾ വാങ്ങാൻ ഒരുക്കൂട്ടിയ പണം

പെരിന്തൽമണ്ണ: സൈക്കിൾ വാങ്ങിക്കാൻ ഒരുക്കൂട്ടിയ പണം മുസ്‌ലിം ലീഗിന്റെ ഫോർ വയനാട് ക്യാമ്പയിനിലേക്ക് നൽകി മാതൃകയായി. മുനിസിപ്പിൽ മുസ്‌ലിം ലീഗ് ഭാരവാഹി ഹബീബ് മണ്ണേങ്ങലിന്റെ മകൻ റബീഹ് ആണ് 3170 രൂപ കാമ്പയിനിലേക്ക് നൽകിയത്. മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എം.കെ.റഫീഖക്ക് ഫണ്ട് കൈമാറി. മുനിസിപ്പൽ മുസ്‌ലിംലീഗ് ഭാരവാഹികളായ പ്രഫ. നാലകത്ത് ബഷീർ, പച്ചീരി നാസർ,ജില്ലാ വനിത ലീഗ് ട്രഷറർ ഹാജറുമ്മ ടീച്ചർ,മണ്ഡലം വനിതാ ലീഗ് പ്രസിഡന്റ് എം.കെ മൈമൂന പ്രസംഗിച്ചു.



എസ്.കെ.എം.എം.എ വെസ്റ്റ് ജില്ല ബി സ്മാർട്ട് ട്രെയിനർമാർക്കുള്ള പരിശീലന ക്ലാസ് കോട്ടക്കൽ ടി.ഐ മദ്രസയിൽ സംസ്ഥാന സെക്രട്ടറി കെ.എം കുട്ടി എടക്കുളം ഉദ്ഘാടനം ചെയ്യുന്നു

## ബി സ്മാർട്ട് ട്രെയിനർമാർക്ക് പരിശീലന ക്ലാസ് സംഘടിപ്പിച്ചു

കോട്ടക്കൽ:സമസ്ത കേരള മദ്രസ മാനേജ്മെന്റ് അസോസിയേഷൻ ബി സ്മാർട്ട് പദ്ധതിയിൽ വെസ്റ്റ് ജില്ലയിലെ ട്രെയിനർമാക്ക് പരിശീലന ക്ലാസ് സംഘടിപ്പിച്ചു. കോട്ടക്കൽ ടി.ഐ മദ്രസയിൽ എസ്.കെ.എം.എം.എ സംസ്ഥാന സെക്രട്ടറി കെ.എം കുട്ടി എടക്കുളം ഉദ്ഘാടനം ചെയ്തു. സയ്യിദ് കെ.കെ.എസ് ബാപ്പുട്ടി തങ്ങൾ അധ്യക്ഷനായി. ജാഫർ സ്വാദിഖ് ഹൈതമി, മുസ്തഫ മുഹമ്മദ് ഫൈസി, ശുഹൈബ് വാഫി ക്ലാസ് എടുത്തു. ശാഫി മാസ്റ്റ് ആലത്തിയൂർ, ഒ.സി ഹനീഫ, മുഹമ്മദ് മാസ്റ്റർ പുത്തൂർ, സയ്യിദ് ശരീഫ് കോയ തങ്ങൾ, അബ്ദുൽ അലി വൈലത്തൂർ, ബി.കെ സിദ്ദീഖ് പ്രസംഗിച്ചു.

## പബ്ലിക്കേഷൻ ഓഫീസർക്കെതിരെ നടപടി റദ്ദാക്കി സിൻഡിക്കേറ്റ്

### സർവകലാശാലക്ക് കോടികളുടെ നഷ്ടം

തേഞ്ഞിപ്പലം: പരീക്ഷക്ക് മുമ്പായിപലതവണ പുസ്തകങ്ങൾ അച്ചടിച്ച് നൽകാൻ ആവശ്യപ്പെട്ടിട്ടും ഇതിന് തയ്യാറാകാതെ വിദ്യാർഥികളുടെ ഭാവി അവതാളത്തിൽ ആക്കിയ നടപടിക്കെതിരെയായിരുന്നു പ്രതിഷേധങ്ങൾ ഉയർന്നു വന്നിരുന്നത്. പുസ്തകങ്ങൾ അച്ചടിച്ചു നൽകാത്തതിനെതിരെ സർവകലാശാല പബ്ലിക്കേഷൻ ഓഫീസർക്കെതിരെ മുൻ സിൻഡിക്കേറ്റ് നടപടി എടുത്തിരുന്നു. എന്നാൽ ഈ നടപടി നിലവിലുള്ള സിൻഡിക്കേറ്റ് രാഷ്ട്രീയ പ്രേരിതമായാണ് റദ്ദാക്കിയത്.വിദ്യാർഥികൾക്ക് സമയത്തിന് പുസ്തകങ്ങൾ ലഭിച്ചില്ലെന്ന് വ്യക്തമായിട്ടും ഇടതുപക്ഷ സംഘടനക്കൊപ്പം നിൽക്കുന്നതിനാൽ ആണ് മുൻ പബ്ലിക്കേഷൻ ഓഫീസറെ സിൻഡിക്കേറ്റ് കുറ്റവിമുക്തമാക്കിയിട്ടുള്ളത് മലയാളം യു.ജി ബോർഡ് ചെയർമാനും മുൻ സിൻഡിക്കേറ്റംഗവുമായിരുന്ന ഡോ. കെ.എം നസീറായിരുന്നു പരീക്ഷ അടുത്തിട്ടും പുസ്തകങ്ങൾ അച്ചടിക്കാത്തതിനെതിരെ പബ്ലിക്കേഷൻ ഓഫീസർക്കെതിരെ വൈസ്ചാൻസലർക്ക് പരാതി നൽകിയിരുന്നത്. 2015 മാർച്ച് 21 ന്റെ സിൻഡിക്കേറ്റ് യോഗത്തിലും 2015 ഏപ്രിൽ ആറിന്റെ സിൻഡിക്കേറ്റ് യോഗവും പുസ്തകം അച്ചടിക്കാത്ത പ്രശ്നം ചർച്ച ചെയ്യുകയും പബ്ലിക്കേഷൻ ഓഫീസർക്കെതിരെ നടപടിക്ക് തീരുമാനിക്കുകയും ചെയ്തു. അന്വേഷണ സമിതി കൺവീനറായി അഡ്വ. പി.എം നിയാസ്, അംഗങ്ങളായി ഡോ.വി.പി. അബ്ദുൽ ഹമീദ്, പി.കെ സുപ്രൻ എന്നിവരെ നിയോഗിച്ചിരുന്നു. പബ്ലിക്കേഷൻ ഓഫീസറുടെ കൃത്യവിലോപത്തിനെതിരെ റിപ്പോർട്ട് നൽകുകയും ഇദ്ദേഹത്തിനെതിരെയുള്ള സസ്പെൻഷൻ അംഗീകരിക്കുകയും ചെയ്തിരുന്നു. പബ്ലിക്കേഷൻ ഓഫീസർ കഴിഞ്ഞ രണ്ടു മാസം മുമ്പ് സർവീസിൽ നിന്ന് വിരമിക്കുന്നതിന് മുമ്പായി ഇദ്ദേഹത്തിനെതിരെ മുൻ സിൻഡിക്കേറ്റെടുത്ത അച്ചടക്കനടപടികൾ എല്ലാം ഇപ്പോഴത്തെ സിൻഡിക്കേറ്റിലെ ആറ് സി.പി.എം നോമിനേറ്റഡ് സിൻഡിക്കേറ്റംഗങ്ങൾ മാത്രമുള്ള സമയത്ത് പിൻവലിക്കുകയും ചെയ്തു. ഇതേ പബ്ലിക്കേഷൻ ഓഫീസർ കഴിഞ്ഞ നാലു വർഷങ്ങളിൽ സർവകലാശാലക്ക് പത്തു കോടിയോളം രൂപ നഷ്ടമുണ്ടാക്കിയതായും ആരോപണമുയർന്നിട്ടുണ്ട്. വിദൂരവിദ്യാഭ്യാസവിഭാഗത്തിനു കീഴിലുള്ള പഠന സാമഗ്രികൾ സർവകലാശാല പ്രസ്സിൽ അച്ചടിക്കാതെ സ്വകാര്യ പ്രസ്സുകാർക്ക് നൽകിയ വകയിലാണ് സർവകലാശാലക്ക് സാമ്പത്തിക നഷ്ടമുണ്ടായത്. ഒരു വർഷം 75 ലക്ഷം രൂപക്ക് സർവകലാശാലയുടെ സ്വന്തം പ്രസ്സിൽ പുസ്തകങ്ങൾ അച്ചടിക്കാമായിരുന്നിട്ടും പുറത്തെ പ്രസ്സുകാർക്ക് അച്ചടി നൽകിയപ്പോൾ പ്രതിവർഷ ചെലവ് മൂന്ന് കോടിയിലധികം രൂപയായിരുന്നു. അതേസമയം പബ്ലിക്കേഷൻ ഓഫീസർ വിരമിച്ചതോടെ വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിലെ പുസ്തകങ്ങൾ അച്ചടിക്കാൻ വീണ്ടും യൂണിവേഴ്സിറ്റി പ്രസ്സ് തയ്യാറായി.

## സഹിഷ്ണുതയാണ് ഇസ്‌ലാം; സമസ്തയാണ് വഴി

## എസ്.വൈ.എസ് ജില്ലാ സമ്മേളനം നവംബർ 29,30,ഡിസംബർ 1ന് തരീം സ്ക്വയറിൽ

മലപ്പുറം: സഹിഷ്ണുതയാണ്ഇസ്‌ലാം;സമസ്തയാണ് വഴി എന്ന പ്രമേയത്തിലുള്ള എസ്.വൈ.എസ് എഴുപതാം വാർഷികത്തിന്റെ ഭാഗമായി മലപ്പുറത്ത് ജില്ലാ സമ്മേളനം നടത്താൻ സുന്നി യുവജന സംഘം ഈസ്റ്റ് ജില്ലാ കമ്മിറ്റി തീരുമാനിച്ചു. നവംബർ 29, 30 ഡിസംബർ 01 തിയ്യതികളിൽ തരീം സ്ക്വയറിലാകും ജില്ലാ സമ്മേളനമെന്ന് പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ പ്രഖ്യാപിച്ചു. ഇസ്‌ലാമിക സംസ്കാരത്തിന്റെ തലസ്ഥാന നഗരമായി അറിയപ്പെടുന്ന തരീം സ്മരിക്കപ്പെടുന്ന നഗരിയിലൂടെ പാരമ്പര്യത്തെയും പൈതൃകത്തെയും നവ സമൂഹത്തെ ബോധ്യപ്പെടുത്തലാണ് ലക്ഷ്യമെന്നും തങ്ങൾ പറഞ്ഞു. പ്രഖ്യാപന സദസ് സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി കൂരിയാട് ഉദ്ഘാടനം ചെയ്തു. സമസ്ത ജില്ലാ ജനറൽ സെക്രട്ടറി ഇ. മൊയ്തീൻ ഫൈസി പുത്തനഴി, സുന്നി മഹല്ല് ഫെഡറേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി യു. മുഹമ്മദ് ശാഫി ഹാജി ചെമ്മാട്, വർക്കിങ് സെക്രട്ടറി അബ്ദുസ്സമദ് പൂക്കോട്ടൂർ, എസ്.വൈ.എസ് സംസ്ഥാന വൈസ് പ്രസിഡന്റ് കെ.എ റഹ്മാൻ ഫൈസി കാവനൂർ, ജംഇയ്യത്തുൽ മുദർരിസീൻ ജില്ലാ ജനറൽ സെക്രട്ടറി ഡോ. സി.കെ അബ്ദുറഹ്മാൻ ഫൈസി അരിപ്ര, എസ്.വൈ.എസ് വെസ്റ്റ് ജില്ലാ ട്രഷറർ കാടാമ്പുഴ മൂസ ഹാജി, എസ്.വൈ.എസ് ജില്ലാ ജനറൽ സെക്രട്ടറി സലീം എടക്കര, ട്രഷറർ അബ്ദുൽ ഖാദിർ ഫൈസി കുന്നുംപുറം, എസ്.കെ.എം.എം.എ സംസ്ഥാന സെക്രട്ടറി ഷാഹുൽ ഹമീദ് മാസ്റ്റർ മേൽമുറി, എസ്.കെ.എസ്.എസ്.എഫ് സംസ്ഥാന സെക്രട്ടറി ശമീർ ഫൈസി ഒടമല, എസ്.ഇ.എ ജില്ലാ പ്രസിഡന്റ് സാദിഖലി മാസ്റ്റർ ചീക്കോട്, സെക്രട്ടറി ശംസുദ്ദീൻ ഒഴുകൂർ പ്രസംഗിച്ചു. എസ്.വൈ.എസ് സംസ്ഥാന സെക്രട്ടറി ഹംസ റഹ്മാനി കൊണ്ടിപറമ്പ് സമ്മേളന പദ്ധതി അവതരിപ്പിച്ചു. ഇ.പി അഹമ്മദ്കുട്ടി മുസ്‌ലിയാർ, സയ്യിദ് ബി.എസ്.കെ തങ്ങൾ എടവണ്ണപ്പാറ, കെ.കെ. എസ്. ബാപ്പുട്ടി തങ്ങൾ ഒതുക്കുങ്ങൽ, സി. അബ്ദുല്ല മൗലവി വണ്ടൂർ, ഫരീദ് റഹ്മാനി കാളികാവ്, ആനമങ്ങാട് മുഹമ്മദ്കുട്ടി ഫൈസി, നാസിറുദ്ദീൻ ദാരിമി ചീക്കോട്, അബ്ദുൽ മജീദ് ദാരിമി വളരാട്, എം. സുൽഫിക്കർ അരീക്കോട്, പി.കെ ലത്തീഫ് ഫൈസി മേൽമുറി, അബ്ദുൽ അസീസ് ദാരിമി മുതിരിപ്പറമ്പ്, ഒ.കെ.എം കുട്ടി ഉമരി, പി.കെ ഉമർ ദാരിമി കക്കാടംപുറം, കെ.പി ചെറീത് ഹാജി, പി.എ ജബ്ബാർ ഹാജി എളമരം, ഉമർ ഫാറൂഖ്.പി, കെ.സി മുഹമ്മദ് (ബാപ്പു), കെ. സിദ്ദീഖ്, അബു ഹാജി കോപ്പിലാൻ, കെ.പി ബാപ്പു ഹാജി മുതുപറമ്പ്, പി.എ സലാം, കെ. ഇബ്രാഹീം ഫൈസി തിരൂർക്കാട്, ജഅ്ഫർ ഫൈസി സി. പഴമള്ളൂർ, കെ. അബൂബക്കർ ഫൈസി തിരൂർക്കാട്, കെ.ടി ഷറഫുദ്ദീൻ മാസ്റ്റർ, സിദ്ദീഖ് ഫൈസി പി.കെ, ഒ.കെ.എം മൗലവി ആനമങ്ങാട്, വൈ.പി.അബൂബക്കർ മാസ്റ്റർ, ശറഫുദ്ദീൻ എടവണ്ണ, ഉമർ ദർസി തച്ചണ്ണ, അലി ഫൈസി പാവണ്ണ, അബ്ദുൽ ഗഫൂർ ഫൈസി, എം ഇണ്ണി ഹാജി, കെ.ടി മൊയ്തീൻ ഫൈസി, എ.കെ അബ്ദുൽ അസീസ് മുസ്‌ലിയാർ, കെ.കെ മുഹമ്മദ് അമാനുല്ല ദാരിമി, എ.പി യഅ്ഖൂബ് ഫൈസി, എം.എം കുട്ടി മൗലവി, പി. ബീരാൻ കുട്ടി ഹാജി കിഴിശ്ശേരി, ഹസൻ ഫൈസി പന്നിപ്പാറ, കെ.കെ മുനീർ മാസ്റ്റർ, എ.എം അബു, ചെമ്മല നാണി ഹാജി, ആനമങ്ങാട് അബൂബക്കർ മാസ്റ്റർ പങ്കെടുത്തു.



സുന്നി യുവജന സംഘം ജില്ലാ സമ്മേളനത്തിന്റെ പ്രഖ്യാപനം മലപ്പുറത്ത് പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ നിർവഹിക്കുന്നു.

## കള്ളനോട്ട് കേസിൽ പിടിയിലായ പടിക്കൽ സ്വദേശി സഫീർ റിമാന്റിൽ



തിരൂരങ്ങാടി: കള്ളനോട്ടുമായി തിരൂരങ്ങാടി പൊലീസ് പിടിയിലായ യുവാവിനെ കോടതി റിമാന്റ് ചെയ്തു. സ്വന്തം കൈക്കുഞ്ഞുമായി കാമുകിക്കൊപ്പം നാടുവിട്ടു കുപ്രസിദ്ധനായ മൂന്നിയൂർ വെളിമുക്ക് പടിക്കൽ സ്വദേശി തെക്കേപ്പാട്ട് സഫീറി(29)നെയാണ് കള്ളനോട്ട് കേസിൽ പരപ്പനങ്ങാടി കോടതി റിമാന്റ് ചെയ്തത്. പതിനാല് ദിവസത്തേക്ക് റിമാന്റ് ചെയ്ത ഇയാളെ തിരൂർ ജയിലിലേക്ക് മാറ്റി. അതേ സമയം കള്ളനോട്ട് കേസിൽ സഫീറിന്റെ കൂട്ടാളികളെ കുറിച്ച് പൊലീസിന് വിവരം ലഭിച്ചിട്ടുണ്ട്.

ചെന്നൈയിൽ ജോലി ചെയ്യുന്നവരും കോഴിക്കോട് മുക്കം സ്വദേശി വിഷ്ണു(30), മലപ്പുറം സ്വദേശി അബി(35) എന്നിവരെ കുറിച്ചാണ് പൊലീസിന് വിവരം ലഭിച്ചിട്ടുള്ളത്. ഇവരെ കൂടി ഉൾപ്പെടുത്തിയാണ് പൊലീസ് കള്ളനോട്ട് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇവരെ കുറിച്ചുള്ള വിശദമായ അന്വേഷണം നടന്നുവരികയാണെന്ന് തിരൂരങ്ങാടി സി.ഐ കെ.ടി ശ്രീനിവാസൻ അറിയിച്ചു. കല്ല്യാണത്തിനെന്ന് പറഞ്ഞ് ഒരു വയസ്സുള്ള മകൾ ഇനായ മെഹറിൻ എന്ന കുട്ടിയേയും കൊണ്ട് 2024 ജൂൺ 25-ന് ഒരു മണിയോടെ വീട്ടിൽ നിന്നും മുങ്ങിയ സഫീറിനെ കഴിഞ്ഞ മാസം 29-ന് കൊൽക്കത്തിയിൽ നിന്നും പൊലീസ് പിടികൂടിയിരുന്നു. കൊൽക്കത്തയിൽ നിന്നും തിരൂരങ്ങാടി പൊലീസ് പിടികൂടിയത് മുതൽ സഫീറിന്റെ കൈവശമുണ്ടായിരുന്ന ബാഗിലാണ് കള്ളനോട്ട് കണ്ടെത്തിയത്. ബാഗിലെ പ്രത്യേക അറയിൽ ഒളിപ്പിച്ച നിലയിലായിരുന്നു കള്ളനോട്ടുകൾ. 500 ന്റെ 791 നോട്ടുകളാണ് കണ്ടെത്തിയിരുന്നത്. കള്ളനോട്ടുകൾ കൂടുതലുണ്ടായിരുന്നതായി പൊലീസ് സംശയിക്കുന്നുണ്ട്. കാമുകിയോടൊപ്പമുള്ള ആഡംബര ജീവിതത്തിന് പലപ്പോഴായി ഈ നോട്ടുകൾ ഉപയോഗപ്പെടുത്തിയതായാണ് പൊലീസിന് സംശയം. ചെന്നൈയിൽ സഫീറിന്റെ ബിസിനസ് പാട്ണറും മിലിട്ടറിക്കാരനുമായ വിഷ്ണു എന്ന വ്യക്തി കോഴിക്കോട് മുക്കത്തുള്ള അബി എന്ന് വിളിപ്പേരുള്ള സുഹൃത്തിന് കൈമാറുന്നതിനായി തന്നതാണ് കള്ളനോട്ടുകളെന്നാണ് സഫീർ പൊലീസിന് നൽകിയ മൊഴി. എന്നാൽ പൊലീസ് ഈ മൊഴി പൂർണമായും വിശ്വാസത്തിലെടുത്തിട്ടില്ല. വിശദമായ അന്വേഷണത്തിന് കേസ് ക്രൈംബ്രാഞ്ചിനെ ഏൽപിക്കാനിരിക്കുകയാണ് തിരൂരങ്ങാടി പൊലീസ്. അതേ സമയം കൊൽക്കത്തയിൽ നിന്നും കേരളത്തിലേക്ക് വന്ന സഫീറിന്റെ കാമുകി സഞ്ചിത ചാറ്റർജിയെയും ആറ് വയസ്സുള്ള മകനെയും തവനൂർ റെസ്ക്യൂ ഹോമിലേക്ക് മാറ്റിയതായും ഇവർ ഗർഭിണിയാണെന്നും പൊലീസ് അറിയിച്ചു.

## തുമ്പിക്കൈയും കൊമ്പും കണ്ടാൽ ധ്രുവ്ദക്ഷിനറിയാം ഏതുതരം ആനകളെയും



കോക്കൂർ: കൊമ്പും തുമ്പിക്കൈയും ചെവിയും കണ്ടാൽ ആനയുടെ പേര് പറയും വളയംകുളം എം.വി.എം. ഹയർസെക്കന്ററി സ്കൂളിലെ എൽ.കെ.ജി. വിദ്യാർഥി ധ്രുവദക്ഷ്, കഴിഞ്ഞ ദിവസം കുട്ടികളുടെ വിശേഷങ്ങൾ ചോദിക്കുന്നതിന് ഇടയിലാണ് കൊടൈക്കനാലിൽ പോയ വിവരം ഒരു കുട്ടി പങ്കുവെച്ചത് കേട്ടപ്പോൾ അവിടെ നിന്നാണ് അരിക്കൊമ്പനെ പിടിച്ചതെന്ന് ധ്രുവദക്ഷ് പറഞ്ഞതോടെയാണ് കുട്ടിയുടെ ആനക്കമ്പം അധ്യാപിക സുബിത സലിം തിരിച്ചറിഞ്ഞത്. അരി കൊമ്പനെ കുറിച്ച് കുട്ടി കൂടുതൽ പറഞ്ഞപ്പോൾ ഏത് ആനയെ കണ്ടാലും തിരിച്ചറിയുമെന്ന് പറഞ്ഞ കുട്ടി ഗൂഗിളിൽ ഗുരുവായൂർ കേശവന്റെ പടം കാണിച്ചപ്പോൾ ആ ആന ചരിഞ്ഞെന്നും ആ ആനയുടെ പ്രതിമ ഉണ്ടെന്നും അതിൽ ആനയുടെ കൊമ്പ് കണ്ടാൽ എനിക്ക് മനസ്സിലാകും എന്നും കുട്ടി പറഞ്ഞു. 25 ആനകളുടെ പടം മൊബൈലിൽ കാണിച്ചു കൊടുത്തപ്പോൾ ഓരോ ആനയുടെയും പേര് കൃത്യമായി കുട്ടി പറയുന്നു. അധ്യാപിക മുംതാസ് ആനകളെ കാണിച്ചു കുട്ടിയോട് ചോദിക്കുമ്പോൾ കുട്ടി ആനയുടെ പേര് പറയുന്നു. സുബിത സലീം വീഡിയോയിൽ പകർത്തി സ്കൂൾ അധ്യാപക ഗ്രൂപ്പിൽ പങ്കുവെക്കുകയും സമൂഹമാധ്യമ ഗ്രൂപ്പിൽ ഇട്ടതോടെ സ്കൂളിലും നാട്ടിലും വ്യാപകമായി പ്രചരിച്ചു. നടൻ ജയറാം കെട്ടിപ്പിടിച്ച് ഒരു ഉമ്മ എന്ന തലക്കെട്ട് ഫേസ്ബുക്കിൽ പങ്കുവെച്ചു. ഭക്ഷണം കഴിക്കുമ്പോൾ മറ്റു സമയങ്ങളിലും അമ്മ ഹരിത ഫോണിൽ ആനയുടെ പടം കാണിച്ചു കൊടുത്തിരുന്നു. അതുവഴിയാണ് ആനയെ കൂടുതൽ അറിഞ്ഞതെന്നും വലുതായി ആനയെ വാങ്ങണമെന്നുമാണ് ആഗ്രഹമെന്നും ധ്രുവദക്ഷ് പറയുന്നു.

## ആർ.എസ്.എസ് നേതാവ് ടി.ജി മോഹൻദാസിന് എതിരെ പരാതി

മലപ്പുറം: വയനാട് ചൂരൽമലയിലും, മുണ്ടക്കൈയിലും ഉണ്ടായ പ്രകൃതി ദുരന്തങ്ങളിൽ നാട് പകച്ചു നിൽക്കുന്ന വേളയിലും വിദ്വേഷ പ്ര;ചരണങ്ങൾക്കാണ് ഒരു കൂട്ടർ ശ്രമിക്കുന്നത്. ദുരന്തങ്ങളിൽ അകപ്പെട്ടവരെ രക്ഷിക്കാൻ എല്ലാവരും ഒരുമിച്ച് നിന്ന് പ്രയത്നിക്കുന്ന വേളയിൽ സമൂഹത്തിൽ സ്പർധയുണ്ടാക്കുന്നതും, ഭിന്നിപ്പുണ്ടാക്കണം എന്ന ലക്ഷ്യത്തോടെയും, രക്ഷാപ്രവർത്തകരെ അവഹേളിച്ചും, മോശമായി ചിത്രീകരിച്ചും സംസാരിച്ച ആർ.എസ്.എസ് നേതാവ് ടി.ജി. മോഹൻദാസിനെതിരെ കേസെടുക്കണമെന്ന് ആവശ്യപ്പെട്ട് കെ.പി.സി.സി മെമ്പർ റിയാസ് മുക്കോളി ഡി.ജി.പിക്ക് പരാതി നൽകി.

## എസ്.എം.എഫ് നോർത്ത് സോൺ ലീഡേഴ്സ് മീറ്റ് എട്ടിന് കോഴിക്കോട് അമ്പലക്കണ്ടിയിൽ

കോഴിക്കോട്: സമസ്ത കേരള സുന്നി മഹല്ല് ഫെഡറേഷൻ സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 8 ന് കോഴിക്കോട് ഓമശ്ശേരി അമ്പലക്കണ്ടി സ്നേഹതീരം കൺവൻഷൻ സെന്ററിൽ നടക്കുന്ന എസ്.എം.എഫ് പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട്, കുടക്, നീലഗിരി എന്നീ ജില്ലാ ഭാരവാഹികളിൽ നിന്നു തെരഞ്ഞെടുത്ത പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള എസ്.എം.എഫ്. നോർത്ത് സോൺ എക്സിക്യൂട്ടീവ് ലീഡേഴ്സ് മീറ്റിന്റെ വിജയകരമായ നടത്തിപ്പിന്ന് അബു മൗലവി ചെയർമാനും യൂനുസ് അമ്പലക്കണ്ടി കൺവീനറുമായി വിപുലമായ സംഘാടക സമിതി രൂപീകരിച്ചു. എസ്.എം.എഫ് കോഴിക്കോട് ജില്ലാ പ്രസിഡന്റ് ആർ.വി കുട്ടിഹസൻ ദാരിമി, സ്റ്റേറ്റ് സെക്രട്ടേറിയറ്റ് അംഗം അബൂബക്കർ ഫൈസി മലയമ്മ തുടങ്ങിയ നേതാക്കൾ പങ്കെടുത്തു. തൃശൂർ മുതൽ തെക്കോട്ടുള്ള ഏട്ടു ജില്ലകളുൾകൊള്ളുന്ന സൗത്ത് സോൺ മീറ്റ് കഴിഞ്ഞ മാസം 28 ന് ആലപ്പുഴയിൽ സംഘടിപ്പിച്ചിരുന്നു.

## യു.ഡി.എഫ് എം.എൽ.എമാർ ഒരു മാസത്തെ ശമ്പളം ദുരിതാശ്വാസ നിധിയിലേക്ക് നൽകും: പ്രതിപക്ഷ നേതാവ്

കൊച്ചി: യു.ഡി.എഫിലെ എല്ലാ എം.എൽ.എമാരും ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്യുമെന്ന് പ്രതിപക്ഷ നേതാവ് വി. ഡി സതീശൻ. വയനാട്ടിലെ ഉരുൾപൊട്ടലിന് ഇരകളായി മാറിയ പാവങ്ങളുടെ മുഴുവൻ പ്രശ്നങ്ങളും പരിഹരിക്കാനുള്ള പ്രവർത്തനങ്ങളിൽ യു.ഡി.എഫും പങ്കാളിയാകും. രാഹുൽ ഗാന്ധി 100 വീടുകൾ നിർമിച്ചു നൽകുമെന്ന് പ്രഖ്യാപിച്ചതിന് പുറമെ മുസ്‌ലീം ലീഗും വലിയൊരു പുനരധിവാസ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. യു.ഡി.എഫിലെ എല്ലാ ഘടകകക്ഷികളും പുനരധിവാസ ശ്രമങ്ങളിൽ പങ്കാളികളാകും. ദുരന്തത്തിന് ഇരകളായവർ വീടുകളിലേക്ക് മടങ്ങിപ്പോകുമ്പോൾ വരുമാനം നഷ്ടപ്പെട്ടവരും അനാഥരായ കുട്ടികളുമുണ്ടെന്നത് പ്രത്യേകം ശ്രദ്ധിക്കണം. വീട് നിർമ്മിച്ച് നൽകുന്നതിനൊപ്പം സമഗ്ര പുനരധിവാസ പാക്കേജും ആവിഷ്കരിക്കണമെന്ന് പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു.



ചൂരൽമലയിലെ ചെളിയിലും അവശിഷ്ടങ്ങളിലും മൃതദേഹം ഉണ്ടെന്ന സംശയത്തിൽ പരിശോധനക്കായി സ്നിഫർ നായയെ എടുത്തു കൊണ്ടാണ്ടുപോകുന്ന സൈനികൻ

# ചാലിയാറിലും വനമേഖലയിലും വ്യാപക തിരച്ചിൽ

**സി ജമാൽ**
നിലമ്പൂർ

ചൂരൽമല, മുണ്ടക്കൈ ഉരുൾപൊട്ടലിൽ മരിച്ചവരെ കണ്ടെത്താൻ ആറാം ദിനമായ ഇന്നലെ ചാലിയാറിലും പുഴ ഒഴുകി വരുന്ന ഉൾവനം കേന്ദ്രീകരിച്ചും ഡ്രോൺ സഹായത്തോടെ വ്യാപക തിരച്ചിൽ. മൂന്ന് മൃതദേഹങ്ങളും 10 ശരീര ഭാഗങ്ങളും കണ്ടെത്തി. ഇതോടെ മലപ്പുറം ജില്ലയിൽ നിന്ന് ആകെ ലഭിച്ച മൃതദേഹങ്ങൾ 75ഉം ശരീര ഭാഗങ്ങൾ 142ഉം ആയി. 39 പുരുഷന്മാരുടെയും 20 സ്ത്രീകളുടെയും മൂന്ന് ആൺകുട്ടികളുടെയും നാല് പെൺകുട്ടികളുടെയും മൃതദേഹങ്ങളാണ് ലഭിച്ചത്.

ഇതുവരെ 212 മൃതദേഹങ്ങളുടെയും ശരീരാവശിഷ്ടങ്ങളുടെയും പോസ്റ്റ് മോർട്ടം പൂർത്തിയായി. 203 എണ്ണം വയനാട്ടിലേക്ക് കൊണ്ട് പോകുകയും മൂന്നെണ്ണം ബന്ധുക്കൾ ഏറ്റുവാങ്ങുകയും ചെയ്തു. ചാലിയാർ പുഴയോട് ചേർന്ന വനമേഖലയിലാണ് ഇന്നലെ പ്രധാനമായും തിരച്ചിൽ നടത്തിയത്. പൊലീസ്, വനംവകുപ്പ്, ഫയർഫോഴ്സ്, എൻ.ഡി.ആർ.എഫ്, ഇ.ആർ.എഫ് തുടങ്ങിയ സേനകളോടൊപ്പം സന്നദ്ധ സംഘടനാ പ്രവർത്തകരും ചേർന്നാണ് വ്യാപകമായ തിരച്ചിലാണ് നടത്തിയത്. ഉൾവനത്തിൽ നേരത്തെ പൊതുജനങ്ങളെ തിരച്ചിലിനായി പ്രവേശിപ്പിച്ചിരുന്നില്ല. എന്നാൽ ഇന്നലെ പൊലീസ് മേധാവിയുടെ നേതൃത്വത്തിൽ പ്രത്യേകം യോഗം ചേർന്ന് സന്നദ്ധ സംഘടനാ പ്രവർത്തകർക്കൊപ്പം ഉൾവനത്തിൽ തിരച്ചിൽ നടത്താൻ തീരുമാനിക്കുകയായിരുന്നു. തുടർന്നാണ് തിരച്ചിലിന് സന്നദ്ധരായ 300ൽ അധികം വിവിധ സംഘടനാ പ്രവർത്തകരും നാട്ടുകാരും സംഘത്തോടൊപ്പം ഉൾവനത്തിൽ കയറിയത്.

ഉച്ചവരെ നല്ല കാലാവസ്ഥയായതിനാൽ തടസ്സങ്ങളൊന്നും നേരിട്ടില്ല. ചാലിയാറിലെ ജല വിതാനം കുറയുകയും ചെയ്തിരുന്നു. പോത്തുകല്ല് പഞ്ചായത്ത് പരിധിയിൽ നിന്ന് ഉരുൾപൊട്ടൽ നടന്ന ചൂരൽമല ഭാഗത്തേക്ക് കഴിയാവുന്ന ദൂരം തിരച്ചിൽ നടത്തുവാനായിരുന്നു തീരുമാനം. സൂചിപ്പാറ വെള്ളച്ചാട്ടത്തിന് താഴെ വരെ സംഘങ്ങളായി തിരിഞ്ഞ് തിരിച്ചിൽ നടത്തി. മുണ്ടേരി ഫാമിൽ നിന്നും നിശ്ചിത ടീമുകളായി രാവിലെ 7മണിക്ക് ഇരുട്ടുകുത്തികോളനി കടവ് മുതൽ മുകളിലേക്കാണ് തിരച്ചിൽ തുടങ്ങിയത്. വാണിയംപുഴ കോളനി, തരിപ്പപൊട്ടി, കുമ്പളപ്പാറ കോളനി തുടങ്ങിയ പ്രദേശങ്ങളിലൂടെയാണ് ചാലിയാറിന്റെ ഇരുകരയിലൂടെയും തിരച്ചിൽ നടത്തിയത്. ചാലിയാറിന്റെ മറ്റു ഭാഗങ്ങളിൽ സന്നദ്ധ പ്രവർത്തകരും തിരച്ചിൽ നടത്തി. ഇന്നലെ രാവിലെ വെള്ളിമുറ്റം കടവിലാണ് ആദ്യ മൃതദേഹം ലഭിച്ചത്.

തുടർന്ന് ഇരുട്ടുകുത്തി കടവിന് താഴെനിന്നും മൃതദേഹം ലഭിച്ചു. പിന്നീട് ലഭിച്ചത് ശരീരാവശിഷ്ടങ്ങളാണ്. സൂചിപ്പാറ വെള്ളച്ചാട്ടത്തിൽ നിന്നു ലഭിച്ച മൃതദേഹങ്ങൾ ഹെലികേപ്റ്റർ ഉപയോഗിച്ച് എയർലിഫ്റ്റ് ചെയ്തു മേപ്പാടി സി.എച്ച്.സിയിലെത്തിച്ചു. വൈകുന്നേരം മുണ്ടേരിയിൽ നിന്നും 8 കിലോമീറ്റർ ദൂരെ നിന്നും ലഭിച്ച മൃതദേഹങ്ങൾ ഏറെ വൈകിയാണ് നിലമ്പൂർ ജില്ലാ ആശുപത്രിയിലെത്തിച്ചത്.

## പ്രിയപ്പെട്ട ഫൂൽകുമാരി, നിനക്ക് വേണ്ടി...



കമലാദേവിയും പവിത്രാദേവിയും കൽപ്പറ്റയിലെ ക്യാമ്പിൽ

കൽപ്പറ്റ: മഹാശബ്ദത്തിൽ കുത്തിയൊലിച്ചെത്തിയ മലവെള്ളം കണ്ടപ്പോഴാണ് ബീഹാർ സമസ്തിപൂർ സ്വദേശി പവിത്ര ദേവിക്കും ഝാർഖണ്ഡിൽ നിന്നുള്ള കമലാ ദേവിക്കും വലിയൊരു അപകടമാണ് തങ്ങളുടെ മുന്നിലൂടെ ഒഴുകിവരുന്നതെന്ന് മനസ്സിലായത്. മുണ്ടക്കൈ എസ്റ്റേറ്റ് പാടിയിലെ രണ്ടാം തട്ടിൽ താമസിക്കുകയായിരുന്നു ഇരുവരും. കൊടുംചൂടിൽ ജീവിച്ചുപോന്ന ഇരുവർക്കും മഴ തന്നെ പേടിയായിരുന്നു.

പാറക്കൂട്ടങ്ങളും മരത്തടികളും ഒഴുകിവരുന്നത് കണ്ടതോടെ വെറുംകയ്യോടെ ഇരുവരും പാടിയിൽ നിന്ന് പുറത്തിറങ്ങി. അലറിക്കരഞ്ഞ് മുകളിലേക്ക് കയറുന്നതിനിടെ താഴെ പ്രിയപ്പെട്ട കൂട്ടുകാരി ബിഹാറിൽ നിന്നുള്ള ഫൂൽകുമാരിയുടെ വീട് മലവെള്ളത്തിനൊപ്പം ഒലിച്ചുപോവുന്നത് കണ്ടു. ഇരുട്ടിൽ എന്താണ് സംഭവിക്കുന്നതെന്ന് തിരിച്ചറിയും മുന്നേ അടിയിലെ പാടിയിലെ താമസക്കാരെയും വഹിച്ച് ചളിവെള്ളം താഴേക്ക് കുതിച്ചു. തോരാമഴയുടെയും തീരാഭയത്തിന്റെയും രാത്രി പിന്നിട്ട് നേരം വെളുത്തതോടെയാണ് കൂട്ടുകാരി ഫൂൽകുമാരിയെയും പാടിയിലെ മറ്റ് മൂന്ന് പേരെയും കാണാനില്ലെന്ന് മനസ്സിലായത്. വൈകിട്ടോടെ എൻ.ഡി.ആർ.എഫ് സംഘമെത്തി പവിത്ര ദേവിയെയും ബാക്കിയുള്ളവരെയും കൽപ്പറ്റ എസ്.ഡി.എൽ.പി സ്കൂളിലെ ക്യാമ്പിലേക്ക് മാറ്റുകയായിരുന്നു. ക്യാമ്പിലെത്തിയെങ്കിലും പ്രിയപ്പെട്ടവൾ കൂട്ടിനില്ലെന്ന നോവിലാണ് പവിത്രദേവി. ആറുമാസം മുമ്പ് സമസ്തിപൂരിൽ നിന്നെത്തിയത് മുതൽ കൂടെത്തന്നെയുണ്ടായിരുന്നു ഫൂൽകുമാരി. അവസാനമായൊന്ന് കാണാൻ പോലും കഴിഞ്ഞില്ലെന്ന് പറയുമ്പോൾ പവിത്ര കരഞ്ഞു. ക്യാമ്പിലെ വാതിൽക്കൽ ഓരോ തലയനക്കം കാണുമ്പോഴും പവിത്രയും കമലാ ദേവിയും പുറത്തക്ക് നോക്കും. ഒന്നു യാത്ര പറയാനെങ്കിലും തങ്ങളുടെ പ്രിയപ്പെട്ട ഫൂൽകുമാരി വാതിൽ കടന്ന് വന്നെങ്കിലോ?

## ദുരന്തഭൂമിയിലെ സേവനം തടയുന്നത് മനുഷ്യത്വമില്ലായ്മ: പി.എം.എ സലാം

കോഴിക്കോട്: ദുരന്തഭൂമിയിലെ സേവനം തടയുന്നത് മനുഷ്യത്വമില്ലായ്മയാണെന്ന് മുസ്‌ലിംലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. പി.എം.എ സലാം പറഞ്ഞു. ദുരന്തമുണ്ടായ അന്ന് തൊട്ട് ആയിരങ്ങൾക്ക് അന്നം നൽകിയ മുസ്‌ലിം യൂത്ത്‌ലീഗിന്റെ വൈറ്റ് ഗാർഡ് സേവനം ചെറുതായിരുന്നില്ല. ദേശീയ മാധ്യമങ്ങൾ ഉൾപ്പെടെ മീഡിയകളെല്ലാം ഈ സേവനത്തെ പുകഴ്ത്തി വാർത്തകൾ ചെയ്തു. എല്ലാ രാഷ്ട്രീയക്കാരും രാഷ്ട്രീയമില്ലാത്തവരും ഈ ഭക്ഷണശാല ഉപയോഗപ്പെടുത്തിയിട്ടുണ്ട്. അന്നൊന്നും തോന്നാത്ത ഹൈജീൻ പ്രശ്നം ഇന്ന് തോന്നുന്നുണ്ടെങ്കിൽ അത് രാഷ്ട്രീയമാണ്. മനുഷ്യത്വത്തിന്റെ ഈ മഹത്തായ കൂട്ടായ്മ പൊലീസ് ഇടപെട്ട് നിർത്തിവെപ്പിച്ചത് അങ്ങേയറ്റം പ്രതിഷേധാർഹമാണ് – പി.എം.എ സലാം പറഞ്ഞു.

മുസ്‌ലിംലീഗിന്റെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സർക്കാറിന്റെ സർട്ടിഫിക്കറ്റിന് വേണ്ടിയല്ല. ജനം കാണുന്നുണ്ട്. അവർ അതിന്റെ ആശ്വാസം അനുഭവിക്കുന്നുണ്ട്. സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ പ്രഖ്യാപിച്ച പുനരധിവാസ ഫണ്ടിലേക്ക് കൈയയച്ച് അവർ സഹായിക്കുന്നത് അതുകൊണ്ടാണ്. അവരുടെ സ്നേഹവും കരുതലുമാണ് ഞങ്ങളുടെ ബലം. ലാഭേച്ഛയില്ലാതെ സേവനം മാത്രം മുഖമുദ്രയാക്കി മുസ്‌ലിംലീഗും പോഷക സംഘടനകളും നടത്തുന്ന ഇത്തരം പ്രവർത്തനങ്ങൾ പലർക്കും കണ്ണിലെ കരടാകുന്നുണ്ട്. മനുഷ്യത്വമില്ലാത്തവർക്കല്ലാതെ ഇത്തരം സേവനങ്ങൾ നിർത്താനാവില്ല. രാഷ്ട്രീയ തമ്പുരാക്കന്മാരുടെ തിട്ടൂരം കേട്ട് സൽപ്രവർത്തിക്ക് കോടാലി വെക്കുന്ന ഉദ്യോഗസ്ഥർ സമാധാനം പറയേണ്ടി വരുമെന്നും അദ്ദേഹം പറഞ്ഞു.

## ശക്തമായ മഴ സാധ്യത: ആറ് ജില്ലകളിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം: ശക്തമായ മഴക്ക് സാധ്യതയുള്ളതിനാൽ ഇന്ന് സംസ്ഥാനത്തെ ആറ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് യെല്ലോ അലർട്ട് നൽകി. ആലപ്പുഴ,എറണാകുളം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് യെല്ലോ അലർട്ടുള്ളത്. വടക്കൻകേരളം തീരം മുതൽ തെക്കൻ ഗുജറാത്ത് തീരം വരെ ന്യൂനമർദപ്പാത്തി സ്ഥിതി ചെയ്യുന്നുണ്ട്. വടക്കുകിഴക്കൻ മധ്യപ്രദേശിനും തെക്കൻ ഉത്തർപ്രദേശിനും മുകളിൽ അതിതീവ്ര ന്യൂനമർദം സ്ഥിതി ചെയ്യുന്നുണ്ട്. കേരളത്തിൽ മഴ തുടരാനാണ് സാധ്യതയെങ്കിലും പ്രത്യേകിച്ച് മുന്നറിയിപ്പുകളൊന്നും നൽകിയിട്ടില്ല.




**ഇനി യാത്രയില്ല, യാത്രക്കാരും....**
*കൽപ്പറ്റയിൽ നിന്ന് മേപ്പാടി വഴി ചൂരൽമലയിലേക്ക് സർവീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി ബസ് ദുരന്തദിവസം അവസാനത്തെ ട്രിപ്പ് കഴിഞ്ഞ് ചൂരൽമലയിൽ ഹാൾട്ട് ആക്കിയതാണ്. ഇനിയൊരു യാത്രക്ക് സാധ്യമല്ലാത്തവിധം റോഡ് ഒലിച്ചുപോയി. യാത്രക്കാരായി എത്താറുണ്ടായിരുന്നവരിൽ നല്ലൊരു ഭാഗവും അവസാന യാത്രപോയി. ചൂരൽമലയിൽ നിർത്തിയിട്ട ബസിന്റെ ദൃശ്യം*

## കേസിനു പിന്നാലെ മുഖ്യനെതിരെ പോസ്റ്റുമായി അഖിൽ മാരാർ

കൊച്ചി: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിക്കെതിരായ പ്രചാരണത്തിന്റെ പേരിൽ കേസെടുത്തതിനു പിന്നാലെ പ്രതികരണവുമായി ചലച്ചിത്ര സംവിധായകൻ അഖിൽ മാരാർ. 'അങ്ങനെ വീണ്ടും കേസ്...മഹാരാജാവ് നീണാൾ വാഴട്ടെ...' എന്നാണ് അഖിൽ മാരാർ ഫെയ്സ്ബുക്കിൽ കുറിച്ചത്.

നിരവധിയാളുകളാണ് പോസ്റ്റിനു പ്രതികരണവുമായി എത്തുന്നത്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിക്കെതിരായ ഫെയ്സ്ബുക്ക് പോസ്റ്റിന്റെ പേരിലാണ് ഇൻഫോപാർക്ക് പൊലീസ് അഖിലിനെതിരെ കേസെടുത്തത്.

വയനാട് ദുരന്തത്തിൽപ്പെട്ടവരെ സഹായിക്കാൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കു പണം കൊടുക്കാൻ താൽപര്യമില്ലെന്നായിരുന്നു അഖിൽ മാരാരുടെ ഫെയ്സ്ബുക്ക് പോസ്റ്റ്. താൻ അവർക്കു വീടുകൾ വച്ചു നൽകുമെന്നും അദ്ദേഹം പറഞ്ഞിരുന്നു.

## കേന്ദ്ര സർക്കാർ സമഗ്ര പുനരധിവാസ പാക്കേജ് പ്രഖ്യാപിക്കണം: സമദാനി



ഡോ. എം.പി അബ്ദുസ്സമദ് സമദാനി എം.പി ഉരുൾപൊട്ടൽ ദുരന്തത്തിന് ഇരയായവരെ പാർപ്പിച്ച മേപ്പാടിയിലെ ദുരിതാശ്വാസ ക്യാമ്പിൽ എത്തിയപ്പോൾ

മേപ്പാടി: ഉരുൾപൊട്ടൽ ദുരന്തത്തിന് ഇരയായ വയനാടിനു വേണ്ടി കേന്ദ്ര സർക്കാർ പ്രത്യേക സാമ്പത്തിക പാക്കേജ് പ്രഖ്യാപിക്കണമെന്ന് എം.പി അബ്ദുസ്സമദ് സമദാനി എം.പി. ദുരന്തബാധിത മേഖലയും ദുരിതാശ്വാസ ക്യാമ്പുകളും സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മേപ്പാടിയിലെ ദുരിതാശ്വാസ ക്യാമ്പിലെത്തി ദുരന്ത ബാധിതർക്ക് സാന്ത്വനം പകർന്ന സമദാനി ഉദ്യോഗസ്ഥരുമായി സംസാരിച്ച് രക്ഷാ പ്രവർത്തനവും പുനരധിവാസ ശ്രമങ്ങളും അദ്ദേഹം വിലയിരുത്തി. അധികൃതരും ജനങ്ങളും സന്നദ്ധസേനകളും നാട്ടുകാരും ചേർന്ന് നടത്തുന്ന പ്രവർത്തനങ്ങൾക്ക് സഹായകരമായ രീതിയിൽ വിപുലമായ സാമ്പത്തികസഹായം പ്രത്യേക പാക്കേജായി കേന്ദ്ര സർക്കാർ പ്രഖ്യാപിക്കണമെന്ന് സമദാനി ആവശ്യപ്പെട്ടു. ദുരന്തത്തിന്റെ ആഴവും സംസ്ഥാനത്തിന്റെ സാമ്പത്തികനിലയും പരിഗണിച്ചുകൊണ്ടുള്ള വൻതോതിലുള്ള സഹായമാണ് കേരളം ഈ ഘട്ടത്തിൽ അർഹിക്കുന്നത്. അതാണ് കേന്ദ്രത്തിൽ നിന്ന് പ്രതീക്ഷിക്കുന്നതും. പ്രകൃതിദുരന്തങ്ങളിലേക്ക് നയിക്കുന്ന കാരണങ്ങളെക്കുറിച്ച് ആധികാരിക പഠനം നടത്താനും ദുരന്ത സാധ്യത സംബന്ധിച്ച് മുൻകൂട്ടി വിവരം നൽകാനുള്ള ഫലപ്രദമായ സംവിധാനം ഏർപ്പെടുത്താനും കേന്ദ്രം പദ്ധതി ആവിഷ്കരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.




ജീവിതം വീണ്ടെടുക്കാൻ തകർന്നതെല്ലാം പടുത്തുയർത്താൻ നമുക്കും പങ്കുചേരാം

നിങ്ങളുടെ സഹായം അർഹരായവരിലേയ്ക്ക് എത്താൻ തീർത്തും സുതാര്യവും ഓഡിറ്റിംഗിന് വിധേയവുമായ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകൂ.



VISIT www.donation.cmdrf.kerala.gov.in | TOGETHER WE REBUILD Every Donation Counts

**Chief Minister's Distress Relief Fund Account**

| No. | Bank | Account Number | IFSC Code |
|---|---|---|---|
| 1. | State Bank of India | 39251566695 | SBIN0070028 |
| | | 67319948232 | SBIN0070028 |
| 2. | South Indian Bank | 721053000003020 | SIBL0000721 |
| 3. | Federal Bank | 10210100422271 | FDRL0001021 |
| 4. | HDFC Bank Ltd | 50100350210557 | HDFC0002485 |
| 5. | ICICI Bank | 626201089884 | ICICI0006262 |
| 6. | CSB Bank Ltd | 00 9603981212190001 | CSBK0000096 |
| 7. | Axis Bank | 920010023834712 | UTIB0000784 |
| 8. | Dhanalakshmi Bank | 003700100156782 | DLXB0000037 |
| 9. | IDBI Bank Ltd | 889104000111454 | IBKL0000889 |
| 10. | Indian Overseas Bank | 9901000002020 | IOBA0000099 |
| 11. | Union Bank of India | 502902010900782 | UBIN0550299 |
| 12. | Canara Bank | 5842132000007 | CNRB0005842 |
| 13. | Kotak Mahindra Bank | 1815162037 | KKBK0009206 |
| 14. | Bank Of Baroda | 29860100006714 | BARBOPEROOR |
| 15. | Standard Chartered Bank | 43710072419 | SCBL0036099 |
| 16. | Kerala Gramin Bank | 40341101051311 | KLGB0040341 |
| 17. | IndusInd Bank | 159900002020 | INDB0001599 |
| 18. | Bank Of India | 853810110007599 | BKID0008538 |
| 19. | Punjab National Bank | 3301000104118534 | PUNB0330100 |
| 20. | Kerala Bank | 110110801000339 | KSBK0000101 |
| 21. | Treasury Savings Bank | 799010100191475 | |
| 22. | Special Treasury Savings Bank | 799010100193172 | |

ഈ സംഭാവനകൾ ആദായ നികുതി നിയമത്തിന്റെ (ഐ ടി ആക്ട്) സെക്ഷൻ 80G പ്രകാരമുള്ള ഇളവിന് അർഹമാണ്

https://www.facebook.com/CMOKerala #StandWithWayanad https://x.com/cmokerala